# ജനകീയ ആസൂത്രണം

## റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്ത്



# സമഗ്ര വികസന രേഖ



ഭാരതത്തിന്റെ ആത്മാവ്

ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്



റാന്നി-പഴവങ്ങാടി
പത്തനംതിട്ട

30-1

# ജനകീയ ആസൂത്രണം

## റാന്നി-പഴവങ്ങാടി

## ഗ്രാമപഞ്ചായത്ത്



# സമഗ്ര വികസന രേഖ

## വികസന സെമിനാർ

1997 ജനുവരി 6 തിങ്കളാഴ്ച

മെല്ലോ ആഡിറ്റോറിയം

ഇട്ടിയപ്പാറ



ഡി. ടി. പി. : ചിലങ്ക, പന്തളം. ഫോൺ : 0473-452781
ലേഔട്ട് & പ്രിന്റിംഗ് : എസ്ക്കാല, പന്തളം.

# റാന്നി–പഴവങ്ങാടി ഗ്രാമ പഞ്ചായത്ത്
## ഭരണസമിതി



ശോശാമ്മ ചെറിയാൻ
(പ്രസിഡന്റ്)



ജേക്കബ് ലൂക്കോസ്
(വൈസ് പ്രസിഡന്റ്)



പ്രൊഫ. തോമസ് അലക്സ്
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)



ജോൺ മാത്യൂ



എം. സി. തോമസ്



തോമസ് ഫിലിപ്പ്



ജയദാസ് ജോസഫ്



ഈശോ മത്തായി



ഡോ. അന്നമ്മ ജേക്കബ്



ഇന്ദിരാമ്മ വാസുദേവൻ നായർ



ഷേർലി മോഹൻ

# എഡിറ്റോറിയൽ ബോർഡ്



ഇരിക്കുന്നവർ:-

1. എ.വി. തോമസ്
2. ശോശാമ്മ ചെറിയാൻ (പ്രസിഡന്റ് - ചീഫ് എഡിറ്റർ)
3. ഡോ. അന്നമ്മ ജേക്കബ്

നിൽക്കുന്നവർ:-

1. ജേക്കബ് ലൂക്കോസ്
2. പ്രൊഫ. തോമസ് അലക്സ്
3. ആർ. കരുണാകരൻ നായർ

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ആമുഖം | 1 |
| 2. | പൊതുവിവരണം | 3 |
| 3. | സാമൂഹിക സാംസ്കാരിക ചരിത്രം | 5 |
| 4. | ഭൂപ്രകൃതിയും വിഭവങ്ങളും | 13 |
| 5. | വികസനമേഖലകളുടെ അവലോകനം | |
| | 5.1 കൃഷിയും ജലസേചനവും | 19 |
| | 5.2 മൃഗസംരക്ഷണം മത്സ്യബന്ധനം | 27 |
| | 5.3 വ്യവസായം | 33 |
| | 5.4 വിദ്യാഭ്യാസം | 39 |
| | 5.5 കുടിവെള്ളം, പൊതുജനാരോഗ്യം | 47 |
| | 5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 53 |
| | 5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും | 69 |
| | 5.8 സംസ്കാരം | 77 |
| | 5.9 വനിതാരംഗം | 85 |
| | 5.10 സഹകരണമേഖല | 89 |
| | 5.11 പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം | 93 |
| | 5.12 വിഭവസമാഹരണം | 99 |
| 6. | ആസൂത്രണ പ്രവർത്തനങ്ങൾ വിവിധഘട്ടങ്ങളിലൂടെ | 105 |
| 7. | പഠനപര്യടനം | 107 |
| 8. | ഉപസംഹാരം | 109 |

സംസ്ഥാന റിസോഴ്സ് പേഴ്സൺ - പ്രൊഫ. വറുഗീസ് പടിയറ

## കീ റിസോഴ്സ് പേഴ്സൺസ്

1. എ.വി. തോമസ് (കൺവീനർ)
2. എം.പി. മാത്തൻ
3. ജയദാസ് ജോസഫ്
4. കെ.എ. ചാക്കോ
5. കെ.സി. തോമസ്
6. എം.സി. ജോർജ്ജ്
7. സീതാ ലക്ഷ്മി

## മാർഗ്ഗനിർദ്ദേശം നൽകിയവർ

1. സൈമൺ ഏബ്രഹാം
2. ജോർജ്ജ് ഫിലിപ്പ്
3. കെ.ജി. ശങ്കർ
4. എം.പി. തോമസ്
5. കെ.ആർ. പുതുമന
6. ബെൻസി സഖറിയ
7. സജീവൻ
8. വി. വറുഗീസ്
9. സി.ജി. ഏബ്രഹാം
10. റോയി ഉള്ളുരിക്കൽ
11. എൻ. സുഗതൻ
12. സി.ജെ. ഈശോ
13. കെ.റ്റി. ജോസഫ്
14. കെ.എസ്. ഔസേപ്പ്
15. തോമസ് ഏബ്രഹാം മുരികോലുപ്പുഴ
16. ഒ.എസ്. കുര്യൻ
17. ഫിലിപ്പ് കുട്ടി
18. സജി ഏബ്രഹാം
19. വാസുക്കുട്ടി. പി.എൻ.
20. തോമസ് ഏബ്രഹാം അത്തിപ്പറമ്പിൽ
21. ജനാർദ്ദനൻ നായർ
22. എം.പി. രാജൻ
23. തോമസ് ഫിലിപ്പ്
24. വി.എസ്. സുരേഷ്
25. ജോയി
26. ജോസ്
27. എം.എം. ജോസഫ്
28. പൊന്നമ്മ സഖറിയ
29. പി.എ. ഏബ്രഹാം
30. ബാബു (മക്കപ്പുഴ)

സെക്രട്ടറി - വൈ. മാത്യു




# 1

# ആമുഖം

**1947** ആഗസ്റ്റ് 15 - തപശ്ചര്യയ്ക്ക് ഫലസിദ്ധി. ദിങ് മുഖങ്ങളിൽ നിന്നും മന്ത്രപ്രഘോഷണങ്ങൾ! സ്വാതന്ത്ര്യത്തിന്റെ ഭേരീനാദം! ഭാരതാംബകയുടെ മനം കുളിർത്തു കണ്ണുകൾ വിടർന്നു ഐശ്വര്യങ്ങളുടെ പ്രതീകങ്ങളെ എത്തിപ്പിടിക്കാൻ വെമ്പൽകൊണ്ടു ഭാരിച്ച ചുമതലകൾ തോളിലേറ്റി സ്വജനങ്ങളിലേക്ക് ഉറ്റുനോക്കി. സമത്വവും സാഹോദര്യവും കൈകോർത്തിണക്കി, ശ്രദ്ധയോടെ ഓരോ ചുവടും മുന്നോട്ടു വച്ചാൽ ഏറ്റെടുത്തിരിക്കുന്ന ചുമതലകളെല്ലാം ലക്ഷ്യത്തിലെത്തിക്കാൻ കഴിയും എന്നു ബോദ്ധ്യപ്പെട്ടു. സ്വപ്നങ്ങൾ എല്ലാം സാക്ഷാത്ക്കരിക്കാനാവുമെന്ന് ഉറപ്പായി. ഒറ്റക്കെട്ടായി നിന്ന് അക്ഷീണം പ്രവർത്തിച്ചാൽ ഭൂതകാലാനുഭവങ്ങൾ ഒരിക്കലും ഉണ്ടാവില്ലെന്നുറപ്പുവരുത്തി.

ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു എന്ന് തന്റെ സത്യാന്വേഷണത്തിലൂടെ കണ്ടെത്തിയ മഹാത്മജി മുന്നോട്ടുവച്ച ആശയമാണ് 'ഗ്രാമസ്വരാജ്' സ്വയം പര്യാപ്തമായ ഗ്രാമസൃഷ്ടിയിലൂടെ മാത്രമേ രാഷ്ട്ര പുനർനിർമ്മാണം സാദ്ധ്യമാകുവെന്ന് മഹാത്മജി കണ്ടെത്തി. 'ഗ്രാമസ്വരാജ്' ഒരു യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിച്ചത് യശ:ശരീരനായ ശ്രീ. രാജീവ്ഗാന്ധിയായിരുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഗ്രാമവികസനത്തിലൂടെ സ്വയം പര്യാപ്തമായ ഒരു ഭാരതം ശ്രീ. രാജീവ്ഗാന്ധി കണ്ടിരുന്നു. എന്നാൽ കേന്ദ്രീകൃത ആസൂത്രണവും ഉദ്യോഗസ്ഥർ വഴി അത് നടപ്പാക്കുന്ന രീതിയും യഥാർത്ഥ വികസന ലക്ഷ്യം കൈവരിക്കാൻ പര്യാപ്തമാകില്ല എന്ന് അദ്ദേഹം മനസ്സിലാക്കി. വികസനപദ്ധതികൾ തയ്യാറാക്കുവാനും അത് നടപ്പാക്കുന്നതിൽ പങ്കുവഹിക്കാനും സാധാരണക്കാരന് അവസരം ഉണ്ടാക്കണം. അതിനാണ് അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും നടപ്പാക്കുന്നത്. ഇതാണ് 73ഉം 74ഉം ഭരണഘടനാ ഭേദഗതിയിൽ ചെന്നെത്തിയത്. ഗ്രാമ

വികസനവും സാമൂഹ്യനീതിയുമാണ് ഈ നിയമത്തിന്റെ അന്ത:സത്ത.

9-ാം പഞ്ചവത്സര പദ്ധതിയുടെ അടങ്കലിന്റെ 35-40% തുകയ്ക്കു വരുന്ന വികസന പരിപാടികൾ താഴേതട്ടിൽ തന്നെ, ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തി എടുക്കുക എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഒൻപതാം പദ്ധതിയുടെ വിജയത്തിന്റെ ഉറപ്പ് ആസൂത്രണം മുതൽ നടത്തിപ്പ് വരെ പദ്ധതി പ്രവർത്തനത്തിന്റെ എല്ലാ ഘട്ടങ്ങളിലുമുള്ള ജനപങ്കാളിത്തമായിരിക്കും. കേരളവും കേരളത്തിലെ ഗ്രാമപഞ്ചായത്തുകളും ഇന്ന് അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് ഏറെക്കുറെ പരിഹാരം കാണാൻ ഈ പുത്തൻ ജനകീയാസൂത്രണ പദ്ധതിക്കു കഴിയും എന്നു വിശ്വസിക്കാം. അഴിമതിയുടെ കറുത്തകൈകളെ പൂർണ്ണമായും ഒഴിവാക്കുവാനും ഈ പദ്ധതിമൂലം കഴിയും

റാന്നി പഴവങ്ങാടി പഞ്ചായത്തിൽ ജനകീയാസൂത്രണ പരിപാടി നല്ലരീതിയിൽ നടപ്പാക്കാൻ ആത്മാർത്ഥമായ ശ്രമം നടന്നിട്ടുണ്ട്. ജില്ലാതല പരിശീലന പരിപാടിക്കുശേഷം പഞ്ചായത്തുതല പരിശീലനം, ഗ്രാമസഭകൾ, ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ദ്വിതീയ വിവരശേഖരണം പഠനപര്യടനം, ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരണം, വികസനറിപ്പോർട്ട് തയ്യാറാക്കൽ എന്നിവയ്ക്കെല്ലാം സജീവ ജനപങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

ജനപങ്കാളിത്തം ഉയർന്നതോതിൽ പ്രയോജനപ്പെടുത്തിയ നിരവധി പരിപാടികൾ ഇവിടെ നടന്നിട്ടുണ്ട്. മനുഷ്യാദ്ധ്വാനം മൂലം പഞ്ചായത്തുകൾ നൽകിയ വിഹിതത്തിന്റെ ഇരട്ടിയിലധികം ജനകീയ വിഹിതം സമാഹരിച്ച് പണി പൂർത്തിയാക്കാൻ കഴിഞ്ഞു.

ഇന്നു ജനങ്ങൾ പ്രബുദ്ധരാണ്, ഉത്സുകരാണ്. നാടിന്റെ വികസനത്തിനു വേണ്ടി അഹോരാത്രം പണിയെടുക്കാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന നല്ല ഒരു വിഭാഗം ജനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അതുകൊണ്ട് തന്നെ ഈ നാടിന്റെ വികസനപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ മുന്നോട്ടു പോകുമെന്ന് ഞങ്ങൾ പൂർണ്ണമായും വിശ്വസിക്കുന്നു.

ജനകീയാസൂത്രണവും നിർവ്വഹണവും ഒരു യാഥാർത്ഥ്യമായി തീരുമെന്ന ശുഭപ്രതീക്ഷയോടു കൂടി റാന്നി–പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസന റിപ്പോർട്ട് ജനങ്ങളുടെ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.






# 2

# പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | ചേത്തയ്ക്കൽ (ഭാഗികം), പഴവങ്ങാടിക്കര, അത്തിക്കയം (ഭാഗികം) |
| ബ്ലോക്ക് പഞ്ചായത്ത് | : | റാന്നി |
| താലൂക്ക് | : | റാന്നി |
| അസംബ്ലി മണ്ഡലം | : | റാന്നി |
| പാർലമെന്റ് മണ്ഡലം | : | ഇടുക്കി |
| വിസ്തീർണ്ണം | : | 53.38 ചതുരശ്ര കിലോമീറ്റർ |
| അതിരുകൾ | : | **വടക്ക്:** കോട്ടയം ജില്ലയിലെ മണിമല പഞ്ചായത്ത്<br>**കിഴക്ക്:** വെച്ചൂച്ചിറ, നാറാണംമൂഴി പഞ്ചായത്തുകൾ, കരികുളം റിസർവ് ഫോറസ്റ്റ്<br>**തെക്ക്:** പമ്പാനദി<br>**പടിഞ്ഞാറ്:** റാന്നി അങ്ങാടി പഞ്ചായത്ത്, പൊന്തൻപുഴ റിസർവ് വനം |

| | | |
|---|---|---|
| ജനസംഖ്യ | : | 24,334 |
| പുരുഷന്മാർ | : | 11,974 |
| സ്ത്രീകൾ | : | 12,360 |
| ജനസാന്ദ്രത | : | 456 |

**സാക്ഷരർ**

| | | |
|---|---|---|
| പുരുഷന്മാർ | : | 10,185 |
| സ്ത്രീകൾ | : | 10,443 |
| വാർഡുകൾ | : | 11 |
| പ്രസിഡന്റിന്റെ പേര് | : | ശോശാമ്മ ചെറിയാൻ |
| വൈസ്പ്രസിഡന്റിന്റെ പേര് | : | ജേക്കബ് ലൂക്കോസ് |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | : | പ്രൊഫ. തോമസ് അലക്സ് |






# 3

# സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

നമ്മുടെ പൊതുവേയുള്ള സാമൂഹിക സ്ഥിതിയെക്കുറിച്ച് ഒരു ഏകദേശ തിരിഞ്ഞുനോട്ടത്തിനു ശേഷം റാന്നിയുടേയും പ്രത്യേകിച്ചും പഴവങ്ങാടി പഞ്ചായത്തിന്റെയും സാമൂഹിക സാംസ്കാരിക ചരിത്രത്തിലേക്ക് നമുക്ക് കടന്നു വരാം.

വൈദിക കാലം മുതൽ തന്നെ ഭാരതത്തിൽ ഗ്രാമഭരണസമിതികൾ നിലവിൽ വന്നിരുന്നെന്നും അന്നത്തെ ഗ്രാമങ്ങൾ സ്വയം പര്യാപ്തമായി കഴിഞ്ഞിരുന്നെന്നും ചരിത്ര സൂചനകളുണ്ട്. എന്നാൽ വിദേശാധിപത്യത്തോടുകൂടി ഗ്രാമങ്ങളുടെ സ്ഥിതി മാറുകയും ഭരണ മേധാവികളുടെ അധികാര കേന്ദ്രീകരണത്തിന്റെ ഫലമായി സ്വയം ഭരണരീതികൾ നാമാവിശേഷമാകുകയും ചെയ്തു.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പും ഗ്രാമസ്വയംഭരണ രീതിയും സ്ഥാപനങ്ങളും പുനർജീവിപ്പിക്കുന്നതിന് സ്വാതന്ത്ര്യ സമര നേതാക്കൾ അന്നത്തെ ഗവൺമെന്റിൽ നിരന്തരമായ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി പലയിടങ്ങളിലും പലരീതിയിലും ചെറിയതോതിലെങ്കിലും ഗ്രാമഭരണസ്ഥാപനങ്ങൾ നിലവിൽ വന്നിട്ടുണ്ട്. 1726-ൽ മദ്രാസിൽ നിലവിലിരുന്ന നഗര ഭരണ സമ്പ്രദായം ബ്രിട്ടീഷ് ഭരണത്തോടു കൂടി നിലച്ചെങ്കിലും 1870ൽ 1/3 ഭാഗം തെരഞ്ഞെടുക്കപ്പെടുന്നവരും2/3 ഭാഗം കരംകൊടുക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരും ഉൾപ്പെട്ട നഗര സഭകൾ നിലവിൽ വന്നു.

തുടർന്ന് 1907, 1908 വർഷങ്ങളിൽ ലോക്കൽ അഡ്മിനിസ്ട്രേഷന് പ്രാധാന്യ നൽകി. 1920 ൽ ഗ്രാമസ്വരാജിനു വേണ്ടി മഹാത്മജി വാദിച്ചു. 1957 മുതൽ പഞ്ചവത്സരപദ്ധതികൾ നടപ്പായി. 1957ൽ രൂപീകരിക്കപ്പെട്ട ബെൽ ബന്തറായി കമ്മിറ്റി ഗ്രാമതലം മുതൽ ജില്ലാതലം വരെ ജനപ്രാതിനിധ്യമുള്ള





സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടാകണമെന്നും അവയ്ക്ക് ആസൂത്രണത്തേയും വികസനത്തേയും സംബന്ധിച്ചുള്ള എല്ലാ ചുമതലകളും ഉണ്ടായിരിക്കണമെന്നും ശുപാർശചെയ്യുകയും ചെയ്തു.

എട്ട് പഞ്ചവത്സരപദ്ധതികൾ നാം ഇപ്പോൾ പിന്നിട്ടു ഇൻഡ്യാ മഹാരാജ്യം എല്ലാ നിലയിലും ഏതാണ്ട് മികച്ച നിലയിലെത്തിയെങ്കിലും പ്രതീക്ഷിച്ചത്ര ഉയർച്ചയിലെത്താൻ ഇനിയും പലകാര്യങ്ങളിലും കൂടുതൽ ശ്രദ്ധിക്കണം എന്നു മനസ്സിലാക്കിയ ഇൻഡ്യൻ പ്രധാനമന്ത്രി രാജീവ്ഗാന്ധി 1989 സെപ്തംബർ എട്ടാം തീയതി എല്ലാ പഞ്ചായത്തിനും നേരിട്ട് കത്ത് എഴുതി അധികാര വികേന്ദ്രീകരണത്തിന്റെ അഭിപ്രായങ്ങൾ ആരാഞ്ഞു കൊണ്ട് ''നെഹ്റു തൊഴിൽദാന പദ്ധതി'' എന്ന വികസനപ്രവർത്തന വിഭാഗം നടപ്പാക്കി. ഇത് പെട്ടെന്നുള്ള പുരോഗതിക്ക് വഴിതെളിച്ചു. പല പ്രതികൂലങ്ങളെയും തരണം ചെയ്ത് 1995 ൽ പഞ്ചായത്ത് രാജ് നിലവിൽ വന്നിരിക്കയാണ്. 2.10.1995 മുതൽ പഞ്ചായത്ത് രാജ് അനുസരിച്ചുള്ള കമ്മിറ്റി ഭരണചുമതല ഏറ്റു. 9-ാം പഞ്ചവത്സര പദ്ധതിക്കു വേണ്ടിയുള്ള ആസൂത്രണത്തിന്റെ ഉത്തരവാദിത്വം ജനങ്ങളിൽ എത്തിയിരിക്കുന്നു. ആസൂത്രണത്തിനാവശ്യമായ വികസനറിപ്പോർട്ടിനു വേണ്ടി റാന്നി– പഴവങ്ങാടി പഞ്ചായത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലത്തെക്കുറിച്ച് ലഭിച്ച വിവരങ്ങൾ പൊതുജന സമക്ഷം അവതരിപ്പിക്കയാണ്.

അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് പന്തളത്തു രാജ്യം പിടിച്ചടക്കിയതിനെ തുടർന്ന് റാന്നി കോട്ടയിൽ കർത്താക്കന്മാർക്ക് റാന്നിയുടെ നാടുവാഴി സ്ഥാനം ഉറപ്പിച്ചുകൊടുത്തുകോണ്ട് 1915ൽ നീട്ടു നൽകുകയുണ്ടായി. അതിൽ ആനപിടിത്തത്തിനും കരം പിരിവിനും മാറാപാറോത്യത്തിനും ഉള്ള അധികാരം എടുത്തു പറഞ്ഞിട്ടുണ്ട്. ആറന്മുള ക്ഷേത്രത്തിലെ ആചാരപ്രകാരം ആറാട്ടിന് എഴുന്നള്ളത്ത് തുടങ്ങുന്നതിന് റാന്നി കോട്ടയിലെ തറവാട്ടു മൂപ്പൻ ചെല്ലണമെന്നുള്ളതാണ് കീഴ്വഴക്കം. ഇതിനു വിപരീതമായി അന്നൊരിക്കൽ എഴുന്നള്ളത്ത് ആറന്മുളയ്ക്കും കോഴഞ്ചേരിക്കും മദ്ധ്യ ഭാഗത്തെത്തി. വൈകിയെത്തിയ കർത്താവ് ഇതു കണ്ട് കോപിഷ്ഠനായി വാൾ ഊരി ആനയുടെ തുമ്പികൈ വെട്ടി. രക്തം വീണ സ്ഥലത്തിന് രുധിരപ്പുഴി എന്ന് അറിയപ്പെടുന്നു. തിരികെ വന്ന കർത്താവ് റാന്നിയിൽ ഒരു ക്ഷേത്രം നിർമ്മിച്ചു.

അതാണ് ഇന്ന് ദേവസ്വം ബോർഡിന്റെ ഭരണത്തിലിരിക്കുന്ന റാന്നി രാമപുരം ക്ഷേത്രം. കോട്ടയിൽ കർത്താക്കന്മാർ നാട് അടക്കി ഭരിച്ചിരുന്നുവെങ്കിലും പിൻ തലമുറയില്ലാതെ അന്യംനിന്നുപോയി.

17-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിനു ശേഷം മാടമ്പിശ്രേഷ്ഠന്മാരായ റാന്നിയുടെ അധിപന്മാർ നസ്രാണി കുടുംബങ്ങളെ ക്ഷണിച്ചു വരുത്തി കോട്ട മണ്ഡപത്തിന്റെ പരിസരങ്ങളിലായി താമസിപ്പിച്ചു. പിന്നീട് ഇവരിൽ പലരും പമ്പാനദിയുടെ തീരത്ത് പഴവങ്ങാടിക്കരയിൽ താമസമുറപ്പിച്ചു. അനന്തരം കുറവലങ്ങാട്, ചെങ്ങന്നൂർ, കോഴഞ്ചേരി, മാരാമൺ, അയിരൂർ, ഇലന്തൂർ മുതലായ പ്രദേശങ്ങളിൽ നിന്നും അനേകം കുടുംബക്കാർ റാന്നിയിൽ കുടിയേറി പാർത്തു.

വളക്കൂറുള്ള മണ്ണും അനുകൂലമായ പ്രകൃതി സാഹചര്യവും റാന്നി പഴവങ്ങാടിയുടെ പ്രത്യേകതയായിരുന്നു. ആളുകളുടെ പ്രധാന തൊഴിൽ കൃഷിയും, നിലംകൃഷിയും, കരകൃഷിയും ഉണ്ടായിരുന്നു. നെല്ല്, കരിമ്പ്, ചാമ, പയറ്, മുതിര, തുവര, വാഴ, ചേന, ചേമ്പ് മുതലായവയെല്ലാം ഇവിടുത്തെ കൃഷി വിഭവങ്ങളായിരുന്നു. അന്ന് കർഷകത്തൊഴിലാളിയുടെ ഒരു ദിവസത്തെക്കൂലി മൂന്ന് ഇടങ്ങഴി നെല്ല്, ആചാരിക്ക് അഞ്ച് ഇടങ്ങഴി,

വാൾക്കാർക്ക് പത്ത് ഇടങ്ങഴി. ഇതുപോലെ കൊല്ലൻ, തട്ടാൻ, ബാർബർ മുലായ വർക്കെല്ലാം കൂലി സാധനങ്ങളായി കൊടുത്തിരുന്നു. നാണയത്തിന് അടുത്ത കാലത്ത് സർക്കാർ രൂപാ, ബ്രിട്ടീഷ് രൂപാ എന്നിങ്ങനെ പറഞ്ഞിരുന്നു. ഒരു സർക്കാർ രൂപാ 28 ചക്രവും ഒരു ബ്രട്ടീഷ് രൂപാ 28.50 ചക്രവും ആയിരുന്നു. ബ്രിട്ടീഷുകാരുടെ മേൽകോയ്മയെ സൂചിപ്പിക്കുന്ന വ്യവസ്ഥയാണിത്. കാളയെക്കെട്ടി ചക്കിൽ കരിമ്പാട്ടി കൊന്നലും വിറകും ഉപയോഗിച്ച് ശർക്കരയും, ഉണ്ടയും തയ്യാറാക്കി ചങ്ങനാശ്ശേരിയിൽ കാളവണ്ടിയിൽ കൊണ്ടുപോയി വിറ്റിരുന്നു. ഇതുപോലെ കൊപ്ര, കുരുമുളക് തുടങ്ങി പ്രധാനപ്പെട്ട നാണ്യവിളകളും പ്രധാന വ്യാപാരകേന്ദ്രങ്ങളിൽ കൊണ്ടു പോയിരുന്നു. കെട്ടുവള്ളങ്ങളിലുള്ള യാത്രയും മലഞ്ചരക്കുകൾ കയറ്റി അയയ്ക്കലും അന്ന് പതിവായിരുന്നു. വള്ളം റാന്നിയിൽ നിന്നും പുറപ്പെടുന്ന സമയത്ത് കുഴൽവിളി കേൾക്കാം. രാത്രി 9 മണിക്ക് പുത്തൻകാവിലേക്ക് പുറപ്പെടുന്ന കമ്പിനിവള്ളങ്ങൾക്ക് ഇടപ്പാവൂർ, ചെറുകോൽപ്പുഴ, കോഴഞ്ചേരി, ആറാട്ടുപുഴ മുതലായ സ്ഥലങ്ങളെല്ലാം സ്റ്റോപ്പുകളായിരുന്നു. കാർഷിക ഉല്പന്നങ്ങൾ വിറ്റിരുന്നത് പഴയ അങ്ങാടിയിലായിരുന്നു. ഈ പഴയ അങ്ങാടിയാണ്, പഴവങ്ങാടിയായി പിൽക്കാലത്ത് അറിയപ്പെടുന്നത്. പഴവങ്ങാടി ആറ്റിൻ തീരത്തുള്ള മൂഴി എന്ന സ്ഥലം അന്നത്തെ വ്യാപാര കേന്ദ്രമായിരുന്നു. കൃഷിയിലും കച്ചവടത്തിലും ശ്രദ്ധിച്ചിരുന്ന നമ്മുടെ മുൻ തലമുറക്കാരിൽ ചിലരെങ്കിലും സ്വാതന്ത്ര്യസമര സേനാനികളായി സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക മേഖലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. അന്നത്തെ സ്വാതന്ത്ര്യസമര സേനാനികൾ, പരേതരായ മക്കപ്പുഴ പെരുമേത്ത് രാമകൃഷ്ണപിള്ള, ആറൊന്നിൽ കുരുവിള എന്നിവരും ഇന്ന് ജീവിച്ചിരിക്കുന്ന പി.സി. വറുഗീസ് പനയ്ക്കാമണ്ണിൽ ഷെവ. ജേക്കബ് സ്റ്റീഫൻ വളഞ്ഞം തുരുത്തിയിൽ റ്റി.റ്റി. മാത്യു താന്നിമൂട്ടിൽ (ഐ.എൻ.എ) എന്നിവരും, പ്രജാസഭാ മെമ്പറന്മാരായി സേവനമനുഷ്ഠിച്ചിട്ടുള്ള കെ. കൊച്ചുതുപ്പാൻ കണ്ണന്താനത്ത്, കെ.സി. ഏബ്രഹാം കല്ലംപറമ്പിൽ, എന്നിവരും റാന്നി നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരിൽ ശ്രീ. എം.സി. ചെറിയാൻ എം.എൽ.എയും പഴവങ്ങാടിക്കര പഞ്ചായത്തു കാരായിരുന്നു. ഇപ്പോൾ ജില്ലാ പഞ്ചായത്തിൽ റാന്നി ഡിവിഷനെ പ്രതിനിധാനം ചെയ്യുന്ന ശ്രീ. ജെയിംസ് ജോർജ്ജ് മാവേലിൽ ഈ പഞ്ചായത്തിന്റെ മുൻ പ്രസിഡന്റാണ്. ഇവരിൽ പ്രമുഖൻ യശശ്ശരീരനായ ശ്രീ. എം.സി. ചെറിയാൻ M.L.A.യാണ്. റാന്നിയുടെ നാനാവിധമായ വികസനത്തിന് നേതൃത്വം നൽകിയവരുടെ പട്ടികയിൽ വെട്ടിത്തിളങ്ങുന്ന താരമായി പ്രകാശിച്ച് അന്തരിച്ച ശ്രീ. എം.സി. ചെറിയാൻ M.L.A. ഈ പഞ്ചായത്തിന് എന്നും അഭിമാനമാണ്.

ഇതുപോലെ തന്നെ പൊതു ആവശ്യത്തിനു വേണ്ടി സ്ഥലം സൗജന്യമായി കൊടുത്ത പരേതരായ എം.സി. കോര മുണ്ടുകോട്ടയൽ (വായനശാലക്ക്), പുളിമൂട്ടിൽ ചെറിയാൻ ഏബ്രഹാം (വായനശാലക്ക്), ഉണ്ണിട്ടൻ കൊച്ചുകോര, പാരുമലയിൽ (വായനശാലക്ക്) മത്തായിച്ചൻ കൊളഞ്ഞിക്കൊമ്പിൽ (വാട്ടർടാങ്കിന്) എന്നിവരേയും ശ്രീ. ഏ.വി. തോമസ് എലിമുള്ളും മാങ്കൽ (വായനശാലക്ക്) ശ്രീ. ഈശോ മത്തായി മണക്കാലംപള്ളിൽ (ഹെൽത്ത് സെന്റർ) എന്നിവരേയും നന്ദി പൂർവ്വം സ്മരിക്കുന്നു.

1953-ൽ പഞ്ചായത്ത് ഭരണം നിലവിൽ വരുന്നതിന് മുമ്പ് വില്ലേജ്യൂണിയൻ എന്ന പേരിലാണ് ഭരണസമിതി അറിയപ്പെട്ടിരുന്നത്. അന്ന് നോമിനേഷൻ സമ്പ്രദായമാണ് നിലവിലിരുന്നത്. പഴവങ്ങാടി വില്ലേജ് യൂണിയൻ 1948ൽ (1124 മീനം 23ന്) നിലവിൽ വന്നു. ഭരണസമിതി അംഗങ്ങൾ ശ്രീ. കെ.റ്റി. തോമസ്,





താമരപ്പള്ളിൽ (പ്രസിഡന്റ്), ശ്രീ. പി.ഐ. ഫിലിപ്പ് (വൈസ് പ്രസിഡന്റ്) ശ്രീ. കൊച്ചീപ്പൻ കണ്ണന്താനത്ത്, കുഞ്ഞൂഞ്ഞ് കുറുപ്പ്, ഇളംപ്ലാശ്ശേരിൽ, നാരായണൻ വൈദ്യൻ കൊച്ചുഴത്തിൽ, എം.സി. ജോർജ്ജ് മാവേലിൽ. ഈ കാലഘട്ടത്തിൽ പഞ്ചായത്തിന് സ്വന്തമായി സ്ഥലമോ ഓഫീസോ ഉണ്ടായിരുന്നില്ല. അന്ന് ഓഫീസ് കാവുങ്കൽപടിയ്ക്കൽ വടവുപറമ്പിൽ ഉണിച്ചാരമ്മ വക കെട്ടിടത്തിലും ഇട്ടിയപ്പാറ മഞ്ചനാമഠം കെട്ടിടത്തിലും വലിയ പറമ്പിൽ വി.റ്റി. ഫിലിപ്പ് വക കെട്ടിടത്തിലും മാറിമാറി പ്രവർത്തിച്ചിരുന്നു. അനന്തരം 18-3-1954ൽ റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നും ഇട്ടിയപ്പാറയിൽ 75 സെന്റ് സ്ഥലം കൈമാറി തന്നു. ഈ സ്ഥലം പഴവങ്ങാടിക്കര ഉന്നമനം ലക്ഷ്യമാക്കി അമ്മച്ചിക്കാട് എസ്റ്റേറ്റ് ഉടമയായ ശ്രീമതി. ജാനകിയമ്മ ഗൗരിക്കുട്ടിയമ്മ ഗവണ്മെന്റിന് സൗജന്യമായി കൊടുത്തതായിരുന്നു. തുടർന്ന് ഘട്ടം ഘട്ടങ്ങളിലായി കാലാകാലങ്ങളിൽ ചുമതലയേറ്റ ഭരണസമിതി ഏകദേശം ആറര ഏക്കർ സ്ഥലം സമ്പാദിച്ചിട്ടുണ്ട്. ഇത് ശ്ലാഘനീയമായ ഒരു നേട്ടം തന്നെയാണ്.

വില്ലേജ് യൂണിയൻ കമ്മിറ്റിയുടെ കാലാവധി 1953 ജൂലൈ മാസം അഞ്ചാം തീയതി അവസാനിക്കയും 1953 ആഗസ്റ്റ് മാസം 15-ാം തീയതി പഴവങ്ങാടി പഞ്ചായത്തിന്റെ ആദ്യത്തെ കമ്മിറ്റി രൂപംകൊള്ളുകയും ചെയ്തു. ഭരണസമിതിയംഗങ്ങൾ എം.സി. ജോർജ്ജ് മാവേലിൽ (പ്രസിഡന്റ്), കെ.ഒ. മാത്യു കണ്ണന്താനത്ത് (വൈസ് പ്രസിഡന്റ്) റവ. ഫാദർ കെ.സി. ഏബ്രഹാം കളരിക്കൽ, കെ.ജി. വറുഗീസ് കുറ്റിയിൽ, പി.സി. വറുഗീസ് പനയ്ക്കാമണ്ണിൽ, പി.കെ. ഐപ്പ് പനച്ചമൂട്ടിൽ, പി.വി. മത്തായി പവ്വത്ത് എന്നിവരായിരുന്നു. 1963ൽ സ്പെഷ്യൽ ഓഫീസർ പഞ്ചായത്ത് ഭരണം നിർവഹിച്ചു. 1964 ജനുവരി ഒന്നാം തീയതി പുതിയ ഭരണസമിതി ചുമതല ഏറ്റു.

കമ്മിറ്റി അംഗങ്ങൾ ശ്രീ. വറുഗീസ് ചാക്കോ മാവേലിൽ (പ്രസിഡന്റ്), ഡോ. സി.കെ. അമ്മോൻ (വൈസ് പ്രസിഡന്റ്), ശ്രീ. റ്റി.പി. കുരുവിള, ശ്രീ. വി.ജി. മാത്യു, ശ്രീ. എം.കെ. സ്റ്റീഫൻ, ശ്രീ. വറുഗീസ് കുര്യൻ, ശ്രീ. പി.വി. മത്തായി, ശ്രീമതി. ലീലാമണിയമ്മ ആരിശ്ശേരിൽ എന്നിവരായിരുന്നു. വി.ജി. മാത്യു രാജിവച്ച സ്ഥാനത്തേക്ക് എൻ. ഐ. ജോർജ്ജ് തെരഞ്ഞെടുക്കപ്പെട്ടു. ചേത്തയ്ക്കൽ പഞ്ചായത്തിന്റെ ആസ്ഥാനം67-68ൽ മന്ദമരുതിയിൽ നിന്നും വെച്ചൂച്ചിറയ്ക്കു മാറ്റുകയുണ്ടായി. ചേത്തയ്ക്കൽ പഞ്ചായത്തിലുൾപ്പെട്ട മക്കപ്പുഴ, ഇടമൺ വാകത്താനം, ചേത്തയ്ക്കൽ പ്രദേശത്തെ ജനങ്ങൾ ഈ ആസ്ഥാനമാറ്റത്തെ പ്രതിഷേധിച്ചതിനെതുടർന്ന് ഈ പ്രദേശങ്ങൾ പഴവങ്ങാടി പഞ്ചായത്തിലേക്ക് മാറ്റുകയുണ്ടായി. ചേത്തയ്ക്കൽ പഞ്ചായത്തിലെ അന്നത്തെ അംഗങ്ങളായ സി. എം. ജോസഫ് ചെങ്കുളത്ത്, ജേക്കബ്. പി. മാത്യു പൊന്മല ബംഗ്ലാവിൽ, ശ്രീധരക്കുറുപ്പ് (വെണ്ടയ്ക്കൽ), പ്രഭാവതിയമ്മ ടീച്ചർ (മക്കപ്പുഴ) എന്നിവർ ഇതേ തുടർന്ന് പഴവങ്ങാടി പഞ്ചായത്തിലെ അംഗങ്ങളാവുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ശ്രീ. കെ. കെ. തോമസ് ചാവുംമണ്ണിൽ എക്സിക്യൂട്ടീവ് ആഫീസറായി സേവനമനുഷ്ഠിച്ചു.

1.4.1980 മുതൽ ശ്രീ. സി.എം. ഏബ്രഹാം സെപ്ഷ്യൽ ഓഫീസറായി ഭരണം നിർവഹിച്ചു. 22.9.1982-ൽ പുതിയ കമ്മിറ്റി നിലവിൽ വന്നു. കമ്മിറ്റിഅംഗങ്ങൾ ശ്രീ. സൈമൻ ഏബ്രഹാം പവ്വത്ത് (പ്രസിഡന്റ്), ശ്രീ. ജോസഫ് ഉതുപ്പാൻ (വൈസ് പ്രസിഡന്റ്), ശ്രീ. റ്റി. തോമസ്, ശ്രീ. പി.പി. മാധവൻ, ശ്രീ. ജയിംസ് ജോർജ്ജ് മാവേലിൽ, ശ്രീ. കോശി ഏബ്രഹാം, ശ്രീ. ഉമ്മൻ ചാക്കോ, ശ്രീ. കെ. ശ്രീധരൻ നായർ, ശ്രീ. പോത്തൻ ജോസഫ്, ശ്രീമതി. രുക്മണിയമ്മ എന്നിവരായിരുന്നു. ഈ കാലഘട്ടത്തിൽ 22.9.1982 മുതൽ 13.1.1983 വരെ ശ്രീ. ജയിംസ്

ജോർജ്ജ് മാവേലിൽ പ്രസിഡന്റായി സേവന മനുഷ്ഠിച്ചു. 14.1.1983ൽ പഴവങ്ങാടി പഞ്ചായത്തിന്റെ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി കൊണ്ട് നാറാണം മൂഴി പഞ്ചായത്ത് പുതിയതായി അനുവദിക്കുകയും നിലവിലുള്ള പഞ്ചായത്ത് കമ്മിറ്റി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയായി തുടരാൻ ഉത്തരവുണ്ടാവുകയും ചെയ്തു.

1988 ഫെബ്രുവരിയിൽ പുതിയ കമ്മിറ്റി നിലവിൽ വന്നു. കമ്മിറ്റി അംഗങ്ങൾ ശ്രീ. ജെയിംസ് ജോർജ്ജ് മാവേലിൽ (പ്രസിഡന്റ്), ശ്രീ. എ.വി. തോമസ് എലിമുള്ളുമാക്കൽ (വൈസ് പ്രസിഡന്റ്) ശ്രീ. പോത്തൻ ജോസഫ് ആറൊന്നിൽ, ശ്രീ. തോമസ് അലക്സ് നീറംപ്ലാക്കൽ, ശ്രീ. റ്റി.ജെ. കുര്യൻ, തടത്തിപ്പറമ്പിൽ ശ്രീ. റ്റി.വി. ജോർജ്ജ് മണപ്പുറത്ത് ശ്രീ. കെ. കൊച്ചുകുഞ്ഞ് കാഞ്ഞിരത്തിങ്കൽ, ശ്രീമതി. ഗ്രേസി ചാക്കോ ചെറുവാഴക്കുന്നേൽ ശ്രീമതി. ഡോളി മാത്യു ഓതറപുതുവേലിൽ എന്നിവരായിരുന്നു. ഈ കമ്മിറ്റിയുടെ കാലത്ത് പഞ്ചായത്ത് ഏറ്റെടുത്ത ഇട്ടിപ്പാറയിലുള്ള മൂന്നേക്കർ നിലത്തിൽ ഒന്നര ഏക്കർ നിലം നികത്തി പുതിയ ബസ്സ്റ്റാൻഡിനു രൂപം കൊടുക്കുവാനും ഇടമൺ, ചേത്തയ്ക്കൽ, മുതലായ സ്ഥലങ്ങളിൽ സ്ഥലം വാങ്ങിയതും മന്ദമരുതി കക്കുടുമൺ റോഡ് പഞ്ചായത്തിന്റേതാക്കി ഗതാഗതയോഗ്യമാക്കിയതും പ്രത്യേകം പ്രസ്താവ്യമാണ്. നമ്മുടെ പഞ്ചായത്തിന് മോതിര വയൽ വാർഡിൽ ജണ്ടായ്ക്കൽ ഒരു പൊതു ശ്മശാനവുമുണ്ട്.

രാഷ്ട്രപിതാവായ മഹാത്മജി വിഭാവനം ചെയ്തതും യശ്ശശരീരനായ പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ അഭിലാഷവുമായിരുന്ന പഞ്ചായത്ത് രാജ് സമ്പ്രദായം ത്രിതലത്തിൽ പ്രായോഗികമാക്കിക്കൊണ്ട് 1995ൽ ജനാധിപത്യരീതിയിൽ തെരഞ്ഞെടുപ്പു നടന്നു. 1/3 പ്രതിനിധ്യം വനിതകൾക്കു സംവരണം ലഭിച്ചു എന്നുള്ളതാണ് ഇതിന്റെ പ്രത്യേകതകളിലൊന്ന്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത്, ബ്ലോക്കു പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്ന് മൂന്നു തരത്തിലുള്ള പഞ്ചായത്തുകളാണുള്ളത്.

പഴവങ്ങാടി ഗ്രാമപഞ്ചായത്തിന് പതിനൊന്ന് വാർഡുകൾ നിലവിൽ വന്നു.4 വനിത, പട്ടികജാതി വിഭാഗത്തിന് - 1, ജനറൽ - 6 എന്നീരീതിയിൽ 2.10.95ൽ ഇപ്പോഴത്തെ കമ്മിറ്റി ഭരണചുമതല ഏറ്റു. കമ്മിറ്റി അംഗങ്ങൾ ശ്രീമതി. ശോശാമ്മ ചെറിയാൻ കുരിശുംമൂട്ടിൽ (പ്രസിഡന്റ്), ശ്രീ. ജേക്കബ് ലൂക്കോസ് കോയിപ്പുറത്ത് (വൈസ് പ്രസിഡന്റ്), പ്രൊഫ. തോമസ് അലക്സ് നീറംപ്ലാക്കൽ, ശ്രീ. ജോൺമാത്യു ഈട്ടിനിൽക്കുന്നതിൽ, ശ്രീ. എം.സി. തോമസ് മൂഴിക്കൽ, ശ്രീ. തോമസ് ഫിലിപ്പ് കൊല്ലന്റയ്യത്ത്, ശ്രീ. ഈശോ മത്തായി മണക്കാലംപള്ളിൽ, ശ്രീ. ജയദാസ് ജോസഫ് പാറയിൽ, പ്രൊഫ. ഡോ. അന്നമ്മ ജേക്കബ് മുള്ളുശ്ശേരിൽ, ശ്രീമതി. ഇന്ദിരാമ്മ വാസുദേവൻ നായർ രമാ മഹൽ, ശ്രീമതി. കൈരളി മോഹൻ, കൈരളി എന്നിവരാണ്. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പ്രൊഫ. തോമസ് അലക്സ്, അംഗങ്ങൾ ജോൺമാത്യു, ജയദാസ് ജോസഫ്, ഈശോ മത്തായി, ഡോ. അന്നമ്മ ജേക്കബ്.

## *ചില പ്രത്യേകതകൾ*

ഈ പഞ്ചായത്തിലെ ചങ്ങംകുളം എന്ന സ്ഥലത്ത് (മാടത്തുംപടിയ്ക്കും ചെല്ലയ്ക്കാടിനും ഇടയ്ക്കുള്ള സ്ഥലം) നടത്തിയിരുന്ന കാളയോട്ടം പൊതുജനങ്ങൾക്ക് കൗതുകകരമായ ഒരു വിനോദമായിരുന്നു. റോഡിന്റെ ഇരുവശങ്ങളിലും ആളുകൾ നിരന്നുനിന്ന് പ്രോത്സാഹന ശബ്ദം ഉയർത്തുന്നതും വില്ലുവണ്ടിയിൽ കെട്ടിയകാളകൾ ഓടി മുന്നിൽ എത്തുന്നതും കാളവണ്ടിയുഗത്തിൽ ഹരം പകർന്നിരുന്ന ഒരു വിനോദമായിരുന്നു. കാള





വണ്ടിയും കാളവളർത്തലും നിലച്ചതോടെ ഈ വിനോദവും നിലച്ചു.

ദേശിയോത്സവമായ ഓണക്കാലത്ത് നാടൻ പന്തുകളിയും, കടുവാകളിയും, കോൽകളിയും, ഊഞ്ഞാലാട്ടവും, തിരുവാതിരയും, മുടിയാട്ടവും, കൈകൊട്ടിക്കളിയും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിലുണ്ട്. ഇന്നത്തെ യുവതലമുറ ക്രിക്കറ്റ് കളിയിൽ കൂടുതൽ താല്പര്യം പ്രകടിപ്പിക്കുന്നു.

പുരാതനകാലത്ത് നിലയ്ക്കൽ എന്ന സ്ഥലത്ത് ആളുകൾ താമസിച്ചിരുന്ന സമയത്തും കരികുളം എന്ന സ്ഥലത്ത് ആൾപാർപ്പുണ്ടായിരുന്നു. അന്തിമഹാകാളൻ പാറ, തേൻ പാറ, തലമല പാറ, കൊതകുത്തി പാറ ഇവയാൽ ചുറ്റപ്പെട്ട ഈ സ്ഥലത്ത് ആളുകൾക്ക് ക്രൂരമൃഗങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള സൗകര്യമുണ്ടായിരുന്നു. ഇവിടെ ഒരു ക്ഷേത്രവും തൊട്ടുമുമ്പിലായി ഒരു കുളവും കിണറും ഒരു അരയാലും നിലകൊള്ളുന്നു. കരികുളത്തു പാറയിൽ ഒരു വലിയ പാമ്പിന്റെ രൂപം ഉണ്ട്. അതിന്റെ തല അമ്പുകൊണ്ട് എയ്ത് മുറിച്ചതായും അതിന്റെ മേൽഭാഗത്തായി ഉപ്പൂറ്റി ഉറപ്പിച്ചതായും തോന്നുന്ന ഒരു പാടും കാണുന്നുണ്ട്.

ഇതുപോലെ തന്നെ നീരാട്ടു കാവിൽ വട്ടകപ്പാറയിൽ പാമ്പിന്റെയും, മനുഷ്യന്റെ കാൽപ്പാടും കാണുന്നുണ്ട്. പാറയ്ക്കിടയിൽ ഒരു കുളവുമുണ്ട്.

കോട്ടയിൽ കർത്താക്കന്മാരുടെ കാലത്ത് ചാലിന്റെ ഇരുകരയിലും ചന്ദനമരമുണ്ടായിരുന്നു. അതിൽ ഒന്ന് വെട്ടിക്കുന്നതിന് മുണ്ട് അടയാളം കെട്ടിയിരുന്നെന്നും, മരം വെട്ടാൻ വന്നപ്പോൾ എല്ലാ മരത്തിലും മുണ്ട്കെട്ട് കാണാൻ സാധിച്ചെന്നും പിൽക്കാലത്ത് ഈ സ്ഥലത്തിന് മുണ്ടുകെട്ട് ചാൽ എന്ന് പേരു ലഭിച്ചു എന്നും പഴമക്കാർ പറയുന്നു.

ഒരു കാലത്ത് മക്കപ്പുഴ കണ്ടത്തിൽ നിന്നും ഉപ്പു വിളഞ്ഞത് ഒരു ഫർലോംങ് ദൂരെയുള്ള ഉപ്പിടും പാറയിൽ ഉണങ്ങിയിട്ടുള്ളതായി കേട്ടു കേൾവിയുണ്ട്.

### *സ്ഥലനാമവും പൂർവ്വസ്ഥിതിയും – അന്നും ഇന്നും*

പഴയ അങ്ങാടി പഴവങ്ങാടി ആയതുപോലെ ഈ പഞ്ചായത്തിലെ പല സ്ഥലനാമങ്ങളും പുരാതനസ്ഥിതിയെ വിളിച്ചറിയിക്കുന്നതാണ്. ഒരുകാലത്ത് കാട്ടാനയുടെ സ്വൈര്യവിഹാരസ്ഥലമായിരുന്നു ആനത്തടം. പുലിയുടെ വാസസ്ഥലം പുലിയിറമ്പുംകോട്ട. ആന പിടിത്തത്തിനുണ്ടായിരുന്ന മൂന്നുകുഴി മുക്കുഴിയും ഇന്ന് സ്ഥലനാമങ്ങളാണ്. മാടനലറുന്ന സ്ഥലം മാടത്തരുവിയും, ചെകുത്താൻ കര ചെത്തോങ്കരയും, നീരുവറ്റാത്തകാവ് നീരാറ്റുകാവും ഇതെല്ലാം കാട്ടാനയും വന്യമൃഗങ്ങളും വസിച്ചിരുന്ന കാട്ടു പ്രദേശത്തെ സൂചിപ്പിക്കുന്നു. എന്നാൽ ഇന്ന് മുകളിൽ പറഞ്ഞ സ്ഥിതികളൊക്കെ മാറി. പരിഷ്കാരത്തിന്റെ മണിമന്ദിരത്തിൽ ആന്തോളനമാടുന്ന റാന്നിയുടെ സിരാ കേന്ദ്രമാണ് പഴവങ്ങാടി പഞ്ചായത്തും ഇട്ടിയപ്പാറയും. അംബരചുംബികളായ മണിമന്ദിരങ്ങൾ, വേഷഭൂഷാദികളണിഞ്ഞ ജനസഞ്ചയം, പരിഷ്കാരത്തിന്റെ ശ്രീകോവിലിൽ അണിഞ്ഞിറങ്ങാനും അത്യാധുനികോപകരണങ്ങൾ വാങ്ങി മടങ്ങാനുമുള്ള ആപണങ്ങൾ എന്നു വേണ്ട പട്ടണത്തിന്റെ പ്രൗഢിയോടു കൂടി ഈ കൊച്ചുകേരളത്തിന്റെ അഭിമാന സ്തംഭമായി പഴവങ്ങാടി നിലകൊള്ളുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങൾ, ലൈബ്രറികൾ, ദേവാലയങ്ങൾ, ആശുപത്രികൾ, പോസ്റ്റോഫീസ്, മാർക്കറ്റ്, റോഡുകൾ, ഗവണ്മെന്റ് ആഫീസുകൾ, ബാങ്കുകൾ, സഹകരണസ്ഥാപനങ്ങൾ, എന്നിങ്ങനെ പലതും പഴവങ്ങാടി പഞ്ചായത്തിലുണ്ട്. ഓരോ സ്ഥാപനങ്ങളെക്കുറിച്ചും വളരെയേറെ വിവരിക്കാനുണ്ട്.

ങ്കിലും വിസ്താര ഭയത്താൽ അതിനുമുതിരുന്നില്ല.

ചുരുക്കത്തിൽ പഞ്ചായത്തിലൂടെ നമ്മുടെ ഗ്രാമജീവിതത്തിൽ വിപ്ലവകരമായ പരിവർത്തനത്തിലൂടെ പലനേട്ടങ്ങളും കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. എങ്കിലും ഗ്രാമസ്വരാജ് കൈവരിക്കുന്നതിനുവേണ്ടി നാം ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ഒരു പബ്ലിക്ഹാൾ, മേജർ സ്റ്റേഡിയം, ആധുനികസൗകര്യങ്ങളോടു കൂടിയുള്ള മാർക്കറ്റ്, ഗതാഗതക്കുരുക്കിന് പരിഹാരമായി വലിയ തോട്ടിൽ മുതലക്കുഴിഭാഗത്ത് തീരേണ്ട വൺവേപാലം മുതലായവ പഴവങ്ങാടിപഞ്ചായത്തിന് അനുപേക്ഷണികമാണ്.

പമ്പയാറിന് കുറുകെ ഉണ്ടായിരുന്ന റാന്നി വലിയപാലം തകർന്നതു നിമിത്തം വാസ്തവത്തിൽ ഒടിഞ്ഞത് പഴവങ്ങാടി പഞ്ചായത്തിന്റെ നട്ടെല്ലാണ്. താൽക്കാലികമായി നിർമ്മിച്ച 'ബെയ്‌ലിപാലം' അല്പം ആശ്വാസമായെങ്കിലും സ്ഥിരമായ ഒരു പാലം സർക്കാർ നിർമ്മിക്കേണ്ടത് അടിയന്തര ആവശ്യമാണ്. ഈ ഗ്രാമത്തിന്റെ പല ഭാഗങ്ങളിലുമുള്ള കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാകണം. ഭൂമിയും പാർപ്പിടവും ഇല്ലാത്തവർക്ക് തക്ക ആശ്വാസം കണ്ടെത്തണം. ഇതെല്ലാം നമ്മുടെ അടിയന്തര ആവശ്യങ്ങളാണ്. ഹിന്ദു മുസ്ലീം ക്രിസ്ത്യൻ എന്നീ വിവിധ ജാതി മതസ്ഥരായ ജനവിഭാഗം ഈ പഞ്ചായത്തിൽ ഏകോദര സഹോദരങ്ങളായി കഴിയുന്നു എന്നുള്ളത് സന്തോഷത്തിന് വക നൽകുന്നു. ഈ സൗഹൃദം പഴവങ്ങാടി പഞ്ചായത്തിന്റെ നാനാവിധമായ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വഴിതെളിക്കട്ടെ.








# 4

# ഭൂപ്രകൃതിയും വിഭവങ്ങളും

പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ പമ്പാ നദിയുടെ വടക്കു ഭാഗത്തായി റാന്നി വലിയതോടിന്റെ കിഴക്കു ഭാഗത്തായി കോട്ടയം ജില്ലയോടു ചേർന്ന് തെക്കുഭാഗത്തായി നാറാണംമൂഴി, വെച്ചൂച്ചിറ പഞ്ചായത്തുകളുടെ പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ പ്രദേശമാണ് റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്. സമുദ്രനിരപ്പിൽ നിന്നും 50 മീറ്റർ മുതൽ 600 മീറ്റർ വരെ ഉയരമുള്ള കുന്നുകളും ചരിവോടുകൂടിയ സ്ഥലങ്ങളും സമതലപ്രദേശങ്ങളും ഉൾപ്പെട്ട ഭൂപ്രകൃതിയാണ് ഇവിടെയുള്ളത്. പമ്പാനദിയുടെ വടക്കെകരയിൽ റാന്നിയുടെ ഹൃദയ ഭാഗമായ പഴവങ്ങാടിയിൽ (ഇട്ടിയപ്പാറ) പഞ്ചായത്ത് ആസ്ഥാനം സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്ത് 1982 വരെ കൊല്ലം ജില്ലയുടെ ഭാഗമായിരുന്നു. പത്തനംതിട്ട ജില്ല നിലവിൽ വന്നതോടുകൂടി റാന്നി കേന്ദ്രമായി രൂപം കൊണ്ട താലൂക്കിൽ ഈ പഞ്ചായത്ത് ഉൾപ്പെടുത്തുകയുണ്ടായി.

## ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് പഴവങ്ങാടിയെ മൂന്നായി തിരിക്കാം.

(i) ഉയർന്ന പ്രദേശങ്ങൾ

(ii) ചരിവു പ്രദേശങ്ങൾ

(iii) താഴ്വരകൾ

ഭൂപ്രകൃതി വിവരണവും അവയുടെ വിസ്തീർണ്ണവും





| നമ്പർ | മേഖല | വിസ്തൃതി | ശതമാന കണക്കിൽ |
|---|---|---|---|
| 1 | കുന്നുകൾ | 825 ഹെ. | 23.55 |
| 2 | കുന്നുകളുടെ പുറത്തുള്ള സമതലം | 200 ഹെ. | 5.75 |
| 3 | വലിയ ചരിവുള്ള പ്രദേശങ്ങൾ | 1000 ഹെ. | 28.55 |
| 4 | ചെറിയ ചരിവുള്ള പ്രദേശങ്ങൾ | 1200 ഹെ. | 34.60 |
| 5 | നദീതീര സമതലം | 75 ഹെ. | 2.15 |
| 6 | പാടങ്ങൾ | 30 ഹെ. | 0.860 |
| 7 | നിരപ്പു സ്ഥലങ്ങൾ | 138 ഹെ. | 4.00 |
| | ആകെ | 3468ഹെ. | |

അവശേഷിക്കുന്ന സ്ഥലം റോഡുകളും നീരൊഴുക്കുള്ള തോടുകളുമായി എല്ലാ പ്രദേശത്തുമായി വ്യാപിച്ചു കിടക്കുന്നു. സമുദ്ര നിരപ്പിൽ നിന്നും 50 മീറ്റർ വരെ ഉയരമുള്ള നദീതട പ്രദേശങ്ങളും പാടങ്ങളും ചേർന്ന മേഖലയും 50 മീറ്റർ മുതൽ 200 മീറ്റർ വരെ ഉയരമുള്ള ചരിവു തലങ്ങളും 200 മുതൽ 400 മീറ്റർ വരെ ഉയരമുള്ളതും ചരിവുള്ളതുമായ കുന്നുകളും 400 മീറ്റർ മുതൽ 600 മീറ്റർ വരെ ഉയരമുള്ള മലകളും ഈ പഞ്ചായത്തിൽ ഉണ്ട്. പതിനൊന്നു വാർഡുകൾ ഉള്ള ഈ പഞ്ചായത്തിൽ കുന്നുകളില്ലാത്ത ഒരു വാർഡും ഇല്ലാ എന്നുള്ളത് ഒരു പ്രത്യേകതയാണ്.

| വാർഡ് | കുന്നുകൾ | പ്രധാന നീരൊഴുക്കുകൾ |
|---|---|---|
| I | ഭഗവതി കുന്ന് | മീൻമുട്ടും പാറ |
| | പൂവത്തു കുന്ന് | |
| II | ചെറുവാഴകുന്ന് മല | വലിയതോട് |
| III | ആനത്തടം | |
| | പുലിഎറുമ്പും കോട്ട | മുക്കാലുമൺ – ഐത്തലതോട് |
| | കാഞ്ഞിരത്താ മല | |
| IV | ചക്കിട്ടാം പൊയ്ക | |
| | മുള്ളംകുഴി തടം | മാടത്തുംപടി – കുറ്റിപടി |
| | മാവേലി മല | വലിയതോട് |
| V | അരിങ്കെട്ടു മല | |
| | കോയിത്തോടത്തു മല | അരിങ്കെട്ടു മല – ചെല്ലക്കാട് തോട് |
| | വട്ടാർകയം മല | മക്കപ്പുഴ – വട്ടാർകയം തോട് |
| | | വട്ടാർകയം വലിയതോട് |
| | | കുളത്തുപടി – പൂഴികുന്ന് തോട് |

| | | |
|---|---|---|
| VI | പനവേലിക്കുഴി മല | |
| | ചക്രപാണിത്തടം | |
| | പെരുമേത്തു മല | ചേത്തയ്ക്കൽ – മക്കപ്പുഴതോട് |
| | പള്ളിമുരുപ്പ് | പനവേലിക്കുഴി – മന്ദമരുതി വലിയ തോട് |
| VII | കോതാനി മല | ഓരാവങ്ക |
| | പത്തേക്കർ | പൊട്ടനരുവി |
| | സോവാർ | ചെങ്കുളത്തുപടി – ഇടമൺ |
| | മുപ്പതേക്കർ | വാകത്താനം–പ്ലാക്കോട്ടു പ്ലാച്ചേരി തോട് |
| | പൊട്ടൻ മല | കുഴിക്കാട് – പ്ലാച്ചേരി തോട് |
| VIII | പച്ചടിക്കാവു മല | മാടത്തരുവി തോട് |
| | പെരുവയൽ മല | വലിയ തോട് |
| | മയിലാടും പാറ | ചെങ്ങളംപടി തോട് |
| IX | പെരുവയൽ മല | നീരാട്ടുകാവ് വലിയ തോട് |
| | വാഹത്തോട്ടം | മാടത്തരുവി വലിയതോട് |
| | നീരാട്ടുകാവ് മല | |
| | കട്ടകപ്പാറ | |
| X | മലയ്ക്കത്തടം | മുണ്ടിയാൻതറ തോട് |
| | കാഞ്ഞിരത്താ മല | |
| XI | അമ്പലപ്പാറ | കച്ചേരിത്തടം – മുക്കാലുമൺ തോട് |
| | മോടിപ്പാറ | ചാവേരിപ്പാറ – ഒഴുവൻ പാറ തോട് |
| | വേങ്ങത്തടം | വലിയകുളം – മോതിരവയൽ തോട് |
| | കട്ടകാരത്തടം | |

### *വെള്ളച്ചാട്ടങ്ങൾ വൈദ്യുതി ഉല്പാദിപ്പിക്കുന്നവ*

1. മാടത്തരുവി
2. മീൻമുട്ടു പാറ
3. വട്ടാർ കയം

### *പാറക്കെട്ടുകൾ*

1. ഒഴുവൻ പാറ
2. ജണ്ടായ്ക്കൽ
3. കരികുളം

4. മൈലാടും പാറ
5. അരിങ്കെട്ടു മല
6. വട്ടാർ കയം
7. മോടിയിൽ പാറ

## മണ്ണിനങ്ങൾ

ഈ പഞ്ചായത്തിൽ പ്രധാനമായി മൂന്നിനം മണ്ണുകൾ കാണപ്പെടുന്നു.

1. എക്കൽ മണ്ണ്
2. ചുവപ്പുകലർന്ന ലാമനേറ്റു മണ്ണ്
3. ചരൽ കലർന്ന മണ്ണ്

മഴക്കാലത്തു പമ്പാനദിയോടു ചേർന്നു കിടക്കുന്ന ഐത്തല, മാമുക്ക്, ഇട്ടിയപ്പാറ, വലിയപറമ്പു പടി, ചെത്തോങ്കര, ചെല്ലക്കാട് എന്നീ പ്രദേശങ്ങൾ വെള്ളപ്പൊക്ക കെടുതിയിൽ പെടാറുണ്ട്.

## ജനസംഖ്യാ വിവരങ്ങൾ

ജനസാന്ദ്രതയുടെ കാര്യത്തിൽ പഴവങ്ങാടി ഗ്രാമപഞ്ചായത്തു സമീപപ്രദേശങ്ങളെ അപേക്ഷിച്ചു മുൻ പന്തിയിലാണ്. റാന്നി താലൂക്കിൽ ഏറ്റവും പ്രധാനപ്പെട്ട വ്യപാരകേന്ദ്രവും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നത് ഈ പഞ്ചായത്തിലാണ്. പ്രധാനപ്പെട്ട ബസ് സ്റ്റാൻഡ് സ്ഥിതി ചെയ്യുന്നതും ഇവിടെ തന്നെയാണ്. ഗതാഗതസൗകര്യവും ഫലഭൂയിഷ്ടതയും ഇതിനു കാരണമായിട്ടുണ്ട്. ഗ്രാമവാസികൾ ഭൂരിഭാഗത്തിന്റെയും ഉപജീവന മാർഗ്ഗം കാർഷികവൃത്തിയാണ്. സർക്കാർ ജീവനക്കാർ, വ്യാപാരികൾ, വ്യവസായികൾ, വിദേശങ്ങളിൽ ജോലിയുള്ളവർ എന്നിവരും ഈ പഞ്ചായത്തിൽ ധാരാളമുണ്ട്.

കഴിഞ്ഞ സെൻസസ്സു പ്രകാരം ഈ പഞ്ചായത്തിലെ ആകെ വോട്ടർമാരുടെ എണ്ണവും ഭവനങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| വാർഡ് | വോട്ടർമാരുടെ എണ്ണം | ഭവനങ്ങളുടെ എണ്ണം |
|---|---|---|
| I | 1678 | 650 |
| II | 2122 | 1379 |
| III | 1401 | 739 |
| IV | 1223 | 400 |
| V | 958 | 374 |
| VI | 1657 | 727 |
| VII | 1510 | 594 |
| VIII | 1528 | 813 |
| IX | 992 | 324 |
| X | 1328 | 504 |
| XI | 2198 | 914 |

# ജലപ്രകൃതി

ഒരു വർഷത്തിൽ ശരാശരി 3100 മി.മീ. മഴ ഈ പഞ്ചായത്തിൽ ലഭിക്കുന്നതായി കണക്കാക്കപ്പെടുന്നു. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. കാലവർഷത്തിലും തുലാം വർഷത്തിലുമായി രണ്ടു സമയങ്ങളിൽ മഴ ലഭിക്കുന്നു. എന്നാൽ ഈ കാലഘട്ടങ്ങളിൽ മുൻകാലത്തെപ്പോലെ മഴക്കാലങ്ങൾ ക്രമത്തിലല്ല. ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിനീരിനു കിണറുകളെയാണ് ആശ്രയിക്കുന്നത്. ഐത്തല ശുദ്ധജലപദ്ധതിയിൽ നിന്നും ഒന്നാം വാർഡിൽ പെട്ടവർക്കും രണ്ടും മൂന്നും വാർഡിൽ ടൗണിനോടു ചേർന്നുള്ള ഭാഗ

ത്തുള്ളവർക്കും പൈപ്പു വഴി ജലം ലഭിക്കുന്നു. പെരുന്തേനരുവി പദ്ധതിയിൽ ആറും ഏഴും എട്ടും വാർഡുകളിലെ മെയിൻ റോഡുകളിൽ മാത്രം ഭാഗികമായി പൊതുടാപ്പുകൾ സ്ഥാപിച്ചു ജലവിതരണം നടത്തുന്നുണ്ടെങ്കിലും ബഹുഭൂരിപക്ഷം പേർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ചെല്ലക്കാട്ടു പദ്ധതിപ്രകാരം നാലാം വാർഡിലെ പൂഴിക്കുന്ന്, ചക്കിട്ടാംപൊയ്ക പ്രദേശത്തുള്ളവർക്കു ജലം ലഭിക്കുന്നു. കരികുളം സ്കീമിൽപ്പെടുത്തി പത്താം വാർഡിലും ഭാഗികമായി കുടിവെള്ളം ലഭിക്കുന്നു.

അഞ്ചാം വാർഡിലും പതിനൊന്നാം വാർഡിലും ഇതുവരെ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. ഇതിനുള്ള സർവ്വേ പൂർത്തീകരിച്ചു വർഷങ്ങളായി ജനങ്ങൾ കാത്തിരിക്കുന്നു. കുന്നിൻപ്രദേശങ്ങളിലും ചരിവുപ്രദേശങ്ങലിലും ആണ്ടിൽ അഞ്ചുമാസക്കാലം കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു. ഈ പഞ്ചായത്തിൽ17 കുഴൽകിണറുകൾ ഉണ്ടെങ്കിലും ഭൂരിഭാഗവും പ്രവർത്തനക്ഷമമങ്ങളല്ല.

ശുദ്ധജലവിതരണത്തിന് ഉപകരിക്കാവുന്ന കുളങ്ങൾ ഈ പ്രദേശങ്ങളിൽ നിലവിലുണ്ട്.

1. V-ാം വാർഡ് മുണ്ടുകോട്ടയ്ക്കൽ കുളം
2. V-ാം വാർഡ് നമ്പരയ്ക്കമണ്ണിൽ കുളം
3. V-ാം വാർഡ് പള്ളിപ്പടി കുളം
4. VI-ാം വാർഡ് ചേത്തയ്ക്കൽ
5. VIII-ാം വാർഡ് ചങ്ങംകുളം (മാവേലിൽ കുളം)

കൃഷിഭൂമിയിലെ ജല ലഭ്യത ഉല്പാദനക്ഷമതയെ ബാധിക്കുന്ന പ്രധാന പ്രശ്നമാണ്. ജലസേചന പദ്ധതികൾ ഈ പഞ്ചായത്തിൽ ഒന്നും തന്നെയില്ല. കൂടാതെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും ഇവിടെ ഇല്ല. ജല സംഭരണികളായ കുളങ്ങളും തോടുകളും ഈ പഞ്ചായത്തിൽ നിരവധി ഉണ്ട്. എന്നാൽ അവ സംരക്ഷിക്കാനും ജലസേചനത്തിനു ഉപയോഗിക്കാനും കഴിഞ്ഞ കാലങ്ങളിൽ കഴിയാതെ വന്നതുമൂലം ഇവയുടെ പ്രയോജനം ലഭിക്കാതെയാണു വന്നത്. മഴ ലഭിക്കുന്ന കാലഘട്ടങ്ങളിൽ കുത്തി ഒലിച്ചു നഷ്ടപ്പെടുന്ന ജലം കൃഷിയിടങ്ങളിൽ സംഭരിക്കുവാനുള്ള ക്രമീകരണം ഉണ്ടാകേണ്ടിയിരിക്കുന്നു. ചെറുതും വലുതുമായ നീരൊഴുക്കുകൾ കൃഷിഭൂമിയുടെ സംരക്ഷണത്തിനു ഇതു നിലനിർത്തേണ്ടത് ആവശ്യമാണ്. എന്നാൽ പല നീരൊഴുക്കു തോടുകളും കയ്യേറി നികത്തി സ്വന്തം ഭൂമിയോടു ചേർക്കാൻ ചിലർ തയ്യാറാകുന്നതു പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും കൃഷിയെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. മീൻമുട്ടുപാറ, വട്ടാർകയം, വലിയതോട്, വല്ല്യപറമ്പിൽ പടി, കാവുങ്കപടി, മാടത്തരുവി, പൊട്ടനരുവി മുതലായ സ്ഥലങ്ങളിൽ ചെക്കുഡാമുകൾ നിർമ്മിച്ച് കെട്ടി കൃഷിക്കാവശ്യമായ ജലം സംഭരിക്കാവുന്നതാണ്. പമ്പയാറ്റിൽ ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിച്ചു കൃഷിക്കാവശ്യമായ വെള്ളം പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളിൽ എത്തിച്ചു കൃഷിയെ അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. കരികുളം ഐത്തല വഴി പമ്പാനദിയിൽ ചെന്നു ചേരുന്ന തോടിന്റെ നീരൊഴുക്ക് അതി വർഷക്കാലത്ത് കൂലം കുത്തി ഒഴുകുന്നതിനാൽ ഇരുകരകളിലും സംരക്ഷണ ഭിത്തിയും വേനൽക്കാല സംരക്ഷണത്തിന് ചെക്ക് ഡാം നിർമ്മിതിയും അതി പ്രധാനമാണ്.






# 5.1

# കൃഷിയും ജലസേചനവും

ഒരു കാർഷിക മേഖലയാണ് റാന്നി പഴവങ്ങാടി പഞ്ചായത്ത് പ്രദേശം. കുന്നുകളും താഴ്‌വാരങ്ങളും നിറഞ്ഞതും അറുപതു ശതമാനത്തിനു മേൽ ചരിവോടു കൂടിയതുമായ മലയോര ഗ്രാമമാണ് ഇത്. മുഖ്യവിളകൾ റബ്ബർ, തെങ്ങ്, കമുക്, കുരുമുളക്, വാഴ, മരച്ചീനി, ഇഞ്ചി, കൊക്കോ, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ തുടങ്ങിയവകളാണ്. സമുദ്ര നിരപ്പിൽ നിന്നും 50 മുതൽ 600 മീറ്റർ വരെ ഉയരത്തിലാണ് ഈ പ്രദേശം സ്ഥിതിചെയ്യുന്നത്.

ഈ പ്രദേശത്തിനാവശ്യമുള്ളത്ര ഭക്ഷ്യവസ്തുക്കൾ ഇവിടെ തന്നെ ഉല്പാദിപ്പിക്കയും അധികമുള്ളവ വില്പന നടത്തുകയും ചെയ്തിരുന്നു. കാർഷികോല്പന്നങ്ങൾ വില്പന നടത്തുന്നതിനാണ് ഇട്ടിയപ്പാറയിൽ മാർക്കറ്റു സ്ഥാപിച്ചതു തന്നെ. അന്യ സ്ഥലങ്ങളിൽ നിന്നും ആൾക്കാർ കാർഷികോല്പന്നങ്ങൾ വാങ്ങുന്നതിന് ഇട്ടിയപ്പാറ മാർക്കറ്റിൽ ധാരാളമായി എത്തിയിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. കാർഷികോല്പന്നങ്ങളും മലഞ്ചരക്കുകളും പമ്പാനദിയിലൂടെ കമ്പനി വള്ളങ്ങളിൽ ആലപ്പുഴയിൽ എത്തിച്ച് വില്പന നടത്തിയിരുന്നതായു പഴമക്കാർ പറയുന്നു. ഇഞ്ചിയും, കുരുമുളകും, മരച്ചീനിയും മറ്റും കൃഷി ചെയ്യുന്നതിനു പറ്റിയ മണ്ണും അനുയോജ്യമായ കാലാവസ്ഥയും ഇവിടെയുണ്ടായിരുന്നു. കാട്ടാനകളും കാട്ടു പന്നികളും ആദ്യകാലത്ത് കൃഷിക്ക് വൻ നാശം വരുത്തിയിരുന്നെങ്കിലും അതിനെയെല്ലാം അതിജീവിച്ച് കൃഷി ചെയ്ത് മണ്ണിൽ കനകം വിളയിച്ച കരുത്തരുടെ നാടാണ് ഇത്. ഇപ്പോൾ ഇതിനെല്ലാം മാറ്റം വന്നിരിക്കുന്നു.

ഭൂരിഭാഗം ഭൂ ഉടമസ്ഥരും നാമമാത്ര കർഷകരാണ്. ഏറിയ പങ്ക് ആൾക്കാരും ഒരു ഹെക്ടറിൽ താഴെ ഭൂമി കൈവശമുള്ളവരാണ്. ഇതു സംബന്ധിച്ചു ചുവടെ ചേർത്തിരിക്കുന്ന പട്ടിക പരിശോധിക്കുക.

*പട്ടിക – 1*

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|
| 1 | ഒരു ഹെക്ടറിൽ താഴെ | 2933 | 843 |
| 2 | ഒരു ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ | 842 | 1095 |
| 3 | രണ്ടു ഹെക്ടറിനു മുകളിൽ | 207 | 1710 |

ആദ്യകാലങ്ങളിൽ തെങ്ങ്, നെല്ല്, വാഴ, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറി എന്നിവകൾക്കായിരുന്നു പ്രാധാന്യം. തുടർന്ന് റബ്ബർകൃഷി വ്യാപകമായി. എഴുപതുകളിൽ കൊക്കോ കൃഷി പരക്കെയുണ്ടായെങ്കിലും വിലയിടിച്ചിൽ മൂലം അത് മന്ദീഭവിക്കയാണുണ്ടായത്. ഇപ്പോഴും ചില കേന്ദ്രങ്ങളിൽ കൊക്കോകൃഷി നിലനില്ക്കുന്നുണ്ട്. പ്രകൃതിയോടും വന്യമൃഗങ്ങളോടും മല്ലടിച്ചാണ് ഇവിടെ ആദ്യകാലങ്ങളിൽ കൃഷി നടത്തിയിരുന്നത്. വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിനു കൃഷിക്കാർക്ക് പകലും രാത്രിയും കാവൽ മാടങ്ങളിൽ കഴിച്ചു കൂട്ടേണ്ടി വന്നിട്ടുണ്ട്. തകരപ്പാട്ടയിൽ കൊട്ടി ശബ്ദമുണ്ടാക്കിയും കൊമ്പുവിളിച്ചും ആനകളെയും വന്യജീവികളെയും തുരത്തിയോടിക്കുക പതിവായിരുന്നു. രാത്രികാലങ്ങളിൽ പന്തങ്ങൾ കാണിച്ചും മറ്റു പ്രതിരോധ മാർഗ്ഗങ്ങൾ സൃഷ്ടിച്ചുമാണ് വിളകൾ സംരക്ഷിച്ചു പോന്നത്. കരുത്തും സാഹസികതയും കൈമുതലായുള്ളവരായിരുന്നു നമ്മുടെ പൂർവ്വികരായ കർഷകർ. കന്യകയായ മണ്ണിൽ വിത്തെറിഞ്ഞ് അവർ നൂറുമേനി കൊയ്തു. ആ കാലം പോയ് മറഞ്ഞു. ജലദൗർലഭ്യം, ജലസേചന ജല നിർഗ്ഗമന മാർഗ്ഗങ്ങളുടെ അഭാവം, കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം, വർദ്ധിച്ച കാർഷികച്ചെലവുകൾ, കൂലിച്ചെലവുകൾ, ഉല്പന്നങ്ങൾക്കുണ്ടാകുന്ന വിലയിടിച്ചിൽ ഇവകൾ മൂലം കാർഷികരംഗത്ത് ആരും ഇന്ന് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നത് സത്യമാണ്. ഭൂപ്രകൃതിയും കാലാവസ്ഥയും റബ്ബർ കൃഷിക്ക് അനുയോജ്യമായതിനാലും നല്ല ആദായം ലഭിക്കുന്നതിനാലും കൂടുതൽ പേരും റബ്ബർ കൃഷിയിലേക്ക് തിരിയുവാൻ തുടങ്ങി. ഇപ്പോഴും ഈ പ്രദേശത്തെ മുഖ്യകൃഷിയും വരുമാന മാർഗ്ഗവും റബ്ബർ ആണ്.

പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തിക്കൊണ്ടിരിക്കുന്നത്. ജലസേചന സൗകര്യങ്ങൾ ഒട്ടും ഇല്ലാത്ത ഒരു പ്രദേശമാണിത്. ജല ദൗർലഭ്യം സാരമായി അനുഭവപ്പെടുന്നതിനാൽ പരമ്പരാഗത കാർഷിക വിളകളായ തെങ്ങ്, നെല്ല്, വാഴ, മരച്ചീനി, പച്ചക്കറികൾ എന്നിവയുടെ ഉല്പാദനം ഗണ്യമായ തോതിൽ കുറഞ്ഞിട്ടുണ്ട്. ജലവിഭവം സംഭരിക്കുന്നതിനും ഫലപ്രദമായി കൃഷിക്ക് ഉപയുക്തമാക്കുന്നതിനും വേണ്ട ജലനിർഗ്ഗമന മാർഗ്ഗങ്ങൾ ആവിഷ്കരിച്ചേ പറ്റൂ. ആവശ്യാനുസരണം നീർകുഴികൾ നിർമ്മിക്കുന്നതിനും നിലവിലുള്ള മുണ്ടിയാന്തറ – മീൻമുട്ടുപാറ തോട്, പാലാം തോട്, വലിയതോട്, മക്കപ്പുഴ വട്ടാർകയം തോട്, കോതാനി മാടത്തരുവി, ചെത്തോങ്കര തോട്, നീരാട്ടുകാവ് – മാടത്തരുവി, ചെത്തോങ്കര തോട്, നീരാട്ടുകാവ് – മാടത്തരുവി തോട്, തേൻപാറ ചെത്തോങ്കര തോട്, കരികുളം – മുണ്ടിയാന്തറ തോട്, നഞ്ചും പതാൽ –ഒഴുവൻ പാറ, റാന്നി – വട്ടാർകയം, വലിയതോട് എന്നീ തോടുകളുടെ ആഴം കൂടുകയും ആവശ്യമുള്ള ഭാഗങ്ങളിൽ ചെക്കുഡാമുകൾ നിർമ്മിക്കുകയും ചെയ്താൽ മണ്ണിന്റെ ഈർപ്പവും ജലവിതാനവും എക്കാലവും നിലനിർത്തുവാനും സാധിക്കും. മക്കപ്പുഴയിൽ അടുത്തകാലത്തു നടപ്പിലാക്കിയ ജനകീയ ജലസേചനപദ്ധതി വിപുലീകരിച്ചാൽ ഈ പ്രദേശത്തെ ജല

ദൗർലഭ്യം പരിഹരിക്കുന്നതിനു സാധിക്കും ജലസ്രോതസ്സുകളാൽ സമ്പന്നമായ ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്. വേണ്ടത്ര ശ്രദ്ധയും പരിചരണവുമില്ലാത്തതിനാൽ ഇവിടെ ലഭിക്കുന്ന വെള്ളം മുഴുവൻ ഒഴികി നഷ്ടപ്പെടുന്ന ദു:സ്ഥിതിയാണിപ്പോഴുള്ളത്.

പരമ്പരാഗത കൃഷിനിലങ്ങൾ റബ്ബർ തെങ്ങ്, കൊക്കോ തുടങ്ങിയ നാണ്യവിളകൾക്കായി വിനിയോഗിക്കുന്ന ശക്തമായ ഒരു പ്രവണത എഴുപതുകൾ മുതൽ ഇവിടെ കണ്ടു വരുന്നുണ്ട്. കൂടാതെ അൽബീസ്യ, പെരുമരം, അക്വേഷ്യ, മാഞ്ചിയം തുടങ്ങിയ പാഴ്മരങ്ങൾ പല കൃഷിഭൂമികളിലും നട്ടു വളർത്തുന്നതും ഈയിടെയായി കണ്ടു വരുന്നു. നിലം നികത്തി കാർഷിക ഭൂമിയാക്കുന്നതും പാർപ്പിട സൗകര്യങ്ങൾ ഒരുക്കുന്നതും ഇപ്പോൾ സർവ്വസാധാരണമായിക്കഴിഞ്ഞു. ഇതു മൂലം പ്രകൃതിദത്തമായ നീരൊഴുക്കുകളുടേയും മണ്ണിലെ ജല ലഭ്യതയുടെയും ഘടനയിൽ തന്നെ മാറ്റി മറിക്കലുകൾ സംഭവിക്കുന്നു. ചിലയിടങ്ങൾ വെള്ളക്കെട്ടുകളും ചില യിടങ്ങൾ ഊഷര ഭൂമിയായും മാറുന്നു.

## മണ്ണിന്റെ ഘടന

കാർഷിക വിളകൾക്ക് അനുയോജ്യമായ ഘടനയാണ് ഈ പഞ്ചായത്തിലെ മണ്ണിനുള്ളത്. ഭൂരിഭാഗവും ചുവപ്പു കലർന്ന "ലാറ്ററേറ്റ്" മണ്ണാണ്. പമ്പാ നദിയോടു ചേർന്ന ഭാഗങ്ങൾ ചുവന്ന മണൽ കലർന്ന എക്കൽ മണ്ണാണ്. കൃഷിഭവൻ രേഖകളിൽ മണ്ണിന്റെ ഗുണനിലവാരം താഴെപ്പറയും പ്രകാരമാണ്.

*പട്ടിക – 2*

*മണ്ണിന്റെ ഗുണനിലവാരം*

| പരിശോധനകൾ | പി.എച്ച് മണ്ണിന്റെ അമ്ല/ക്ഷാര സ്വഭാവം | ലയിച്ചു ചേർന്ന ലവണങ്ങളുടെ അളവ് | ലഭ്യമായ രീതിയിലുള്ള പ്രധാന പോഷക മൂലകങ്ങൾ | | |
|---|---|---|---|---|---|
| | | | നൈട്രജൻ മാനദണ്ഡം | ഫോസ് ഫോറസ് | പൊട്ടാസ്യം |
| അളവ് | 5.7 മുതൽ 6വരെ | 0.1 | 0.56 | 0.51 | 42 |
| തോത് | അമ്ലം | ക്രമം | മദ്ധ്യമം | കൂടുതൽ | കുറവ് |

ചരിവു കൂടിയ പ്രദേശമായതിനാൽ എപ്പോഴും ഫലഭൂയിഷ്ടമായ മേൽമണ്ണ് ഗണ്യമായ തോതിൽ നീക്കം ചെയ്യപ്പെടുന്നുണ്ട്. അമിതമായ രാസവളപ്രയോഗം കാരണം മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിച്ചു വരുന്നതായി കാണുന്നുണ്ട്. മണ്ണൊലിപ്പു തടയുന്നതിനു വേണ്ടി ഇടക്കയ്യാലകളും ജലം സംരക്ഷിക്കുന്നതിനു വേണ്ടി നീർകുഴികളും നിർമ്മിക്കേണ്ടതാണ്. ജൈവവള പ്രയോഗത്തിന് ഊന്നൽ കൊടുക്കേണ്ടത് അത്യാവശ്യമാണ്. മണ്ണിന്റെ ഘടനയിൽ മാറ്റം വരാതെ സൂക്ഷിക്കുന്നതിനു മുകളിൽപ്പറഞ്ഞ രണ്ടു കാര്യങ്ങളും പ്രത്യേക പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതാണ്.

## വളത്തിന്റെ പ്രയോഗം

സഹകരണ മേഖലയിലുള്ള നാലും സ്വകാര്യമേഖലയിലുള്ള ആറും ഉൾപ്പടെ പത്തു വളം വിപണന കേന്ദ്രങ്ങൾ ഈ പഞ്ചായത്തു പ്രദേശത്തുണ്ട്. 80 ശതമാനം രാസവ





ളങ്ങളാണ് കൃഷിക്ക് ഉപയോഗിച്ചു വരുന്നത്. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ വളം പ്രയോഗമല്ല അവലംബിക്കുന്നത്. ആവർത്തിച്ചുള്ള വളം പ്രയോഗത്താൽ മണ്ണിന്റെ ജൈവഘടന തന്നെ തകരാറിലാവുന്നു. മണ്ണിന്റെ മരണമാണ് ഇതിന്റെ സ്വാഭാവിക പരിണാമം. ആയതിനാൽ മണ്ണു പരിശോധന ഫലപ്രദമാകേണ്ടിയിരിക്കുന്നു.

വളത്തിന്റെ ഉപയോഗം സംബന്ധിച്ചുള്ള ഏകദേശ കണക്കുകൾ ചുവടെ ചേർക്കുന്നു.

*പട്ടിക – 3*

*വളത്തിന്റെ ഉപയോഗം*

| വർഷം | നൈട്രജൻ (N2) | ഫോസ്ഫറേറ്റ് (P) | പൊട്ടാസ്യം (K) |
|---|---|---|---|
| 1987 | 7 ടൺ | 8.5 ടൺ | 6 ടൺ |
| 1988 | 9 ടൺ | 10 ടൺ | 8 ടൺ |
| 1989 | 12 ടൺ | 10.5 ടൺ | 9 ടൺ |
| 1990 | 13 ടൺ | 11 ടൺ | 10.5 ടൺ |
| 1991 | 16 ടൺ | 13 ടൺ | 12 ടൺ |
| 1992 | 18 ടൺ | 15.2 ടൺ | 13.4 ടൺ |
| 1993 | 19.5 ടൺ | 17 ടൺ | 14.2 ടൺ |
| 1994 | 22 ടൺ | 17.5 ടൺ | 15 ടൺ |
| 1995 | 24 ടൺ | 19 ടൺ | 18.3 ടൺ |

കീട കുമിൾ നാശിനികൾ അശാസ്ത്രീയമായി ഉപയോഗിക്കുന്ന പ്രവണത ഈ പഞ്ചായത്തിൽ വ്യാപകമായി കണ്ടു വരുന്നു. റബ്ബർ, തെങ്ങ്, കുരുമുളക്, ഇഞ്ചി എന്നിവകൾക്കാണ് പ്രധാനമായും കീട–കുമിൾ നാശിനികൾ ഉപയോഗിക്കുന്നത്. കീടനാശിനികൾ വിപണനം ചെയ്യുന്ന രണ്ടു സ്വകാര്യ ഡിപ്പോകൾ ഈ പഞ്ചായത്തിലുണ്ട്. ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിച്ചും വിദഗദ്ധോപദേശങ്ങൾ മാനിച്ചും കീടനാശിനികൾ പ്രയോഗിക്കുന്ന ഒരു ശീലം കൃഷിക്കാരിൽ കണ്ടു വരുന്നില്ല. ഇപ്പോഴത്തെ അശാസ്ത്രീയ കീടനാശിനി പ്രയോഗം ഉദ്ദേശിക്കുന്ന ഫലം നൽകുന്നുമില്ല.

## *കേരവികസന സമിതി*

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടി യോജിപ്പിച്ചു കൊണ്ടുള്ള ഒരു കേര വികസന സമിതി ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. ഈ സമിതി മുഖേന തെങ്ങിനു ജലസേചനത്തിനായി പുതിയ കിണർ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും ധന സഹായം നല്കുന്നുണ്ട്. കൂടാതെ വളം, മരുന്നു തളിക്കുന്നതിനുള്ള സ്പ്രെയർ, തെങ്ങുകയറ്റ യന്ത്രം എന്നിവകൾ സബ്സിഡി നിരക്കിൽ നല്കിവരുന്നു. ഒരു കാർഷികോപദേശകസമിതിയുടെ സ്വഭാവം ഈ സമിതിയ്ക്കുണ്ടെങ്കിലും ഈ സമിതിയുടെ പ്രവർത്തന മേഖല വിപുലീകരിക്കേണ്ടിയിരിക്കുന്നു. റബ്ബർകൃഷി വ്യാപകമായതോടെ തെങ്ങു കൃഷി ഈ പഞ്ചായത്തു പ്രദേശത്തു നിന്നും മറയുകയാണ്. എന്നാൽ തെങ്ങുകൃഷിയുടെ സാദ്ധ്യത വിപുലപ്പെടുത്തുന്നതിൽ കർഷകരെ ബോധവാന്മാരാക്കുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിൽ ഈ സമിതി കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

## *കൂലി നിരക്ക്*

ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതോടുകൂടി തൊഴിൽ മേഖലകളിൽ വന്ന മാറ്റം ഈ പഞ്ചായത്തു പ്രദേശത്തും അനുഭവപ്പെട്ടു തുടങ്ങി. കാർഷിക വൃത്തിയും അതിനോടു ബന്ധപ്പെട്ട പ്രവൃത്തികളും ആകർഷ

മായ ഒന്നാകാത്തതിനാൽ കർഷകത്തൊഴിലാളികളുടെ എണ്ണം ചുരുങ്ങി. ആവശ്യത്തിനു തൊഴിലാളികളെ ലഭിക്കുവാൻ ബുദ്ധിമുട്ടുള്ള ഒരു രംഗമായി കാർഷിക മേഖല മാറിക്കഴിഞ്ഞു. പ്രധാന കൃഷിത്തൊഴിലിനോടു ബന്ധപ്പെട്ട കൂലി നിരക്കുകൾ ചുവടെ ചേർക്കുന്നു.

*പട്ടിക – 4*

*കൂലി നിരക്കുകൾ*

| തൊഴിൽ | കൂലി നിരക്ക് (രൂപാ) | |
|---|---|---|
| | പുരുഷൻ | സ്ത്രീ |
| കിളയ്ക്കൽ<br>നിലം ഒരുക്കൽ | 80.00 | 50.00 |
| കള പറിയ്ക്കൽ | 80.00 | 50.00 |
| ഞാറു നടീൽ | 80.00 | 50.00 |
| റബ്ബർ വെട്ട്<br>(മരം ഒന്നിന്) | 25 പൈസ | |
| തേങ്ങയിടീൽ<br>(വൃക്ഷം ഒന്നിന്) | 2.00 | |
| കൊയ്ത്തും മെതിയും | വിളവിന്റെ 1/7 ഭാഗം | |

## കാർഷിക വായ്പ

രണ്ടു സഹകരണ സ്ഥാപനങ്ങളും വാണിജ്യ ബാങ്കുകളുടെ 9 ശാഖകളും ഈ പഞ്ചായത്തു പ്രദേശത്ത് പ്രവർത്തിക്കുന്നു. മുഖ്യമായും വിദേശ മലയാളികളുടെ നിക്ഷേപത്തിൽ കണ്ണുവെച്ചുള്ള പ്രവർത്തനങ്ങളാണ് ബാങ്കുകൾക്കുള്ളത്. എങ്കിലും കാർഷികാവശ്യങ്ങൾക്കു വേണ്ടി വായ്പകൾ നല്കി വരാറുണ്ട്. കർഷകർക്കു പ്രയോജനപ്പെടുന്ന രീതിയിൽ വായ്പയുടെ നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും ഉദാരമായ സമീപനം കൊക്കൊള്ളുന്നതിനും ഈ ധനകാര്യസ്ഥാപനങ്ങൾ തയ്യാറാകേണ്ടിയിരിക്കുന്നു.

## കൃഷിഭവന്റെ പ്രവർത്തനങ്ങൾ

1987 സെപ്തംബർ 1 മുതൽ കൃഷിഭവൻ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. ഒരു കൃഷി ആഫീസ്സറും 3 കൃഷി അസിസ്റ്റന്റു മാരും ഇവിടെയുണ്ട്. കൃഷി ഭവന്റെ പ്രവർത്തനം പൂർണ്ണതോതിൽ കർഷകർക്കു പങ്കാളിത്തമുള്ള കേന്ദ്രമായി മാറ്റേണ്ടിയിരിക്കുന്നു. കർഷകർക്കു സാങ്കേതിക ജ്ഞാനം പകർന്നു കൊടുക്കുക, ഉത്പാദനോപാധികളായ നടീൽ വസ്തുക്കൾ, വളം, കീടനാശിനി, ആധുനിക കാർഷികോപകരണങ്ങൾ മുതലായവയുടെ ലഭ്യത ഗുണനിലവാരം എന്നിവ ഉറപ്പു വരുത്തുക കാർഷിക വരുമാനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ കൃഷി ഭവൻ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

സാധാരണ പ്രവർത്തനങ്ങൾക്കുപരിയായി ഈ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന "പഞ്ചക പദ്ധതി" കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനു കൃഷി ഭവൻ ഊന്നൽ കൊടുക്കേണ്ടിയിരിക്കുന്നു. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ഡയറി എന്നീ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് 'പഞ്ചക സ്കീം'. ഓരോ കർഷക കുടുംബത്തേയും ഓരോ യൂണിറ്റായി എടുത്തുകൊണ്ട് അവയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ഒരു പദ്ധതിയാണിത്. കുറഞ്ഞ സ്ഥലത്തു നിന്നും കൂടുതൽ ഉല്പാദനം കൈവരിക്കുകയും പച്ചക്കറി, മുട്ട, മാംസം, പാൽ എന്നിവയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ടിരിക്കുന്ന ഈ സ്കീമിന്റെ നടത്തിപ്പിലേക്കായി അഞ്ചുലക്ഷം രൂപാ കൃഷി വകുപ്പിൽ

നിന്നും ലഭിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ഒന്ന്, പത്ത് വാർഡുകളിൽ 'ദേശീയ നീർമറി വികസന പദ്ധതി'യിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഒരു പ്രത്യേക സ്കീമാണ് ''ഐത്തല വാട്ടർ ഷെഡ്'' പദ്ധതി. കൃഷി ഭവനിലൂടെയുള്ള ഈ പദ്ധതി ഈ പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പിലാക്കേണ്ട ഒന്നാണ്. ജലം സംഭരിക്കുന്നതിനും മണ്ണൊലിപ്പു തടയുന്നതിനും വേണ്ട പദ്ധതികളാണ് വാട്ടർഷെഡ് പ്രോഗ്രാമിലൂടെ നടപ്പിലാക്കുന്നത്. ഈ പദ്ധതി കഴിവതും വേഗം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കണം.

### *പ്രശ്നങ്ങൾ*

1. കാർഷിക രംഗത്ത് ഒരു മാന്ദ്യതയാണ് ഇന്നനുഭവപ്പെടുന്നത്. പുതുതായി ആരും കാർഷികരംഗത്തേക്ക് വരുന്നില്ല. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക വൃത്തിയുടെ ഗുണമേന്മകളെക്കുറിച്ചു ബോധവാന്മാരാക്കാനും ആരും ശ്രദ്ധിക്കുന്നില്ല.

2. കാർഷികരംഗത്ത് വലിയ പ്രതിസന്ധികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കൂലിയിലുള്ള വർദ്ധനവ്, വളം, കീടനാശിനി തുടങ്ങിയവകളുടെ താങ്ങാനാവാത്ത വില വർദ്ധനവ് മുതലായ പ്രശ്നങ്ങൾ കർഷകന്റെ ആത്മവിശ്വാസം തകർക്കുന്നു.

3. കാർഷികോല്പന്നങ്ങൾക്ക് അർഹതപ്പെട്ട വില യഥാർത്ഥ കർഷകനു ലഭിക്കുന്നില്ല.

4. കർഷകത്തൊഴിലാളികളുടെ രൂക്ഷമായ ക്ഷാമം കാർഷിക രംഗത്തെ തളർത്തുന്നു.

5. റബ്ബർകൃഷിയുടെ അമിത പ്രാധാന്യവും ക്രമാതീതമായ വ്യാപനവും പാരമ്പര്യ വിളകളെ പ്രതികൂലമായി ബാധിക്കുന്നു.

6. മണ്ണൊലിപ്പു മൂലം ഭൂമിയുടെ ഫലഭൂയിഷ്ടത നഷ്ടപ്പെടുന്നു.

7. ലഭ്യമായ ജല വിഭവങ്ങൾ തടഞ്ഞു നിർത്താൻ കഴിയാത്തതു മൂലം ജലവിതാനം താഴുന്നു. വെള്ളം പാഴായിപ്പോകയും ചെയ്യുന്നു.

8. ജലസേചന പദ്ധതികൾ ഇല്ലാത്തതു മൂലം വേനൽക്കാലത്ത് കടുത്ത ജല ദൗർലഭ്യം അനുഭവപ്പെടുന്നു.

9. പാടങ്ങൾ നികത്തുന്നതു മൂലം സ്വാഭാവിക ജല വിതാനത്തിന്റെ ഘടനയിൽ മാറ്റം വരുന്നു.

10. കാട്ടുപന്നി എലി തുടങ്ങിയവകളുടെ ശല്യം മൂലം കൃഷിനാശം സംഭവിക്കുന്നു.

11. കൃഷിഭൂമികൾ വിസ്തൃതങ്ങളല്ല. തുണ്ടു തുണ്ടായ ഭൂമികൾ യന്ത്രോപകരണങ്ങൾ ഉപയോഹിക്കുന്നതിനു തടസ്സമാകുന്നു.

12. കാലാകാലങ്ങളിൽ മണ്ണു പരിശോധന നടക്കുന്നില്ല.

13. വിദഗ്ദ്ധോപദേശങ്ങളും ശാസ്ത്രീയ മാർഗ്ഗങ്ങളും കർഷകർക്കു ലഭിക്കുന്നില്ല.

14. കാറ്റു വീഴ്ച, വേരു ചീയൽ, പ്രാണിശല്യങ്ങൾ, മച്ചിങ്ങാ പൊഴിയൽ തുടങ്ങിയവകൾ തെങ്ങിനെ ബാധിക്കുന്നു.

15. വായ്പാ സൗകര്യങ്ങൾ കർഷകർക്ക് പ്രയോജനപ്പെടുന്നില്ല.

## *സാദ്ധ്യതകൾ*

1. ആധുനിക കൃഷി സമ്പ്രദായങ്ങൾ നടപ്പിലാക്കുക. യന്ത്രോപകരണങ്ങൾ അത്യുല്പാദന ശേഷിയുള്ള വിത്തുകൾ തുടങ്ങിയവ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുക.
2. ജലസ്രോതസ്സുകൾക്ക് പരമാവധി ആഴം കൂടുകയും ആവശ്യമുള്ള സ്ഥാനങ്ങളിൽ ചെക്കുഡാമുകൾ നിർമ്മിക്കയും ചെയ്യുക. കൃഷി സ്ഥലങ്ങളിൽ നീർക്കുഴികൾ നിർമ്മിക്കുക.
3. ഗ്രൂപ്പു ഫാമിംഗ് സമ്പ്രദായം നടത്തുക.
4. ചരിവു പ്രദേശങ്ങളിൽ ഇടക്കയ്യാലകൾ കെട്ടി മണ്ണൊലിപ്പു തടയുക.
5. ക്രമാതീതമായും അശാസ്ത്രീയമായും കീടനാശിനികളും രാസവളങ്ങളും ഉപയോഗിക്കുന്നതു നിയന്ത്രിക്കുക. ജൈവവളങ്ങളുടേയും കമ്പോസ്റ്റു വളങ്ങളുടേയും ഉപയോഗം ഒരു ശീലമാക്കുക.
6. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.
7. നിലം നികത്തിയെടുക്കുന്ന പ്രവണത കഴിവതും ഒഴിവാക്കുക.
8. മണ്ണു പരിശോധനയ്ക്കുള്ള സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുക.

## *നിർദ്ദേശങ്ങൾ*

1. മുണ്ടിയാന്തറ – മീൻ മുട്ടുപാറ തോട്, പാലാംതോട്, വലിയതോട്, മക്കപ്പുഴ വട്ടാർകയം തോട്, കോതാനി, മാടത്തരുവി, തേൻപാറ – ചെത്തോങ്കര തോട്, കരികുളം – മുണ്ടിയാന്തറ തോട്, മോതിരവയൽ – ഒഴുവൻ പാറ തോട്, നഞ്ചുംപതാൽ – ഒഴുവൻ പാറ, മന്ദമരുതി – വട്ടാർകയം വലിയതോട്, ഞാഞ്ഞുമൺ എന്നീ ഭാഗങ്ങളിൽ ആവശ്യാനുസരണം ചെക്കു ഡാമുകൾ നിർമ്മിക്കുക.
2. പമ്പാനദിയോടു ചേർന്ന കരഭാഗങ്ങൾ കല്ലുകെട്ടി കൃഷിക്കുപയുക്തമാക്കുക.
3. മക്കപ്പുഴ – പനവേലിക്കുഴി ഭാഗത്തെ ജനകീയ ജലസേചന പദ്ധതി വിപുലീകരിക്കുക.
4. ആറാം വാർഡിലെ ചേത്തയ്ക്കൽ വലിയകുളം ആഴം കൂട്ടി വശങ്ങളിൽ സംരക്ഷണ ഭിത്തി കെട്ടി വെള്ളം ശേഖരിച്ച് സമീപ പ്രദേശങ്ങളിൽ കാർഷികാവശ്യങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
5. മന്ദമരുതിയിൽ ഇഞ്ചിക്കാലാ പടിയിലും വട്ടാർകയത്തും ഉള്ള കുളങ്ങൾ ആഴം കൂട്ടി ജലം സംഭരിച്ചു നിർത്തുക.
6. മണ്ണൊലിപ്പു തടയുന്നതിനു സഹായകരമാം വിധം താഴ്വാരങ്ങളിലും ചരിവുകളിലും ഈടി കയ്യാലകൾ കെട്ടുക.
7. സോയിൽ കൺസർവേഷൻ ആഫീസ്സ് പഴവങ്ങാടിയിൽ ആരംഭിക്കുക.
8. പഞ്ചായത്തു പ്രദേശത്തെ എല്ലാ ചരിവു പ്രദേശങ്ങളിലും ഉയർന്ന സ്ഥലങ്ങളിലും ധാരാളം നീർക്കുഴികൾ തയ്യാറാക്കി വെള്ളം തടഞ്ഞു നിർത്തുക.
9. വിള ഇൻഷുറൻസ് പദ്ധതികൾ നടപ്പിലാക്കുക.
10. മണ്ണു പരിശോധന സ്ഥിരമായി നടത്തുക. രാസവളം, കീടനാശിനികൾ

എന്നിവകൾ പ്രയോഗിക്കുന്നതിനുള്ള വിദഗ്ദ്ധോപദേശം എപ്പോഴും കർഷകർക്ക് ലഭ്യമാക്കുക.

11. പ്രാദേശിക ജലസേചന പദ്ധതികൾക്കു പ്രാധാന്യം നല്കി നടപ്പിലാക്കുക. ഗ്രൂപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ ഇറിഗേഷൻ എന്നിവകളിലൂടെ തെങ്ങ്, വാഴ, കമുക്, പച്ചക്കറി തുടങ്ങിയ വിളകൾ ഇരട്ടിയിലധികമായി വർദ്ധപ്പിക്കുക.

12. കൃഷിഭവന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം. പഞ്ചക സ്കീം ഐത്തല വാട്ടർ ഷെഡ് സ്കീം എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണം. നീർമറി അടിസ്ഥാനമാക്കിയുള്ള ജല സംഭരണവും മണ്ണു സംരക്ഷണവും പ്രത്യേക പ്രാധാന്യത്തോടെ നടപ്പിലാക്കുക.

13. പ്രായാധിക്യം കൊണ്ട് ഉല്പാദനക്ഷമത കുറഞ്ഞ വിളകൾ മാറ്റി പ്രദേശത്തിനനുസൃതമായ ജനുസ്സുകൾ തെരഞ്ഞെടുത്ത് ഉല്പാദന ശേഷി വർദ്ധിപ്പിക്കുക.

14. ഓരോ വീട്ടിലും ഓരോ പച്ചക്കറിത്തോട്ടം വളർത്തിയെടുക്കുക. പയർ, പടവലം, പാവൽ, വെള്ളരി, ചീര, നാടൻമുളക് തുടങ്ങിയവ കൃഷിചെയ്യുന്നതിനു വീട്ടമ്മമാരെ പ്രോത്സാഹിപ്പിക്കുക.

15. പഴവർഗ്ഗങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കണം. വാഴ, കൈത തുടങ്ങിയവ വൻതോതിൽ കൃഷി ചെയ്ത് പഴങ്ങൾ ഉല്പാദിപ്പിക്കയും അവ സംസ്കരിച്ച് വിപണനം നടത്തുന്നതിനുള്ള ചെറുകിട വ്യവസായങ്ങൾക്ക് രൂപം നല്കുകയും ചെയ്യണം. ജാം, അച്ചാർ, ഉപ്പേരി, ലഘു പാനീയങ്ങൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തണം.

16. കൂൺകൃഷി, ഔഷധ സസ്യങ്ങൾ, കുറ്റിമുല്ല, റോസ, ആന്തൂറിയം, ഓർക്കിഡുകൾ തുടങ്ങിയവ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കണം. തേനീച്ച വളർത്തൽ, മുയൽ വളർത്തൽ തുടങ്ങിയവകളുടെ സാദ്ധ്യതകളും കണ്ടെത്തണം.

17. കർഷകർക്ക് തങ്ങളുടെ ഉല്പാദനങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനുള്ള ഒരു വിപണന ശൃഖംല വേണ്ടിയിരിക്കുന്നു. സഹകരണാടിസ്ഥാനത്തിലുള്ള ഒരു മാർക്കറ്റിംഗ് സൊസൈറ്റി തന്നെ രൂപീകരിക്കുന്നതു നന്നായിരിക്കും.









# 5.2

# മൃഗസംരക്ഷണവും മത്സ്യ ബന്ധനവും

ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചു കൊണ്ടുള്ള മൃഗ സംരക്ഷണത്തിൽ ശ്രദ്ധാലുക്കളാണ് റാന്നി പഴവങ്ങാടി പഞ്ചായത്ത് നിവാസികൾ. പാൽ, മുട്ട, മാംസം എന്നിവ ഈ പ്രദേശത്തെ ജനങ്ങളുടെ മുഖ്യാഹാരങ്ങളാണ്. കോഴികളും പശുക്കളും ഏതാണ്ട് എല്ലാ വീടുകളിലും ഉണ്ട്. നാടൻ പശുക്കളെ വളർത്തുന്നവർ താരതമ്യേന കുറവാണ്. സങ്കരയിനം പശുക്കളാണ് കൂടുതലായുള്ളത്. ഉഴവുമാടുകളുടേയും ഭാരം വലിയ്ക്കാനുപയോഗിക്കുന്ന കാളകളുടേയും എണ്ണം കുറവാണ്. ചുരുക്കം വീടുകളിൽ മാത്രമേ എരുമകളെ വളർത്തുന്നുള്ളു. ആധുനിക രീതിയിലുള്ള കോഴി വളർത്തൽ യൂണിറ്റുകൾ ഇട്ടിയപ്പാറയിലും മന്ദമരുതിയിലും ഉണ്ട്. ഇറച്ചിക്കോഴികളുടെ ഉപയോഗം വളരെയധികം വർദ്ധിച്ചതുകൊണ്ട് ബ്രോയിലർ ചിക്കൻ ഫാമുകളിൽ പലരും താലപര്യം കാണിക്കുന്നുണ്ട്.

ഒരു കാലത്ത് കാർഷിക മേഖലയായിരുന്ന ഈ പഞ്ചായത്തു പ്രദേശത്ത് നിലം ഒരുക്കുന്നതിനും വളത്തിന്റെ ആവശ്യത്തിനുമായി കാളകളെ ധാരാളമായി വളർത്തിയിരുന്നു. ഭാരം വലിക്കുന്നതിനും ഇവകളെ ഉപയോഗിച്ചിരുന്നു. ചരക്കുകൾ കയറ്റി കൊണ്ടുപോകുന്നതിനുള്ള കാളവണ്ടികൾ ഈ പഞ്ചായത്തു പ്രദേശത്ത് വളരെയേറെയുണ്ടായിരുന്നു. ഇപ്പോൾ കൃഷിയുടെ പ്രാധാന്യം കുറഞ്ഞതോടെയും മോട്ടോർ വാഹനങ്ങൾ അധികമായതോടെയും കാർഷികാവശ്യങ്ങൾക്കും ഭാരം വലിക്കുന്നതിനും മൃഗങ്ങളെ വളരെ കുറച്ചേ ഉപയോഗിക്കുന്നുള്ളു. വീടുകളിൽ നായ്ക്കൾ, പൂച്ചകൾ, കൗതുക പക്ഷികൾ എന്നിവകളെ വളർത്തുന്ന പ്രവണതയും കാണുന്നുണ്ട്. സങ്കരയിനം നായ്ക്കുട്ടികളെ പ്രത്യേക പരിചരണയോടെ വളർത്തുന്നതിൽ കൂടുതൽ ശ്രദ്ധിക്കുന്നവരും ഉണ്ട്.

ഈ പഞ്ചായത്തു പ്രദേശത്തെ മൃഗ/പക്ഷി സമ്പത്തു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

*പട്ടിക – 1*

*മൃഗ/പക്ഷി സമ്പത്ത്*

| ഇനം | വർഷം | |
|---|---|---|
| | 1990 | 1996 |
| 1. പാലിനുവേണ്ടി വളർത്തുന്ന പശുക്കൾ | 1930 | 2180 |
| 2. എരുമകൾ | 28 | 17 |
| 3. ഉഴവു മാടുകൾ | 148 | 12 |
| 4. ഭാരം വലിക്കുന്ന കാളകൾ | 180 | 18 |
| 5. നാടൻ കോഴികൾ | 9000 | 14000 |
| 6. താറാവ് | – | ലഭ്യമല്ല |
| 7. കോഴിവളർത്തൽ യൂണിറ്റുകൾ | – | 3 |
| 8. മറ്റു ജന്തുക്കൾ | – | 5500 |
| 9. പന്നി വളർത്തൽ യൂണിറ്റുകൾ | – | – |

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും രണ്ട് ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. മൃഗാശുപത്രി ചെത്തോങ്കരയിലും ഉപകേന്ദ്രങ്ങൾ മക്കപ്പുഴയിലും ഐത്തലയിലുമാണുള്ളത്. ഈ സ്ഥാപനങ്ങളെല്ലാം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ പഞ്ചായത്തിൽ മൂന്നു ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. മന്ദമരുതി, നീരാട്ടുകാവ്, ഇടമൺ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന ഈ മൂന്നു സംഘങ്ങളും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

ഈ പഞ്ചായത്തിലെ വളർത്തു പശുക്കളിൽ 90 ശതമാനവും സങ്കരയിനമാണ്. കൂടുതൽ പാൽ ലഭിക്കുന്നതിനാണ് സങ്കരയിനങ്ങളെ വളർത്തുന്നത്. ദിവസം ശരാശരി 8 ലിറ്ററിനു മേൽ പാൽ സങ്കരയിനം പശുവിൽ നിന്നും ലഭിക്കുന്നതായാണ് കണക്കുകൾ. ഈ പഞ്ചായത്തു പ്രദേശത്തെ ആവശ്യങ്ങൾക്കനുസൃതമായ പാൽ ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. മൂന്നു ക്ഷീര സഹകരണ സംഘങ്ങൾ കൂടാതെ മിൽമായുടെ യൂണിറ്റും മലനാട് മിൽക് സൊസൈറ്റിയുടെ യൂണിറ്റും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

സ്വതവേ ആരോഗ്യമുള്ള കന്നുകാലികളാണ് ഈ പഞ്ചായത്തു പ്രദേശത്തുള്ളത്. കന്നുകാലികളിൽ സാധാരണയായി ദഹന സംബന്ധമായ രോഗങ്ങൾ, ധാതുലവണങ്ങളുടെ അഭാവം മൂലമുള്ള രോഗങ്ങൾ, അകിടുവീക്കം, മുടന്തൻ പനി തുടങ്ങിയ രോഗങ്ങളാണ് കണ്ടു വരുന്നത്. ശാസ്ത്രീയ ചികിത്സാ ക്രമങ്ങൾക്കൊപ്പം പാരമ്പര്യ ചികിത്സാ ക്രമങ്ങളും ഇവിടെ നിലവിലുണ്ട്. കൃത്രിമ ബീജ സങ്കലനത്തിൽ കർഷകർ ശ്രദ്ധിക്കുന്നുണ്ട്. കഴിഞ്ഞ വർഷം 750നു മേൽ പശുക്കളെ കൃത്രിമ ബീജസങ്കലനത്തിനു വിധേയമാക്കിയതായി മൃഗാശുപത്രി രേഖകളിൽ കാണുന്നു. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും നാടൻ വിത്തു കാളകളേയും ബീജസങ്കലനത്തിനായി ഉപയോഗിക്കുന്നുണ്ട്. പേവിഷ ബാധയ്ക്കെതിരെ കുത്തിവയ്പ് എടുപ്പിക്കുന്നതിൽ ആളുകൾ ശ്രദ്ധിക്കുന്നില്ല. 1995-ൽ 35 വളർത്തു നായ്ക്കളിൽ മാത്രമേ പേവിഷ ബാധയ്ക്കെതിരെ കുത്തിവയ്പ് എടുത്തിട്ടുള്ളു. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ സാമൂഹ്യ വിപത്താണ്. ഇവകളെ നശിപ്പിക്കുന്നതിൽ പഞ്ചായത്ത് അധികൃതർ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.

തൊഴിൽ രഹിതരായ ചെറുപ്പക്കാർ പലരും കന്നുകാലി വളർത്തലിൽ താല്പര്യം കാണിക്കുന്നുണ്ടെങ്കിലും ഒരു മുഖ്യ തൊഴിലും ജീവിത മാർഗ്ഗവുമായി ഇതു സ്വീകരിക്കുന്നതിൽ വിമുഖരാണ്. പശുക്കളെ വളർത്തുകയും പരിചരിക്കയും ചെയ്യുന്ന ഏറെപ്പേരും സ്വയം പാൽ കറന്നെടുക്കുന്ന

തായി കാണുന്നില്ല. പശുക്കറവ ഒരു തൊഴിലായുള്ള ആൾക്കാരും ഈ പഞ്ചായത്തു പ്രദേശത്തുണ്ട്. നമുക്ക് ആവശ്യമുള്ളത്ര പാൽ ഇവിടെ ഉല്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ചു നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. പശുക്കളുടെ മുഖ്യാഹാരമായ വൈയ്ക്കോൽ (കച്ചി) ഈ പഞ്ചായത്തിൽ ഒരു അപൂർവ്വ വസ്തുവായിരിക്കയാണ്. പച്ചപുല്ലും കന്നുകാലിത്തീറ്റയുമാണ് ഈ പഞ്ചായത്തു പ്രദേശത്തെ കന്നുകാലികളുടെ മുഖ്യാഹാരങ്ങൾ. തമിഴ്നാട്ടിൽ നിന്നും വൈയ്ക്കോൽ ഇവിടെ എത്തിച്ചു വില്പന നടത്തുന്നതായും കാണുന്നു. കർഷകർക്ക് ഇത് ആദായകരമല്ല. കന്നുകാലികളുടെ ചാണകം വളമായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിൽ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല. ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പാചകവാതകം ഉല്പാദിപ്പിക്കുന്നതിന് ഇവിടെ നല്ല സാദ്ധ്യതയുണ്ട്. പഞ്ചായത്തിൽ 7 ഗോബർഗ്യാസ് പ്ലാന്റുകൾ മാത്രമേ ഇപ്പോഴുള്ളു.

പന്നി വളർത്തൽ, മുയൽ വളർത്തൽ എന്നിവകൾക്ക് നല്ല സാദ്ധ്യതയുള്ള പ്രദേശമാണിത്. മാംസാഹാര പ്രിയരാണ് ഇവിടെയുള്ളവർ. പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാത്ത വിധം ശാസ്ത്രീയമായി പന്നികളേയും മുയലുകളേയും വളർത്തുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിൽ ആരും ശ്രദ്ധിക്കുന്നില്ല. വിവാഹം മറ്റ് ആഘോഷങ്ങൾ എന്നിവകൾക്ക് ഭക്ഷണം വിതരണം ചെയ്യുന്ന കാറ്ററിംഗ് യൂണിറ്റുകൾ ഒരു വ്യവസായമായി ഇവിടെ വളർന്നു കഴിഞ്ഞു. പത്തോളം കാറ്ററിംഗ് യൂണിറ്റുകൾ ഇവിടെയുണ്ട്. ഈ യൂണിറ്റുകളുമായി സഹകരിച്ച് പന്നി, മുയൽ എന്നിവകളെ ഇറച്ചിക്കു വേണ്ടി വളർത്തുന്നത് ഒരു നല്ല തൊഴിലും വരുമാന മാർഗ്ഗവുമാണ്.

### *പ്രശ്നങ്ങൾ*

1. ഗുണ നിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും വില വർദ്ധനവും
2. പാലിന്റെ വില വർദ്ധനവും വിപണത്തിനുള്ള അസൗകര്യങ്ങളും
3. താങ്ങാനാവാത്ത ചികിത്സാച്ചെലവ്
4. ശരിയായ കാലിത്തൊഴുത്തുകളുടെ കുറവ്
5. വായ്പ, ഇൻഷുറൻസ് സൗകര്യങ്ങളുടെ അപര്യാപ്തത.
6. ഗുണമേന്മയുള്ള പക്ഷി മൃഗാദികളുടെ ദൗർലഭ്യം
7. കൃത്രിമ ബീജസങ്കലനത്തിനുള്ള ബുദ്ധിമുട്ടുകൾ
8. അശാസ്ത്രീയമായ മാംസോല്പാദന വിപണന രീതികൾ
9. സമഗ്ര പേവിഷ നിർമ്മാർജ്ജാന പദ്ധതിയുടെ അഭാവം
10. ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ പക്ഷി മൃഗാദികളെ സംരക്ഷിക്കുന്നതിനുള്ള പരിശീലനങ്ങളുടെ കുറവ്.

### *സാദ്ധ്യതകൾ നിർദ്ദേശങ്ങൾ*

1. ചെത്തോങ്കരയിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ആധുനീകരിക്കുക.
2. പ്രാദേശികമായി ലഭ്യമാകുന്ന വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ കന്നുകാലി/കോഴിതീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.

3. പഞ്ചായത്തു വക പുറമ്പോക്കു സ്ഥല ങ്ങളിലും മറ്റു തോട്ടങ്ങളിലും തീറ്റ പ്പുൽക്കൃഷി ചെയ്യുക. തീറ്റപ്പുൽക്കൃഷി വ്യാപിപ്പിക്കുന്നതിനു പ്രത്യേക പദ്ധ തികൾ തയ്യാറാക്കുക. കർഷകർക്ക് തീറ്റപ്പുൽ വിത്തും കട (ചുവട്) കളും വളങ്ങളും സൗജന്യമായി നല്കുക.

4. ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക. എല്ലാ വാർഡുകളിലും പാൽ സംഭ രണ കേന്ദ്രങ്ങളും പഞ്ചായത്തു തല ത്തിൽ ഒരു ചില്ലിംഗ് പ്ലാന്റും പാൽ ഉല്പന്നങ്ങളുടെ ഒരു നിർമ്മാണ യൂണിറ്റും സ്ഥാപിക്കുക.

5. കർഷകർക്ക് വായ്പകൾ ലഭിക്കുന്ന തിനുള്ള സൗകര്യങ്ങൾ പരമാവധി ഉദാ രമാക്കുകയും വ്യവസ്ഥകൾ ലളിതമാ ക്കുകയും ചെയ്യുക.

6. ഈ പഞ്ചായത്തിലെ എല്ലാ വളർത്തു മൃഗങ്ങൾക്കും മൃഗസംരക്ഷണ മേഖ ലയിൽ പ്രവർത്തിക്കുന്ന എല്ലാ ജോലി ക്കാർക്കും മുഴുവൻ സമയ കർഷ കർക്കും മാസ്റ്റർ പോളിസി വഴി ഇൻഷു റൻസ് ഏർപ്പെടുത്തുക.

7. വർഗ്ഗോദ്ധാരണത്തിനായി പ്രായ പൂർത്തിയായ അഞ്ഞൂറു പശുക്കൾക്ക് ഒന്ന് എന്ന തോതിൽ കൃത്രിമ ബീജസ ങ്കലന യൂണിറ്റുകൾ ആരംഭിക്കുക.

8. ആധുനിക രീതിയിലുള്ള ഒരു അറവു ശാല സ്ഥാപിക്കുക.

9. മാംസോല്പാദനം ലക്ഷ്യമാക്കി കാള ക്കുട്ടി പരിപാലനം, പന്നി വളർത്തൽ, മുയൽ വളർത്തൽ, ആടു വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ തുടങ്ങുക.

10. വീട്ടമ്മമാരെ സഹകരിപ്പിച്ചുകൊണ്ട് ഓരോ വീട്ടിലും മുട്ടയ്ക്കും ഇറച്ചിക്കും വേണ്ടി കോഴികളെ വളർത്തുന്ന മിനി യൂണിറ്റുകൾ തുടങ്ങുക. ഈ മേഖല യിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക.

11. മൃഗസംരക്ഷണവും കൃഷിയും സംയോജിപ്പിച്ചു കൊണ്ടുള്ള അടി സ്ഥാന പദ്ധതികൾക്കു രൂപം നല്കുക. മൃഗപരിപാലനത്തോടൊപ്പം കൃഷി മത്സ്യം വളർത്തൽ, കോഴി വളർത്തൽ, താറാവു വളർത്തൽ എന്നിവ സംയോ ജിപ്പിച്ച് ലഭ്യമായ സ്ഥലം പൂർണ്ണമായും പ്രയോജനപ്പെടുത്തി വിജയകരമായി നടപ്പാക്കാവുന്ന ഒരു പദ്ധതിയാണിത്. നമ്മുടെ പഞ്ചായത്തിലെ ഓരോ വാർഡിലും50 വീടുകളിലെങ്കിലും ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നട പ്പിലാക്കി വിജയിക്കുന്ന പക്ഷം എല്ലാ വീടുകളിലേക്കും ഇതു വ്യാപിപ്പിക്കേ ണ്ടതാണ്.

12. ജൈവവളങ്ങൾ ഉല്പാദിപ്പിക്കുന്നതി നുള്ള പദ്ധതികൾ നടപ്പിലാക്കണം. ഓരോ വാർഡിലും 10 വീടുകളിലെ ങ്കിലും ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനു ശ്രമിക്കണം.

# മത്സ്യബന്ധനം

പമ്പാ നദിയും വിവിധ പ്രദേശങ്ങളി ലുള്ള ചെറുതും വലുതുമായ തോടുകളും കുന്നുകളുടെ താഴ്വാരങ്ങളിലുള്ള ചെറിയ കുളങ്ങളും ഉൾപ്പെട്ട പരിമിതമായ ജല സ്രോതസ്സുകളെ ഈ പഞ്ചായത്തു പ്രദേശ ത്തുള്ളു. തന്മൂലം മത്സ്യകൃഷി വ്യാപകമാ

യിട്ടില്ല. മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചിട്ടുള്ളവരും ഈ പഞ്ചായത്തിലില്ല. എന്നാൽ മത്സ്യം ഉപയോഗിക്കുന്നവരാണ് മഹാഭൂരിപക്ഷവും. നാടൻ ഇനത്തിലുള്ള മത്സ്യങ്ങൾ താരതമ്യേന കുറച്ചേ ഇവിടെ ലഭിക്കുന്നുള്ളൂ. എന്നാൽ കടൽ മത്സ്യം വൻതോതിൽ വിറ്റഴിയുന്നുണ്ട്. ഇട്ടിയപ്പാറ മാർക്കറ്റിലെ മുഖ്യ വിപണന വസ്തു മത്സ്യമാണ്. ഇവിടെ ബുധൻ, ശനി ദിവസങ്ങളിൽ എപ്പോഴും പച്ച മത്സ്യം ലഭിക്കുന്നു. എല്ലാ ദിവസങ്ങളിലും ഉണക്ക മത്സ്യവും ലഭിക്കും. സൈക്കിളുകളിലും തലച്ചുമടായും പഞ്ചായത്തു പ്രദേശത്ത് മത്സ്യവിപണനം നടത്തുന്നുണ്ട്.

മത്സ്യകൃഷി ഇനിയും നടപ്പിലായിട്ടില്ലാത്ത ഒരു പഞ്ചായത്തു പ്രദേശമാണിത്. വറ്റാത്ത ജലസ്രോതസ്സുകളുടെ അഭാവമാണിതിനു കാരണം. ഈ പഞ്ചായത്തു പ്രദേശത്തെ തോടുകളും കുളങ്ങളും ആഴംകൂട്ടി ശാസ്ത്രീയമായ മത്സ്യകൃഷി പരീക്ഷണാടിസ്ഥാനത്തിൽ നടത്താൻ പഞ്ചായത്ത് വിവിധ ഏജൻസികളുടെ സഹായം തേടേണ്ടതാണ്.

### *നിർദ്ദേശങ്ങൾ*

1. ഇട്ടിയപ്പാറ മാർക്കറ്റിലെ മത്സ്യ വ്യാപാരം ശാസ്ത്രീയമായി ക്രമപ്പെടുത്തുക. ഫ്രീസറുകളുടെ സഹായത്താൽ മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്ന സംവിധാനം നടപ്പിലാക്കണം.

2. മത്സ്യഫെഡിന്റേയും ഫിഷറീസ് വകുപ്പിന്റേയും സഹായത്തോടെ പുതിയ മത്സ്യ വിപണന മാർഗ്ഗങ്ങൾ കണ്ടെത്തണം.

3. വലിയ തോട്, മീൻമുട്ടു പാറ, മാടത്തരുവി, പൊട്ടനരുവി തുടങ്ങിയ തോടുകളിലെ ജലനിരപ്പ് നിലനിർത്തിക്കൊണ്ട് മത്സ്യകൃഷി നടപ്പിലാക്കണം.

4. പഞ്ചായത്തിലെ എല്ലാ വർഡുകളിലുമുള്ളതായ വറ്റാത്ത കുളങ്ങൾ കണ്ടെത്തി ശുദ്ധജല മത്സ്യം വളർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം. ചേത്തയ്ക്കൽ കുളത്തിൽ ഇതിനു സാദ്ധ്യത വളരെയേറെയുണ്ട്.

5. വീടിനോടനുബന്ധിച്ച് കുളങ്ങൾ നിർമ്മിച്ച് മത്സ്യ കൃഷി നടത്തുന്നതിനുള്ള സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഇതു നടപ്പിലാക്കണം.

6. മത്സ്യകൃഷിക്ക് ആവശ്യമുള്ള ശാസ്ത്രീയ ജ്ഞാനം പകർന്നു കൊടുക്കുന്നതിനു ഫിഷറീസ് വകുപ്പ് അധികൃതരുടെ സേവനം പ്രയോജനപ്പെടുത്തണം.








# 5.3

# വ്യവസായം

വ്യവാസായികരംഗത്ത് വേണ്ടത്ര ശ്രദ്ധിക്കുന്ന ഒരു പ്രവണത റാന്നി പഴവങ്ങാടി പഞ്ചായത്തിൽ കാണാനില്ല. ഏതാനും ചെറുകിട വ്യവസായ യൂണിറ്റുകൾ മാത്രമേ ഈ രംഗത്തു പ്രവർത്തിക്കുന്നുള്ളു. വൻ വ്യവസായങ്ങൾ ഒന്നും ഈ പ്രദേശത്തില്ല. റബ്ബർ കൃഷി വളരെ വ്യാപകമായി നടക്കുന്ന ഈ പഞ്ചായത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ചില സംരംഭങ്ങൾ മുമ്പു നടന്നിരുന്നെങ്കിലും അതൊന്നും കാര്യമായി വിജയിച്ചിട്ടില്ല. നൂറ്റമ്പതോളം ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും വായ്പയും സബ്സിഡിയും വാങ്ങുന്നതിനുപരിയായി അവയൊന്നും പ്രവർത്തിക്കുന്നില്ല. ബേക്കറി, തയ്യൽ, ഫർണീച്ചർ നിർമ്മാണം, പർപ്പടകം, കാപ്പിക്കുരു പൊടിക്കൽ, കുട നിർമ്മാണം, കാലിത്തീറ്റ ഉല്പാദനം, ഹോളോബ്രിക്സ് നിർമ്മാണം തുടങ്ങിയ രംഗത്തൊക്കെ ആൾക്കാർ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും വ്യവസായ തൊഴിലാളികൾ ഈ പഞ്ചായത്തിൽ അഞ്ഞൂറിൽ താഴെയേ വരൂ. സർക്കാരിന്റെ സംരംഭമായ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഈ പഞ്ചായത്തു പ്രദേശത്തില്ല. വൈദ്യുതി ക്ഷാമവും വിപണന സൗകര്യങ്ങളുടെ അപര്യാപ്തതയും ഒക്കെ വ്യവസായ സംരംഭകരെ ആശങ്കകുലരാക്കുന്നുണ്ട്.

പരമ്പരാഗത വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ കാര്യമായിട്ടൊന്നുമില്ല. ചെറുകിട റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് ഇവിടെ നല്ല സാദ്ധ്യതയുണ്ട്. പക്ഷേ ഇവിടെ കൃഷി ചെയ്ത് ഉല്പാദിപ്പിക്കുന്ന റബ്ബർ പുറത്തേക്കു വില്പന നടത്തുന്നതല്ലാതെ അസംസ്കൃത വസ്തുവാക്കിക്കൊണ്ട് വ്യവസായ സംരംഭങ്ങളിൽ ശ്രദ്ധിക്കുന്നതിനുള്ള മനസ്സ് ആരും കാട്ടുന്നില്ല.

തൊഴിൽ മേഖലയിൽ പുരുഷന്മാരുടെ എണ്ണമാണ് കൂടുതൽ. സ്ത്രീകളും ചെറിയ തോതിൽ ഈ രംഗത്തു പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തു പ്രദേശത്ത് നിലവിലുള്ള വ്യവസായങ്ങളും തൊഴിലാളികളുടെ എണ്ണവും താഴെ കൊടുക്കുന്നു.

## പട്ടിക – 1

### ചെറുകിട/നാമമാത്ര വ്യവസായ യൂണിറ്റുകൾ

| വ്യവസായം | എണ്ണം | തൊഴിലാളികൾ | | |
|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | ആകെ |
| റബ്ബർ അധിഷ്ഠിത വ്യവസായം | 5 | 35 | 15 | 40 |
| തടിവ്യവസായം<br>a) പ്ലൈവുഡ് | 3 | 30 | 20 | 50 |
| b) ഈർച്ച മിൽ | 4 | 20 | - | 20 |
| ഫർണീച്ചർ യൂണിറ്റ്<br>തടി | 2 | 10 | - | 10 |
| സ്റ്റീൽ | 3 | 15 | - | 15 |
| ഹോളോബ്രിക്സ് | 4 | 40 | 10 | 50 |
| മെറ്റൽ ക്രഷർ | 2 | 50 | 20 | 70 |
| പാറമട | 3 | 15 | - | 15 |
| കാലിത്തീറ്റ | 1 | 10 | 4 | 14 |
| ഓയിൽ മിൽ | 2 | 8 | - | 8 |
| പ്രിന്റിംഗ് പ്രസ് | 4 | 10 | 10 | 20 |
| സർവ്വീസ് സ്റ്റേഷൻ | 3 | 9 | - | 9 |
| പേപ്പർ വർക്സ് | 2 | 8 | 4 | 12 |
| തീപ്പെട്ടി വ്യവസായം | 1 | 25 | - | 25 |
| മോട്ടാർ വർക്ഷോപ്പ് | 7 | 30 | - | 30 |
| ലെയ്ത്ത്, വെൽഡിംഗ് | 3 | 10 | - | 10 |
| റൈസ്മിൽ, ഫ്ളവർ മിൽ | 5+2 | 10 | - | 10 |
| ഈറ ചൂരൽ | 1 | 10 | 3 | 13 |
| ടയർ റീട്രേഡിംഗ് | 1 | 5 | - | 5 |
| ബേക്കറി | 3 | 15 | - | 15 |
| മൊസൈയ്ക്ക് | 2 | 10 | 5 | 15 |

വ്യവസായികമായി പിന്നോക്കം നില്ക്കുന്ന പ്രദേശമാണെങ്കിലും പുതിയ വ്യവസായ സംരംഭങ്ങൾക്ക് വിപുലമായ സാദ്ധ്യതകൾ ഈ പ്രദേശത്തുണ്ട്. റബ്ബർ അധിഷ്ഠിത വ്യവസായം തന്നെ മുൻപന്തിയിൽ നില്ക്കുന്നു. ആവശ്യത്തിന് അസംസ്തകൃത വിഭവങ്ങൾ ഇവിടെയുണ്ട്. പക്ഷേ പ്രയോജനപ്പെടുത്തുന്നില്ല. ബേക്കറി, റെഡിമെയ്ഡ് ഉല്പന്നങ്ങൾ, കാലിത്തീറ്റ, തടി വ്യവസായം, ഫർണീച്ചർ നിർമ്മാണം, ഇഷ്ടിക നിർമ്മാണം, ഹോളോബ്രിക്സ് നിർമ്മാണം, ടയർ റീ ട്രെഡിംഗ്, മോട്ടോർ വർക്ഷോപ്പുകൾ, സർവ്വീസ് സ്റ്റേഷനുകൾ, അച്ചാർ, കറി പൗഡർ, ചിപ്സ് നിർമ്മാണം ഒക്കെ ധാരാളം സാദ്ധ്യതയുള്ള വകളാണ്. ഈ പഞ്ചായത്തു പ്രദേശത്ത് പുതുതായി ആരംഭിക്കുന്നതിനും വളർച്ചക്കു സാദ്ധ്യതയുള്ളതുമായ വ്യവസായ യൂണിറ്റുകളുടെ കണക്ക് ചുവടെ ചേർക്കുന്നു.

*പട്ടിക – 2*

*വികസന സാദ്ധ്യതയുള്ള വ്യവസായ സംരംഭങ്ങൾ*

| വ്യവസായം | തുടങ്ങേണ്ട യൂണിറ്റുകളുടെ എണ്ണം |
|---|---|
| **റബ്ബർ അധിഷ്ഠിതമായ വ്യവസായങ്ങൾ** | |
| ചെരുപ്പു നിർമ്മാണം | 2 |
| റബ്ബർ ബാൻഡ് | 1 |
| ത്രെഡ് റബ്ബർ | 2 |
| റബ്ബർ ക്രംബ് | 2 |
| റബ്ബർ തടി സംസ്കരണം | 1 |
| **ഫർണീച്ചർ** | |
| തടി | 1 |
| സ്റ്റീൽ | 1 |
| എക്സ്പെല്ലർ (ഓയിൽ മിൽ) | 2 |
| ഇഷ്ടിക നിർമ്മാണം | 1 |
| ഹോളോബ്രിക്സ് | 2 |
| അയൺ ഡ്രസ്സ് റോളിംഗ് & | |
| ഷട്ടർ ഗ്രില്ലുകൾ നിർമ്മാണം | 1 |
| പ്ലാസ്റ്റിക് ഉപകരണങ്ങൾ | 1 |
| റെഡിമെയ്ഡ് വസ്ത്രങ്ങൾ | 2 |
| മരംകൊണ്ടുള്ള കടച്ചിൽ പണികൾ | 1 |
| | |

| വ്യവസായം | തുടങ്ങേണ്ട യൂണിറ്റുകളുടെ എണ്ണം |
|---|---|
| സോപ്പു നിർമ്മാണം | 1 |
| മെഴുകുതിരി നിർമ്മാണം | 1 |
| പാക്കിംഗ് കേസ്സ് നിർമ്മാണം | 1 |
| അച്ചാർ കറിപൗഡർ ഉപ്പേരി നിർമ്മാണം | 2 |
| ബേക്കറി – ലഘു പാനീയങ്ങൾ | 1 |
| ഇലക്ട്രിക്കൽ വർക്ഷോപ്പുകൾ | 1 |
| **ഇഞ്ചിനിയറിംഗ് വ്യവസായങ്ങൾ** | |
| ലെയ്ത്ത് | 1 |
| ആണി നിർമ്മാണം | 1 |
| മുള്ളുകമ്പി, കെട്ടുകമ്പി | 1 |
| **ഖാദിമേഖലയിൽ ആരംഭിക്കാവുന്നവകൾ** | |
| കൊപ്രാ സംസ്കരണം | 1 |
| വെളിച്ചെണ്ണ | 1 |
| കന്നുകാലിത്തീറ്റ | 1 |
| പാക്കിംഗ് കേസ്സ് യൂണിറ്റ് | 1 |
| റബ്ബർഫാം മെത്തകൾ | 1 |
| ജാമുകൾ, ലഘുപാനീയങ്ങൾ | 1 |

അസംസ്കൃത വസ്തുക്കളും മനുഷ്യാദ്ധ്വാനവും സുലഭമായുള്ള നമ്മുടെ പ്രദേശത്ത് മുകളിൽപ്പറഞ്ഞ വ്യവസായ യൂണിറ്റുകൾ എളുപ്പത്തിൽ തുടങ്ങാവുന്നതാണ്. മൂലധനവും ഊർജ്ജവുമാണ് നമ്മെ അലട്ടുന്നത്. കൂടാതെ വിറ്റഴിക്കുന്നതിനുള്ള വിപണന മേഖലയും ഈ പ്രതിബന്ധങ്ങളെ തരണം ചെയ്യുന്നതിനു കൂട്ടായ പരിശ്രമം അത്യാവശ്യമാണ്. നമ്മുടെ നാട്ടിലെ ധനകാര്യസ്ഥാപനങ്ങൾ വാണിജ്യ ബാങ്കുകൾ വ്യവസായ വകുപ്പ് തുടങ്ങിയ ഏജൻസികളുടെ സഹായത്താൽ നമുക്ക് മൂലധനവും വിദഗ്ദ്ധോപദേശങ്ങളും ലഭിക്കും. കമ്പോളങ്ങൾ കണ്ടെത്തുന്നതിനും ബുദ്ധിമുട്ടുകളില്ല. സാഹസികതയും കഠിനാദ്ധ്വാനവും ഒത്തൊരുമയുമാണ് ആവശ്യം.

## *വൈദ്യുതിരംഗത്തെ പ്രതിസന്ധി*

വ്യാവസായിക വളർച്ചയുടെ മുമ്പിലെ ഏറ്റവും വലിയ പ്രതിബന്ധം വൈദ്യുതിക്ഷാമമാണ്. കൂടുതൽ വൈദ്യുതി എത്തിക്കുന്നതിനുള്ള സംവിധാനങ്ങൾ നാം കണ്ടെത്തിയേ പറ്റൂ. നമ്മുടെ പഞ്ചായത്തിൽ തന്നെ ഊർജ്ജസ്രോതസ്സുകൾ ധാരാളമായുണ്ട്. ഉയ

രത്തിൽ നിന്നും പതിക്കുന്ന ധാരാളം വെള്ളച്ചാട്ടങ്ങൾ ഇവിടെയുണ്ട്. മാടത്തരുവി, മീൻമുട്ടു പാറ, പൊട്ടനരുവി, വട്ടാർകയം തുടങ്ങിയ വെള്ളച്ചാട്ടങ്ങളെ ഊർജ്ജസ്രോതസ്സുകളാക്കിക്കൊണ്ട് പ്രാദേശികമായി വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന ലഘുകേന്ദ്രങ്ങളാക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായണം. കൂടാതെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുള്ള മറ്റു മാർഗ്ഗങ്ങളും കണ്ടെത്തണം. ഊർജ്ജ പ്രതിസന്ധിയെ തരണം ചെയ്തെങ്കിലേ വ്യവസായിക വളർച്ചയുണ്ടാകു എന്നതിനാൽ ആയതിനുള്ള പദ്ധതികളും നടപ്പിലാക്കണം.

### *വ്യാവസായികരംഗം നേരിടുന്ന പ്രശ്നങ്ങൾ*

1. ഈ പഞ്ചായത്തു പ്രദേശത്ത് സുലഭമാണ് റബ്ബർ. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് വേണ്ടിവരുന്ന ഭാരിച്ച മൂലധനവും ഉയർന്ന സാങ്കേതിക വിദ്യയും മൂലം സാധാരണക്കാർക്ക് ഈ രംഗത്തേക്ക് കടന്നുവരാൻ കഴിയുന്നില്ല.
2. വ്യാവസായിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണികളുടെ അഭാവം.
3. വൻകിട വ്യവസായ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന സാധനങ്ങളുമായി മത്സരിക്കുന്നതിനുള്ള ശേഷിയില്ലായ്മ.
4. ജില്ലാ വ്യവസായ കേന്ദ്രം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
5. ഊർജ്ജ പ്രതിസന്ധിയെ അതിജീവിക്കാൻ സാധിക്കാതെ വരുന്നതു മൂലം പുതിയ സംരംഭകർ ഈ രംഗത്തേക്കു വരാൻ വിമുഖരാകുന്നു.
6. ആധുനിക സാങ്കേതിക വിദ്യയേയും ഉപകരണങ്ങളേയും കുറിച്ചുള്ള അറിവില്ലായ്മ.
7. കുടിൽ വ്യവസായങ്ങൾ പരമ്പരാഗത വ്യവസായങ്ങൾ എന്നിവകളോടുള്ള ജനങ്ങളുടെ വിപ്രതിപത്തി.

### *നിർദ്ദേശങ്ങൾ*

1. നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കയും ആവശ്യമായ സാങ്കേതിക വിദ്യയും സാമ്പത്തിക സഹായവും എത്തിച്ചുകൊടുക്കയും ചെയ്യുക.
2. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വ്യവസായ ആവശ്യങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ദീർഘകാല വായ്പകൾ ലഭ്യമാക്കുക.
3. വ്യവസായ സംരംഭകർക്കാവശ്യമുള്ള ലൈസ്സൻസുകൾ, ക്ലീയറൻസ് സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ കിട്ടാനുള്ള കാലതാമസം ഒഴിവാക്കുക.
4. തൊഴിൽ രഹിതരായ പുരുഷന്മാരേയും സ്ത്രീകളേയും ഉൾപ്പെടുത്തി സഹകരണസംഘങ്ങൾ രൂപീകരിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.
5. വ്യവസായിക ഉല്പന്നങ്ങൾ ശേഖരിച്ചു സൂക്ഷിക്കുന്നതിനുള്ള വെയർ ഹൗസുകൾ, വില്പനകേന്ദ്രങ്ങൾ എന്നിവകൾ സഹകരണ മേഖലയിൽ ആരംഭിക്കുക.
6. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന മേഖലകളിൽ ശക്തി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും പുതിയ ലൈനുകൾ വലിച്ചും വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കയും സഹായിക്കയും ചെയ്യുക.
7. നമ്മുടെ പഞ്ചായത്തിൽ വേഗത്തിൽ ലഭിക്കുന്ന മണൽ ഉപയോഗിച്ചുകൊണ്ട്

ഹോളോ ബ്രിക്സ്, കോൺക്രീറ്റു കട്ടി ളകൾ ജനലുകൾ തുടങ്ങിയവ നിർമ്മി ക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.

8. പ്രവർത്തന രഹിതങ്ങളായ ഫാക്ടറി കൾ തുറന്നു പ്രവർത്തിക്കുന്നതിന് വ്യവ സായ വകുപ്പിലൂടെ നടപടികൾ സ്വീക രിക്കുക.

9. ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ ആരം ഭിക്കുക.

10. പുറമ്പോക്കു ഭൂമികളിലും തരിശു ഭൂമി കളിലുമുള്ള പാറകൾ ഉപയോഗിച്ച് മെറ്റൽ, റബ്ബിൾ നിർമ്മാണ സംരംഭങ്ങൾ തുടങ്ങുക.

11. ക്ഷീരോല്പാദന യൂണിറ്റുകൾ സഹക രണാടിസ്ഥാനത്തിൽ ആരംഭിക്കുക.

കാലിവളർത്തൽ, കോഴിവളർത്തൽ, തേനീച്ച വളർത്തൽ എന്നിവകളെ പ്രോത്സാഹിപ്പിക്കുക.

12. ഗ്രൂപ്പ് ഡയറിഫാം, ഗ്രൂപ്പ് പൗൾട്രിഫാം എന്നിവകൾ ആരംഭിക്കുക. പന്നി, മുയൽ വളർത്തൽ യൂണിറ്റുകളും ആരം ഭിക്കുക.

13. പനമ്പ്, കുട്ട, നൂൽനൂല്പ്പ് തുടങ്ങിയവ ഖാദിബോർഡിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുക.

14. പഞ്ചായത്തിന്റെ ഫണ്ടും പൊതുജന ങ്ങളുടെ ഷെയറും സ്വരൂപിച്ചു കൊണ്ടു ള്ള മൂലധനം മുടക്കികൊണ്ട് വ്യവസാ യങ്ങൾ ആരംഭിക്കുക.






# 5.4

# വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് അഭിമാനകരമായ ഒരു ഭൂതകാല ചരിത്രം റാന്നി പഴവങ്ങാടി പഞ്ചായത്തിനുണ്ട്. ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തന്നെ പഴവങ്ങാടിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിതമായി. ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങളുടെ ഭാഗമായി സ്ഥാപിക്കപ്പെട്ട സ്കൂളുകളാണ് ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. റാന്നിയിലെ ആദ്യത്തെ സ്കൂൾ ഇപ്പോഴത്തെ എം.എസ്. ഹൈസ്കൂളാണ്. എന്നാൽ ആറ്റിനക്കരെ പോയി പിഞ്ചു കുഞ്ഞുങ്ങൾക്ക് പഠനം നടത്തുന്നതിന്റെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്താണ് പഴവങ്ങാടിക്കരയിൽ വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ നമ്മുടെ പൂർവ്വികർ തയ്യാറായത്. സി.എം.എസ്. എൽ.പി. സ്കൂൾ, ഐത്തല ഗവ. എൽ.പി. സ്കൂൾ, ഗവ. എൽ.പി. സ്കൂൾ മക്കപ്പുഴ, എസ്.സി. മിഡിൽ സ്കൂൾ തുടങ്ങിയ സ്കൂളുകളാണ് പഴക്കം ചെന്ന വിദ്യലയങ്ങൾ. സ്വകാര്യ മേഖലയിലാണ് സ്കൂളുകൾ ഏറെയുള്ളത്. ആദ്യകാല ക്രിസ്ത്യൻ മിഷണറിമാരും, വിവിധ ക്രിസ്ത്യൻ സഭാവിഭാഗങ്ങളും എൻ.എസ്സ്.എസ്സ് മാനേജ്മെന്റ് എസ്സ്.എൻ.ഡി.പി യോഗവും ഈ പഞ്ചായത്തിൽ സ്കൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. നല്ല നിലവാരം പുലർത്തുന്ന സ്കൂളുകൾ ഈ പഞ്ചായത്തിൽ ഏറെയുണ്ട്. മികച്ച പഠന പാരമ്പര്യം നിലനിർത്തുന്ന ഈ സ്കൂളുകൾ ഇവിടുത്തെ സാംസ്കാരിക വിദ്യാഭ്യാസ മേഖലയെ സമ്പുഷ്ടമാക്കുന്ന ഒരു മുഖ്യഘടകമാണ്.

റാന്നി താലൂക്കിലെ ഏക കോളേജ് ഈ പഞ്ചായത്തിലാണ് – റാന്നി സെന്റ് തോമസ് കോളേജ്. റാന്നിയുടെയും പ്രാന്ത പ്രദേശങ്ങളുടേയും ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച സംഭാവനകൾ നല്കി ഈ കലാലയം പ്രശോഭിക്കുന്നു. ഇതു കൂടാതെ മൂന്ന് ഹൈസ്കൂളുകളും മൂന്ന് അപ്പർ പ്രൈമറി സ്കൂളുകളും 12 എൽ.പി. സ്കൂളുകളും പഴവങ്ങാടി പഞ്ചായത്തിലുണ്ട്. ഒരു യു.പി. സ്കൂളും, 4 എൽ.പി. സ്കൂളുകളും സർക്കാരിന്റെ ഉടമസ്ഥതയിലും മറ്റുള്ളവ (മാനേജ്മെന്റ്) എയ്ഡഡ് സ്കൂളുകളുമാണ്.

പഞ്ചായത്തു പ്രദേശത്തെ വിവിധ സ്കൂളുകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക – 1

സ്കൂളുകളുടെ പൊതു വിവരങ്ങൾ

| നമ്പർ | സ്കൂളിന്റെ പേര് | വിഭാഗം | ഉടമസ്ഥത | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകർ |
|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | |
| 1 | എസ്സ്.ഡി. ഹൈസ്കൂൾ | ഹൈസ്കൂൾ | എയ്ഡഡ് | 623 | 550 | 1173 | 45 |
| 2 | സെന്റ് തോമസ് ഹൈസ്കൂൾ | ഹൈസ്കൂൾ | എയ്ഡഡ് | 70 | 66 | 136 | 8 |
| 3 | എൻ.എസ്സ്.എസ്സ്. മക്കപ്പുഴ | ഹൈസ്കൂൾ | എയ്ഡഡ് | 193 | 185 | 378 | 22 |
| 4 | ഗവ. യു.പി. സ്കൂൾ പഴവങ്ങാടി | യു.പി | സർക്കാർ | 71 | 59 | 130 | 10 |
| 5 | C.M.S. കമ്മ്യൂണി യു.പി. സ്കൂൾ പഴവങ്ങാടി | യു.പി | എയ്ഡഡ് | 70 | 62 | 132 | 8 |
| 6 | എം.സി.യു.പി സ്കൂൾ, ചേത്തയ്ക്കൽ | യു.പി | എയ്ഡഡ് | 132 | 127 | 259 | 10 |
| 7 | ഗവ. എൽ.പി. സ്കൂൾ ഐത്തല | എൽ.പി | സർക്കാർ | 47 | 41 | 88 | 4 |
| 8 | സി.എം.എസ്. എൽ.പി. സ്കൂൾ, റാന്നി | എൽ.പി | എയ്ഡഡ് | 118 | 111 | 229 | 8 |
| 9 | സെന്റ് തോമസ് എൽ.പി.സ്കൂൾ ചെല്ലക്കാട് | എൽ.പി | എയ്ഡഡ് | 63 | 64 | 127 | 5 |
| 10 | ഗവ. എൽ.പി. സ്കൂൾ, വട്ടാർകയം | എൽ.പി | സർക്കാർ | 37 | 37 | 74 | 4 |
| 11 | എം.ഡി.എൽ.പി. സ്കൂൾ പൂഴിക്കുന്ന് | എൽ.പി | എയ്ഡഡ് | 45 | 51 | 96 | 4 |
| 12 | ഗവ. എൽ.പി.സ്കൂൾ, മക്കപ്പുഴ | എൽ.പി | സർക്കാർ | 70 | 74 | 144 | 5 |
| 13 | എൻ.എം.എൽ.പി സ്കൂൾ മന്ദമരുതി | എൽ.പി | എയ്ഡഡ് | 65 | 61 | 126 | 4 |
| 14 | ഹോളിഫാമിലി എൽ.പി.എസ് ചേത്തയ്ക്കൽ | എൽ.പി | എയ്ഡഡ് | 77 | 61 | 138 | 5 |
| 15 | സി.എം.എസ്സ്. എൽ.പി.എസ്സ് പെരുവേലി | എൽ.പി | എയ്ഡഡ് | 64 | 50 | 114 | 3 |
| 16 | ഗവ. എൽ.പി.എസ്സ് കരികുളം | എൽ.പി | സർക്കാർ | 95 | 48 | 143 | 6 |
| 17 | എസ്സ്.എൻ.ഡി.പി എൽ.പി.എസ്സ് മുക്കാലുമൺ | എൽ.പി | എയ്ഡഡ് | 78 | 74 | 152 | 5 |
| 18 | എം.എസ്സ്.സി. എൽ.പി.എസ്സ് കാഞ്ഞിരത്താമല | എൽ.പി | എയ്ഡഡ് | 50 | 47 | 97 | 4 |

മുകളിൽപ്പറഞ്ഞ സർക്കാർ/എയ്ഡഡ് സ്കൂളുകൾ അല്ലാതെ പ്രൈവറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളും നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ കാര്യമായ സംഭാവന ചെയ്യുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ കുട്ടികളെ പഠിപ്പിക്കുന്നതിൽ ഒരു ഭ്രമം നാട്ടിൻ പുറത്ത് സർവ്വ സാധാരണമായി കഴിഞ്ഞു. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഈ പഞ്ചായത്തിലുണ്ട്. സ്വന്തമായി വാഹനങ്ങളും മറ്റ് സൗകര്യങ്ങളും ഉള്ള ഇത്തരം സ്കൂളുകൾ നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ വലിയൊരു വേർതിരിവു തന്നെ സൃഷ്ടിക്കയാണ്. മികച്ച കുട്ടികൾ ഏറെപ്പേരും സെൻട്രൽ സിലബസ്സുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുന്നതു മൂലം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിലവാരമുള്ള കുട്ടികളെ ലഭിക്കുന്നില്ല എന്നൊരു പരാതിയും ഉണ്ട്. രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന ഈ വിദ്യാഭ്യാസ രീതികളെ നിയന്ത്രിക്കേണ്ടത് സർക്കാരിന്റെ ചുമതലയാണ്. എങ്കിലും പത്താം ക്ലാസ്സു വരെയെങ്കിലും മാതൃഭാഷയിൽ പഠനം നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് രക്ഷകർത്താക്കളെ ബോധവാന്മാരാക്കിയാൽ ഇംഗ്ലീഷ് മീഡിയം ഭ്രമം തെല്ലൊന്നു കുറയുക തന്നെ ചെയ്യും.

പ്രീ പ്രൈമറി നഴ്സറി വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കുന്ന സ്ഥാപനങ്ങളും ഈ പഞ്ചായത്തു പ്രദേശത്തുണ്ട്. സ്വകാര്യ മേഖലയിൽ 6 പ്രീ പ്രൈമറി നഴ്സറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അംഗനവാടികളോടു ചേർന്നു ബാലവാടികൾ പ്രവർത്തിക്കുന്ന സമ്പ്രദായ ഈ പഞ്ചായത്തിൽ ഇല്ല. ശിശുക്ഷേമ പ്രൊജക്ടുകൾ ഈ പഞ്ചായത്തു പ്രദേശത്ത് ആരംഭിക്കുന്നതിനു നടപടികൾ ആയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 27 കേന്ദ്രങ്ങളിൽ അംഗനവാടികൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആയിട്ടുണ്ട്. ഈ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിക്കുമ്പോൾ ബാലവാടികളുടെ പ്രവർത്തനം ശക്തപ്പെടുകയും സാധാരണക്കാരുടെ കുട്ടികളുടെ പ്രീ–പ്രൈമറി തല പഠനത്തിന് വഴിയൊരുക്കുകും ചെയ്യും എന്നു പ്രത്യാശിക്കുന്നു. കൂടാതെ നിലത്തെഴുത്ത് (കളരി സമ്പ്രദായം) അഭ്യസിപ്പിക്കുന്ന പതിവും പഞ്ചായത്തു പ്രദേശത്തുണ്ട്. ഈ പഞ്ചായത്തിൽ നിന്നും 12 നിലത്തെഴുത്താശാൻ മാർക്ക് പ്രതിമാസം 50 രൂപാ വീതം ഗ്രാന്റു നല്കുന്നുണ്ട്.

സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർഷം തോറും കുറയുന്നതായിട്ടാണ് കാണുന്നത്. സ്വകാര്യ മേഖലയിലെ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളികളിൽ കുട്ടികളെ ചേർക്കുന്നതാണ് ഇതിനു കാരണം. ഈ പഞ്ചായത്തു പ്രദേശത്തെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ 1470 കുട്ടികൾ പഠനം നടത്തുന്നുണ്ട്. വിദ്യാഭ്യാസരംഗത്തെ വരേണ്യവൽക്കരിക്കാൻ നടത്തുന്ന ബോധപൂർവ്വമായ ശ്രമത്തിൽ സാധാരണക്കാർ പോലും പെട്ടു പോകുന്നതായാണ് ഇത് കാണിക്കുന്നത്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സാദ്ധ്യായ ദിവസങ്ങൾ നഷ്ടപ്പെടുന്നതും ഇവിടുത്തെ ഭൗതിക സാഹചര്യങ്ങളുടെയും പഠന സൗകര്യങ്ങളുടെയും പോരായ്മ ഒക്കെ ഈ വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുന്നതിന് കാരണമാകുന്നു.

ഇടക്കുവച്ചു പഠനം മുടങ്ങുന്ന കുട്ടികളുടെ എണ്ണം ഈ പഞ്ചായത്തു പ്രദേശത്ത് താരതമ്യേന കുറവായാണ് കാണുന്നത്. കുട്ടികളെ വിദ്യ അഭ്യസിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി രക്ഷാകർത്താക്കൾ ബോധവാന്മാരാണ്. എസ്സ്.എസ്സ്.എൽ.സി. വരെയെങ്കിലും പഠിക്കുക എന്നത് ഇവിടെ സർവ്വ സാധാരണമാണ്. എങ്കിലും കഴിഞ്ഞ വർഷം മൊത്തം 37 കുട്ടികൾ ഇടക്കു വച്ചു പഠനം

നിർത്തിയതായി കാണുന്നു. ഇതിൽ 12 പേർ പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. ഇത്തരത്തിൽ പഠനം മുടങ്ങിയ കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിനുള്ള സാഹചര്യമൊരുക്കുന്നതിൽ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

ഈ പഞ്ചായത്തു പ്രദേശത്തെ 3 ഹൈസ്കൂളുകളിലെ എസ്സ്.എസ്സ്.എൽ.സി പരീക്ഷാ വിജയം പരിശോധിച്ചതിൽ സ്റ്റേറ്റ് നിലവാരത്തിലും വളരെ മീതെയായിട്ടാണ് കാണുന്നത്. ഏറ്റവും മികച്ച നിലവാരം എസ്സ്.സി. ഹൈസ്കൂളിനാണ്. തൊട്ടു പിന്നിൽ മക്കപ്പുഴ എൻ.എസ്സ്.എസ്സ് ഹൈസ്കൂളും. ഊർജ്ജിത ശ്രമങ്ങൾ നടത്തിയാലേ സെന്റ് തോമസ് ഹൈസ്കൂളിന് മറ്റു സ്കൂളുകളോടൊപ്പം എത്താനാവൂ എന്നും കാണുന്നു. S.S.L.C പരീക്ഷയിൽ 91-92 സ്കൂൾ വർഷത്തിൽ നമ്മുടെ ഹൈസ്കൂളുകളിലെ 40.6 ശതമാനം കുട്ടികൾ വിജയിച്ചതായി കാണുന്നു. 95-96 ൽ 47 ശതമാനവും വിജയികളായി. പഠന നിലവാരത്തിന്റെ ഉയർച്ചയെയാണിതു കാണിക്കുന്നത്. എങ്കിലും S.S.L.C എന്ന കടമ്പ കടക്കുന്നതിൽ ഭൂരിഭാഗവും വിജയിക്കാത്തത് ഒട്ടും നല്ല പ്രവണതയല്ല.

ഈ പഞ്ചായത്തു പ്രദേശത്തു സ്കൂളുകളിലെ കുട്ടികളുടെ അദ്ധ്യയന നിലവാരം ഒട്ടും ആശാവഹമല്ല. പാദവാർഷിക പരീക്ഷകളും ടെസ്റ്റു പേപ്പറുകളുമൊക്കെ നടത്തി കുട്ടികളെ പരിശീലിപ്പിക്കുന്നുണ്ടെങ്കിലും നിലവാരത്തകർച്ചയാണ് കൂടുതൽ പേരിലും കാണുന്നത്. പഞ്ചായത്തു പ്രദേശത്തെ സ്കൂളുകളിലെ 3 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ പാദവാർഷിക പരീക്ഷകളിലെ വിജയ നിലവാരം ചുവടെ ചേർക്കുന്നു.

*പട്ടിക – 2*

*അക്കാദമിക് നിലവാരം*

| ക്ലാസ് | കുട്ടികൾ | കുട്ടികളുടെ പൊതു നിലവാരം | | | | |
|---|---|---|---|---|---|---|
| | | 30% ൽ താഴെ മാർക്കു വാങ്ങിയവർ | 30-40 ശതമാനം മാർക്ക് നേടിയവർ | 40-50 ശതമാനം മാർക്കു നേടിയവർ | 50-60 ശതമാനം മാർക്കു നേടിയവർ | 60% ൽ കൂടുതൽ മാർക്കു നേടിയവർ |
| 3 | 606 | 50 | 100 | 200 | 100 | 156 |
| 4 | 573 | 60 | 125 | 175 | 150 | 63 |
| 5 | 492 | 30 | 101 | 140 | 151 | 70 |
| 6 | 451 | 25 | 110 | 120 | 136 | 60 |
| 7 | 444 | 28 | 114 | 118 | 114 | 70 |
| 8 | 443 | 27 | 118 | 120 | 103 | 75 |
| 9 | 457 | 50 | 106 | 200 | 61 | 40 |
| 10 | 371 | 20 | 150 | 70 | 109 | 22 |

വിദ്യാഭ്യാസ നിലവാരത്തകർച്ചക്കുള്ള കാരണങ്ങൾ കണ്ടെത്തി താഴ്ന്ന ക്ലാസ്സുക ളിൽ മുതലേ തീവ്ര പരിശീലനം നൽകിയാൽ 80 ശതമാനം കുട്ടികളുംS.S.L.Cപരീക്ഷയിൽ വിജയികളാകും എന്നത് നിസ്തർക്കമാണ്.

പാഠ്യേതര വിഷയങ്ങളിൽ നമ്മുടെ സ്കൂളുകൾ കാര്യമായി ശ്രദ്ധിക്കുന്നില്ല. എൻ.സി.സി.യും സ്കൗട്ടും ഗൈഡും ഒക്കെ നാമമാത്രമായി മാത്രമേ മിക്ക് സ്കൂളുകളിലും പ്രവർത്തിക്കുന്നുള്ളു. എസ്സ്.സി. ഹൈസ്കൂ ളിലെ സ്കൗട്ട് ഗൈഡ് പ്രവർത്തനങ്ങൾ മികച്ച നിലവാരം പുലർത്തുന്നുണ്ട്. ജില്ലാ തലത്തി ലുള്ള കായിക മത്സരത്തിലും ശാസ്ത്ര മേള യിലും പ്രവൃത്തി പരിചയ മേളയിലും സി.എം.എസ്സ് കമ്മ്യൂണിറ്റി യു.പി. സ്കൂൾ കുട്ടികൾ പങ്കെടുത്തു വിജയികളായിട്ടുണ്ട്. വിജ്ഞാനോത്സവം, മറ്റു മത്സരങ്ങൾ തുട ങ്ങിയവകളിലൊന്നും മികച്ച വിജയം നേടാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടില്ല. അദ്ധ്യ യന നിലവാരം മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധി ക്കുന്നതോടൊപ്പം പാഠ്യേതര കാര്യങ്ങളിലും മികവു നേടാനും ശ്രദ്ധിക്കേണ്ടതാണ്. കായിക രംഗത്ത് നല്ല മികവു നേടാൻ പറ്റിയ അന്ത രീക്ഷം ഈ പഞ്ചായത്തിലുണ്ട്. എസ്സ്.സി. ഹൈസ്കൂൾ മാത്രമേ ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നുള്ളു.

സ്വകാര്യ ട്യൂഷനും ട്യൂട്ടോറിയൽ സ്ഥാപനങ്ങളും ഈ പഞ്ചായത്തു പ്രദേശത്ത് വ്യാപകമായുണ്ട്. രാവിലെ 6 മണി മുതൽ 9 മണിവരെയും വൈകുന്നേരം 4 മണി മുതൽ 6 മണി വരെയും ട്യൂഷനു പോകേണ്ട കുട്ടിക ളാണ് ഏറെപ്പേരും. കൂടാതെ അവധി ദിവസ ങ്ങളിലും സ്വകാര്യ ട്യൂഷനു പോകണം ചുരു ക്കത്തിൽ സ്വയം പഠിക്കുന്നതിനുള്ള സമയം ഇന്ന് മിക്ക കുട്ടികൾക്കും ലഭിക്കുന്നില്ല. സ്കൂളിലെ അദ്ധ്യയനത്തിനു സമാന്തരമായി നടത്തുന്ന ഈ ട്യൂഷൻ സമ്പ്രദായം നിരു ത്സാഹപ്പെടുത്തേണ്ടതു തന്നെ. പക്ഷേ സ്വകാര്യ ട്യൂഷൻ സമ്പ്രദായം ഈ പഞ്ചാ യത്തു പ്രദേശത്ത് ശക്തിപ്പെടുന്നതായാണു കാണുന്നത്.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്തില്ല. കമ്പ്യൂട്ടർ പഠനത്തിൽ ശ്രദ്ധിക്കുന്ന ഒരു സ്വകാര്യ സ്ഥാപ നവും ഒരു സ്വകാര്യ ഐ.ടി.ഐയും ഇവിടെ യുണ്ട്. ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ടെ ങ്കിലും കുട്ടികൾ ഈ രംഗത്തേക്കു വരുന്ന തിൽ തല്പരരല്ല. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സ്ഥാപനങ്ങൾ ഉണ്ടകേ ണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തു പ്രദേ ശത്തെ ധാരാളം ആൾക്കാർ വിദേശത്തു തൊഴിലെടുക്കുന്നുണ്ട്. സാങ്കേതിക ജ്ഞാന മുള്ളവർക്ക് വിദേശത്തും സംസ്ഥാനത്തിനു പുറത്തും തൊഴിൽ സാദ്ധ്യത ധാരാളമായുണ്ട്. ഇതു കണക്കിലെടുത്ത് കൂടുതൽ സാങ്കേ തിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പഞ്ചാ യത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് രംഗങ്ങളിൽ പ്രാധാന്യം കൊടുത്തു കൊണ്ടുള്ള പുത്തൻ സാങ്കേതിക വിദ്യ അഭ്യസിപ്പിക്കുന്നതിൽ പ്രത്യേക ഊന്നൽ കൊടുക്കുന്ന വിദ്യാഭ്യാസ സ്ഥാപ നങ്ങൾ ഇനിയും ഇവിടെ ഉണ്ടാകേണ്ടിയിരി ക്കുന്നു.

## *ഭൗതിക സാഹചര്യങ്ങൾ*

ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളിൽ തികഞ്ഞ അപ ര്യാപ്തതയാണുള്ളത്. എല്ലാ സ്കൂളുകൾക്കും സ്വന്തമായി കെട്ടിടങ്ങളുണ്ട്. പക്ഷേ അവ യ്ക്കൊന്നും മതിയായ സൗകര്യങ്ങളില്ല. കക്കൂസ്, മൂത്രപ്പുര, കളിസ്ഥലം, കുടിവെള്ളം, ലൈബ്രറികൾ. ലാബറട്ടറികൾ തുടങ്ങിയവക ളുടെ പോരായ്മ എല്ലാ സ്കൂകളിലും അനുഭവ പ്പെടുന്നുണ്ട്. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി കൾ നടത്താത്തതു മൂലം കെട്ടിടങ്ങൾ ഏറെയും ബലക്ഷയങ്ങളാണ്. കാറ്റും മഴയും വന്നാൽ ഈ കെട്ടിടങ്ങളിൽ കുട്ടികളെ ഇരുത്താൻ ഭയ പ്പെടുന്ന സാഹചര്യങ്ങളാണുള്ളത്.

## പട്ടികം – 3

## ഭൗതിക സാഹചര്യങ്ങൾ

| നമ്പർ | സ്കൂളിന്റെ പേര് | സ്ഥലത്തിന്റെ വിസ്തീർണ്ണം | കളിസ്ഥലം | മൂത്രപ്പുര | കക്കൂസ് | വൈദ്യുതി | കുടിവെള്ളം | അത്യാവശ്യം വേണ്ടത് |
|---|---|---|---|---|---|---|---|---|
| 1 | S.C.H.S, റാന്നി | 3 ഏക്കർ 4 സെന്റ് | 75 സെന്റ് | 7 | 2 | ഉണ്ട് | ഉണ്ട് | ചുറ്റുമതിൽ |
| 2 | N.S.S. H.S., മക്കപ്പുഴ | 6 ഏക്കർ | 50 സെന്റ് | 5 | 2 | ഉണ്ട് | ഉണ്ട് | ചുറ്റുമതിൽ |
| 3 | സെന്റ് തോമസ് ഹൈസ്കൂൾ, റാന്നി | 2 ഏക്കർ 50 സെന്റ് | 15 സെന്റ് | 6 | - | ഉണ്ട് | ഉണ്ട് | ചുറ്റുമതിൽ |
| 4 | Govt. U.P.S., പഴവങ്ങാടി | 1 ഏക്കർ 15 സെന്റ് | 15 സെന്റ് | - | - | ഇല്ല | ഉണ്ട് | ചുറ്റുമതിൽ-ഫർണിച്ചർ |
| 5 | C.M.S. കമ്മ്യൂണിറ്റി UPS റാന്നി | 1 ഏക്കർ 10 സെന്റ് | 15 സെന്റ് | 2 | - | ഇല്ല | ഇല്ല | ചുറ്റുമതിൽ-ഫർണിച്ചർ |
| 6 | MCUPS ചേത്തയ്ക്കൽ | 1 ഏക്കർ 20 സെന്റ് | 50 സെന്റ് | 2 | - | ഇല്ല | ഉണ്ട് | ചുറ്റുമതിൽ-ഫർണിച്ചർ |
| 7 | Govt. L.P.S., ഐത്തല | 9.5 സെന്റ് | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല | ഉപകരണങ്ങൾ |
| 8 | C.M.S. L.P.S. റാന്നി പഴവങ്ങാടി | 75 സെന്റ് | 40 സെന്റ് | 1 | 1 | ഉണ്ട് | ഉണ്ട് | ചുറ്റുമതിൽ |
| 9 | സെന്റ്തോമസ് L.P.S. ചെല്ലക്കാട് | 50 സെന്റ് | 10 സെന്റ് | 1 | - | ഇല്ല | ഉണ്ട് | ഫർണിച്ചർ |
| 10 | G.L.P.S., വട്ടാർകയം | 1 ഏക്കർ | 15 സെന്റ് | 1 | - | ഇല്ല | ഇല്ല | ചുറ്റുമതിൽ-ഫർണിച്ചർ |
| 11 | M.D. L.P.S., പൂഴിക്കുന്ന് | 15 സെന്റ് | 5 സെന്റ് | 1 | - | ഇല്ല | ഇല്ല | ചുറ്റുമതിൽ-ഫർണിച്ചർ |
| 12 | G.L.P.S, മക്കപ്പുഴ | 95 സെന്റ് | 80 സെന്റ് | 2 | - | ഇല്ല | ഇല്ല | ചുറ്റുമതിൽ-ഫർണിച്ചർ |
| 13 | N.M.L.P.S., മന്ദമരുതി | 50 സെന്റ് | 35 സെന്റ് | 1 | - | ഇല്ല | ഇല്ല | ചുറ്റുമതിൽ-ഫർണിച്ചർ |
| 14 | ഹോളിഫാമിലി L.P.S. ചേത്തയ്ക്കൽ | 1 ഏക്കർ | 25 സെന്റ് | 2 | - | ഇല്ല | ഇല്ല | ചുറ്റുമതിൽ-ഫർണിച്ചർ |
| 15 | C.M.S. L.P.S., പെരുവേലി | 50 സെന്റ് | 25 സെന്റ് | 1 | - | ഇല്ല | ഇല്ല | ചുറ്റുമതിൽ-ഫർണിച്ചർ |
| 16 | G.L.P.S., കരികുളം | 22 സെന്റ് | ഇല്ല | 1 | 1 | ഇല്ല | ഇല്ല | പുതിയകെട്ടിടം-ഫർണിച്ചർ |
| 17 | S.N.D.P. L.P.S., മുക്കാലുമൺ | 58 സെന്റ് | 40 സെന്റ് | 2 | - | ഉണ്ട് | ഇല്ല | ചുറ്റുമതിൽ |
| 18 | M.S.C. L.P.S., കാഞ്ഞിരത്താമല | 28 സെന്റ് | 4 സെന്റ് | 1 | 1 | ഇല്ല | ഇല്ല | ചുറ്റുമതിൽ |

എസ്സ്.എസ്സ്.എൽ.സി പരീക്ഷയിൽ മികച്ച വിജയം നേടുന്ന കുട്ടികൾക്ക് കാഷ് അവാർഡു നല്കി ആദരിക്കുന്നതിന് പഞ്ചായത്ത് തയ്യാറായിട്ടുണ്ട്. താഴ്ന്ന ക്ലാസ്സുകളിലും മികച്ച വിജയം നേടുന്നവരെ ആദരിക്കുന്നത് പഞ്ചായത്ത് തയ്യാറാകണം. നിർധനരായ സ്കൂൾ കുട്ടികൾക്ക് യൂണിഫോറവും കുടയും നല്കുന്നതിനും പഞ്ചായത്ത് തയ്യാറാകേണ്ടിയിരിക്കുന്നു. സ്കൂളുകളിലെ പാഠ്യനിലവാരം മെച്ചപ്പെടുത്തുന്നതിനും പഠന സൗകര്യങ്ങൾ ഒരുക്കുന്നതിലും പഞ്ചായത്ത് കാര്യമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പ്രൈമറി സ്കൂളുകളുടെ നിയന്ത്രണം പൂർണ്ണമായും പഞ്ചായത്തുകളെ ഏല്പിച്ച സാഹചര്യത്തിൽ ഈ കാര്യങ്ങളിൽ പഞ്ചായത്ത് ജാഗരൂകരാകേണ്ടിയിരിക്കുന്നു. ഐത്തല ഗവ: എൽ.പി.എസ്, വട്ടാർകയം ഗവ: എൽ.പി.എസ്, മക്കപ്പുഴ ഗവ: എൽ.പി.എസ് എന്നീ വിദ്യാലയങ്ങളുടെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പഴവങ്ങാടി പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്കൂൾPTA തൃപ്തികരമായി നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നു. വരും വർഷങ്ങളിൽ കാലേകൂട്ടി അറ്റകുറ്റപ്പണികൾ നടത്താൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

എല്ലാ സ്കൂളുകളിലും അദ്ധ്യപക രക്ഷാകർത്തൃ സമിതികൾ (PTA) പ്രവർത്തിക്കുന്നുണ്ട്. സാഹിത്യ സമാജങ്ങളുടെ പ്രവർത്തനവും മിക്ക സ്കൂളുകളിലും നടക്കുന്നുണ്ട്. യുവജനോത്സവങ്ങൾ, കായികമേളകൾ സ്കൂൾ വാർഷികങ്ങൾ എന്നിവ നാമമാത്രമായി മാത്രമേ നടക്കുന്നുള്ളു.

പഴവങ്ങാടി പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും ദ്വിതീയ വിവരശേഖരണങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വരികയുണ്ടായി.

1. സാങ്കേതിക വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്തു കൊണ്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ സ്ഥാപിക്കുക. സർക്കാർ ഉടമസ്ഥതയിൽ ഒരു I.T.I. ആരംഭിക്കുക.

2. എല്ലാ എൽ.പി. സ്കൂളുകളോടും ചേർന്ന് പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കുക.

3. ഈ പഞ്ചായത്തു പ്രദേശത്തെ മൂന്നു സ്വകാര്യ ഹൈസ്കൂളിലും പ്ലസ് ടൂ (+2) കോഴ്സ് ആരംഭിക്കണം.

4. വിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്തുന്നതിനു സത്വര ശ്രദ്ധപതിയേണ്ടിയിരിക്കുന്നു. ലാബറട്ടറികൾ, ലൈബ്രറികൾ തുടങ്ങിയവ മെച്ചപ്പെടുത്തുക. സ്കൂൾ ലൈബ്രറികളിൽ കൂടുതൽ ഗ്രന്ഥങ്ങൾ വാങ്ങുകയും ആനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തുകയും ചെയ്യുക.

5. മന്ദമരുതി എം.സി.യു.പി സ്കൂൾ, പഴവങ്ങാടിക്കര ഗവ: യു.പി.എസ്, മുക്കാലുമൺ എസ്സ്.എൻ.ഡി.പി. എൽ.പി. സ്കൂൾ, ഐത്തല ഗവ: എൽ.പി. സ്കൂൾ എന്നീ വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുക.

6. എൻ.സി.സി., സ്കൗട്ട്, ഗൈഡ്സ് എന്നിവയുടെ പ്രവർത്തനങ്ങൾ എല്ലാ ഹൈസ്കൂളുകളിലും വ്യപിപ്പിക്കുക.

7. സ്കൂളുകളിൽ പച്ചകൃഷി നടത്തുന്നതിനു ശ്രമിക്കുക. കുട്ടികളുടെ ഒഴിവു സമയം ഇതിനായി വിനിയോഗിക്കുക.

8. വൈദ്യുതി കുടിവെള്ളം എന്നിവ എല്ലാ സ്കൂളുകളിലും ലഭ്യമാക്കുക. കക്കൂസ്, മൂത്രപ്പുര തുടങ്ങിയ പ്രാഥമിക സൗക

ര്യങ്ങൾ എല്ലാ സ്കൂളുകളിലും നിർമ്മിക്കുക.

9. പഠനപര്യടനം, വിനോദയാത്ര തുടങ്ങിയവകൾ എല്ലാ വർഷവും നടത്തുക. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന മുഴുവൻ കുട്ടികളുടേയും ചെലവുകൾ പഞ്ചായത്ത് ഏറ്റെടുത്ത് ഈ യാത്രാ പരിപാടി നടപ്പിലാക്കുക.

10. എല്ലാ സ്കൂളുകളുടേയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക. എല്ലാ സ്കൂളുകളിലും ടി.വി. സ്ഥാപിക്കുന്നതിന് പഞ്ചായത്ത് ധന സഹായം നല്കുക.

11. PTA, മാതൃസംഘം എന്നിവ എല്ലാ സ്കൂളുകളിലും ആരംഭിക്കയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

12. വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചിയും പൊതു വിജ്ഞാനവും വർദ്ധിപ്പിക്കുന്നതിനുതകുന്ന ചർച്ചാ ക്ലാസ്സുകൾ നടത്തുക. കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനുതകുന്ന വിധം ഗ്രന്ഥപാരായണവും ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിക്കുക.

13. പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ നടത്തുക.

14. ഉച്ചക്കഞ്ഞി വിതരണം PTAയുടെ ആഭിമുഖ്യത്തിൽ ഫലപ്രദമായി നടത്തുക.

15. തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക. നോട്ടുബുക്കുകൾ, കുട, ചെരുപ്പ് തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള പരിശീലനം കുട്ടികൾക്കു നല്കുക.

16. തുടർ വിദ്യാഭ്യാസത്തിനുതകുന്ന പദ്ധതികൾക്കു രൂപം നല്കുക. എസ്സ്.എസ്സ്.എൽ.സി തോറ്റു നില്ക്കുന്നവരുടെ തുടർ പഠനത്തിനു വേണ്ട സഹായം നല്കുക.

17. കമ്പ്യൂട്ടർ ഇലക്ട്രോണിക്സ് പഠനം എല്ലാ ഹൈസ്കൂളുകളിലും നടപ്പിലാക്കുക.

18. പാഠ്യേതര വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുവാനും കുട്ടികളെ കർമ്മോത്സുകരാക്കാനും അവരിൽ അച്ചടക്കവും ആത്മവിശ്വാസവും വളർത്താനുതകുന്ന ഇതര പ്രവർത്തനങ്ങൾ (സാഹിത്യ സമാജം, കൈയ്യെഴുത്തു മാസിക, പൂന്തോട്ട പച്ചക്കറി തോട്ട നിർമ്മാണം) ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കുക.

19. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം, ഫർണിച്ചറുകൾ തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത് സ്കൂളുകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ അവ ഏർപ്പെടുത്തുക.

20. മികച്ച വിജയം നേടുന്ന കുട്ടികൾക്ക് കാഷ് അവാർഡു നല്കുക.

21. ആരോഗ്യവിജ്ഞാനം, പരിസ്ഥിതി പഠനം എന്നിവ ഹൈസ്കൂൾ ക്ലാസ്സുകൾ മുതൽ പ്രത്യേക പാഠ്യ വിഷയമാക്കുക.

22. റാന്നി പ്രദേശം കേന്ദ്രമായി ഒരു വിദ്യാഭ്യാസ ജില്ല രൂപീകരിക്കുകയും അതിന്റെ ആസ്ഥാനം പഴവങ്ങാടി പഞ്ചായത്തിൽ ആക്കുകയും ചെയ്യുക. വിദ്യാഭ്യാസ വകുപ്പിന്റെ ഈ പഞ്ചായത്തലുള്ള സ്ഥലം വിദ്യാഭ്യാസ ഓഫീസിന്റെ കെട്ടിടത്തിനു വേണ്ടി വിട്ടു കൊടുക്കുക.




# 5.5

# കുടിവെള്ളവും പൊതുജനാരോഗ്യവും

മനുഷ്യന്റെ ആരോഗ്യ സംരക്ഷണത്തിന് മർമ്മ പ്രധാനമായ ഘടകങ്ങളാണ് കുടിവെള്ളവും ശുദ്ധവായുവും കുന്നുകളും താഴ്‌വരകളും സമ്മിശ്രമായ ഈ പഞ്ചായത്തു പ്രദേശത്തു കുടിവെള്ളക്ഷാമം രൂക്ഷമാണ്. ചെറിയ ചെറിയ ജലസ്രോതസ്സുകളും ഒലിപ്പുചാലുകളും കിണറുകളും ചുരുക്കം ചില പ്രദേശങ്ങളിൽ ലഭ്യമാണ്. കുടി നീർക്ഷാമ പരിഹാരാർത്ഥം ഐത്തല വാട്ടർ സപ്ലൈസ്കീം, കരികുളം പദ്ധതി, ചെല്ലയ്ക്കാട്, പെരുന്തേനരുവി എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും കുടിവെള്ള ലഭ്യതയ്ക്ക് ഒരു പരിധിവരെ പോലും പോംവഴി കണ്ടെത്താനായിട്ടില്ല. പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും കിണറുകളേയും കുഴൽ കിണറുകളേയും ആശ്രയിച്ചാണ് ജീവിക്കുന്നത്. എന്നാൽ കിണറുകളിൽ ആറുമാസത്തിലധികം വെള്ളം ലഭിക്കുന്നില്ല. ഈ കാലഘട്ടത്തിൽ തോടുകളിലും നിലങ്ങളിലും കുളങ്ങൾ കുത്തിയാണ് ജലം ഉപയോഗിക്കുന്നത്.

### *മുഖ്യ ജലസ്രോതസ്*

പെരുന്തേനരുവി വാട്ടർ സപ്ലൈ സ്കീം, കാഞ്ഞിരം കണ്ടത്തിലെ പൊതു കിണർ അങ്ങാടി പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ സപ്ലേ സ്കീം, ചെല്ലയ്ക്കാട് പമ്പ് ഹൗസ്, പൂഴിക്കുന്നു ജംഗ്ഷനിലുള്ള കുഴൽ കിണർ, മുണ്ടുകോട്ടയ്ക്കൽ കുളം, വട്ടാർകയം തോട്, പനവേലി കുഴി ജനകീയ ജലസേചന പദ്ധതി, ചേത്തയ്ക്കൽ വലിയകുളം, മാടത്തുപടിക്കൽ പൊതുകുളം, മാടത്തരുവി തോട് കരികുളം പദ്ധതി, ഈ പഞ്ചായത്തിലെ നീരൊഴുക്കുകൾ എന്നീ ജലസ്രോതസ്സുകൾ കാര്യക്ഷമമാക്കിയാൽ ഒരു പരിധിവരെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയും.

### *നിർദ്ദേശങ്ങൾ*

### *ഒന്നാം വാർഡ്*

നിലവിലുള്ള ഐത്തല മൈനർ പ്രൊജക്ടിന്റെ പരാധീനതകൾ പരിഹരിക്കുക.

### രണ്ടാം വാർഡ്

കാഞ്ഞിരംകണ്ടത്തിലെ പൊതുകിണറിന് ആഴംകൂട്ടി മൈനർ പദ്ധതിയാക്കുക.

### മൂന്നാം വാർഡ്

ആനത്തടം പുലിയുറുമ്പും കോട്ടവാഴേപ്പടി എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കുക.

### നാലാം വാർഡ്

പൂഴിക്കുന്നു ജംഗ്ഷനിലെ കുഴൽ കിണർ നന്നാക്കുക. ചെല്ലക്കാട് വാട്ടർ സപ്ലൈസ്കീം പുതിയ പമ്പുസെറ്റു സ്ഥാപിച്ച് ജലവിതരണം വിപുലീകരിക്കുക. ചെല്ലക്കാട്ട് പൂഴിക്കുന്ന് റോഡിൽ പൈപ്പ്ലൈൻ നീട്ടുക.

### അഞ്ചാം വാർഡ്

മുണ്ടുകോട്ടയ്ക്കൽ കുളം മേജർ വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക. വട്ടാർകയത്തിൽ ചെക്കുഡാം സ്ഥാപിക്കുക. നമ്പരയ്ക്കുമണ്ണിൽ പാറക്കുളം കെട്ടി സംരക്ഷിക്കുക.

### ആറാം വാർഡ്

പനവേലിക്കുഴി ജനകീയ ജലസേചന പദ്ധതി പനവേലിക്കുഴിയിൽ ടാങ്കു കെട്ടി വിപുലീകരിക്കുക.

കുന്നുംപുറത്തു കോളനിയിൽ വെള്ളം കിട്ടാൻ മക്കപ്പുഴ നിലത്തിൽ കുളം കുഴിച്ചു സജ്ജീകരിക്കുക.

പെരുന്തേനരുവി പദ്ധതി വാർഡിൽ ജലലഭ്യതയില്ലാത്തിടങ്ങളിൽ എത്തിക്കുക. ചേത്തയ്ക്കൽ വലിയകുളം സംരക്ഷിക്കുക. അമ്പല ജംഗ്ഷനിലെ പഞ്ചായത്ത് കിണർ താഴ്ത്തി കൂടുതൽ വെള്ളം ലഭ്യമാക്കുക.

### ഏഴാം വാർഡ്

പെരുന്തേനരുവി പദ്ധതി പൂർണ്ണമായി വാർഡിൽ നടപ്പിലാക്കുക.

### എട്ടാം വാർഡ്

പെരുന്തേനരുവി പദ്ധതിയുടെ പ്രയോജനം ഈ വാർഡിൽ ബാക്കി ഭാഗങ്ങളിലും എത്തിക്കുക. പലഭാഗങ്ങളിലും പൈപ്പുകൾ ഇട്ടിട്ടുണ്ട്. പൈപ്പുകൾ ഇടാത്ത ഭാഗങ്ങളിലും പൈപ്പുകൾ ഇട്ട് ജലക്ഷാമം പരിഹരിക്കുവാൻ കഴിയും, പ്രത്യേകിച്ച് പൈപ്പുലൈൻ ചേത്തയ്ക്കൽ നിന്നും ചെല്ലയ്ക്കാട്ടുവരെ നീട്ടേണ്ടതാണ്. മന്ദമരുതി എം.സി.യു.പി. സ്കൂളിലെ കുട്ടികൾ ജലത്തിന് വളരെയധികം കഷ്ടപ്പെടുന്നുണ്ട്. അവിടെ ജലമെത്തിക്കാൻ നടപടിയുണ്ടാകണം. മൂന്നു വാർഡുകളുടെ സംഗമ സ്ഥലമായ മന്ദമരുതി ജംഗ്ഷനിൽ രൂക്ഷമായ ജലക്ഷാമമനുഭവപ്പെടുന്ന സ്ഥലമാണ്. ഇവിടെ ഒരു കുഴൽ കിണർ കുഴിച്ചാൽ ജലക്ഷാമത്തിന് പരിഹാരമാകും കണ്ണങ്കരപടി മുതൽ ഫാക്ടറിപടി വരെ, ഇടമുറിപാലം, റബ്ബർബോർഡ് പടി, മലയാറ്റ്പടി, മന്ദമരുതി പടി മുതൽ സ്റ്റോർപടി വരെ. തുടങ്ങിയ സ്ഥലങ്ങളിലേക്ക് പെരുന്തേനരുവി പദ്ധതിയുടെ പ്രയോജനം എത്തിക്കുക. പൈപ്പ്ലൈൻ ഇടാൻ പറ്റാത്ത സ്ഥലങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക. മാടത്തരുവി, മിനിഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ട് നടപ്പിലാക്കി അതിൽ നിന്നും ലഭിക്കുന്ന വെള്ളം ഈ വാർഡിന്റെ ഉയർന്ന സ്ഥലമായ ചേത്തയ്ക്കൽ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പു ചെയ്ത് എത്തിച്ച് ഈ വാർഡിന്റെ എല്ലായിടത്തും വെള്ളം എത്തിക്കാവുന്നതാണ്.

### ഒൻപതാം വാർഡ്

മാടത്തുംപടിക്കലുള്ള പൊതുകിണർ വൃത്തിയാക്കി പമ്പുസെറ്റ് സ്ഥാപിച്ച് പെരുവ

യൽ മലയിൽ ഒരു ടാങ്ക് സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്ത് ഈ വാർഡിൽ ജലം എത്തിക്കണം. പെരുന്തേനരുവി പദ്ധതിയിൽ ഈ വാർഡിന്റെ കുറെക്കൂടി ഭാഗങ്ങൾ ഉൾപ്പെടുത്തുക. മാടത്തരുവിയിൽ ഒരു ഡാം കെട്ടിയാൽ വട്ടകപ്പാറയിലും നീരാട്ടുകാവ് ഗിരിജൻ കോളനിയിലും വെള്ളം എത്തിക്കാവുന്നതാണ്.

### *പത്താം വാർഡ്*

ഏറ്റവും രൂക്ഷമായ ജലക്ഷാമമനുഭവപ്പെടുന്ന വാർഡാണ്. വാർഡിലുള്ള കരികുളം പദ്ധതി മുണ്ടിയാന്തറയിൽ ആണ് സ്ഥിതിചെയ്യുന്നത്. വേനൽക്കാലത്ത് കരികുളം പദ്ധതിയിൽ നിന്നും ജലം ലഭ്യമല്ല. ഗുരുമന്ദിരം, മലയ്ക്കത്തടം, കാഞ്ഞിരത്താമല, കെടാമുള പടി, കൊന്നയ്ക്കൽ പടി, കാരയ്ക്കൽ പടി എന്നീ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടേണ്ടതാണ്. 3 വിദ്യാലയങ്ങൾ ഈ വാട്ടർ പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്. നിലവിലുള്ള 3 കുഴൽകിണറുകളിലെ വെള്ളം ഉപയോഗ ശൂന്യമാണ്. അത് ഉപയോഗ യോഗ്യമാക്കണം. കരികുളം പദ്ധതി ഐത്തല മേജർ പ്രൊജക്ടുമായി ലിങ്ക് ചെയ്യണം.

### *പതിനൊന്നാം വാർഡ്*

അടച്ചിപ്പുഴ ജലപദ്ധതി കമ്മീഷൻ ചെയ്ത് മോതിരവയൽ വാർഡിൽ പൈപ്പ് ലൈൻ ഇട്ട് വെള്ളം എത്തിക്കുക. മുക്കാലുമണ്ണിൽ ഒരു ചെക്ക്ഡാം കെട്ടിയാൽ കിണറുകളിൽ വെള്ളം നിലനിർത്താൻ സാധിക്കും. മോതിരവയൽ, ഉരുളേൽ, കല്യാണിമുക്ക്, വരമ്പയ്ക്കൽ പതാൽ, 52 പട്ടികജാതി കോളനി എന്നിവിടങ്ങളിലെ കുഴൽ കിണറുകൾ പ്രവർത്തനക്ഷമമല്ല. ഇവ ഉപയോഗ്യമാക്കണം. മോതിരവയൽ മുക്കാലുമൺ തോട്ടിൽ ബണ്ട് കെട്ടിയാൽ സമീപത്തുള്ള കിണറുകളിൽ വെള്ളം ഒരു പരിധിവരെ കിട്ടുന്നതാണ്.

### *മറ്റു നിർദ്ദേശങ്ങൾ*

1. ഉയർന്ന സ്ഥലങ്ങളിൽ നീർ കുഴികൾ കുഴിച്ചും, വരമ്പുകളിട്ടും മഴവെള്ളം സംഭരണം വർദ്ധിപ്പിക്കണം.
2. ഐത്തല മേജർ സ്കീം (വാട്ടർസപ്ലൈ) അടിയന്തിരമായി നടപ്പാക്കുക. ഈ പദ്ധതിപ്രകാരം കോളേജ് മലയിൽ ഒരു ടാങ്ക് കെട്ടി വെള്ളം സംഭരിച്ച് വിതരണം ചെയ്താൽ ഈ പഞ്ചായത്തിലെ 1, 2, 3, 8, 9, 10, 11 എന്നീ വാർഡുകൾക്ക് പ്രയോജനമായിരിക്കും.
3. പെരുന്തേനരുവി വാട്ടർ സപ്ലൈ സ്കീം വിപുലീകരിച്ചാൽ പഞ്ചായത്തിലെ ബാക്കി വാർഡുകളിലേയും കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാനാവും.
4. നിലവിലുള്ള വാട്ടർ സ്പ്ലൈ സ്കീമുകൾ വിപുലീകരിക്കയും കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തുകയും ചെയ്യണം.
5. നിലവിലുള്ള പഞ്ചായത്ത് കിണറുകൾ ആഴം കൂട്ടിയും കുഴൽ കിണറുകൾ കേടുപാടുകൾ തീർത്തും ഉപയോഗപ്രദമാക്കുക.
6. ഫലപ്രദമായ സ്ഥലങ്ങളിൽ പുതിയ കുഴൽ കിണറുകൾ സ്ഥാപിക്കുക.
7. സ്ഥിരമായി ജല ലഭ്യതയുള്ള താണ പ്രദേശങ്ങളിൽ പൊതുകുളങ്ങൾ നിർമ്മിക്കുക.
8. മാടത്തരുവി, ഇടമൺ പൊട്ടനരുവി, മീമൂട്ടുപാറ, വട്ടാർകയം എന്നീ സ്ഥലങ്ങളിൽ തോടിനു കുറുകെ ചെക്ക് ഡാം നിർമ്മിക്കുക.





# ആരോഗ്യം

ആരോഗ്യരംഗത്ത് വളരെയധികം പോരായ്മകളുള്ള പഞ്ചായത്താണ്. വിദഗ്ദ്ധ ചികിത്സയ്ക്കായി 10 കിലോമീറ്ററിലധികം യാത്ര ചെയ്യേണ്ടി വരുന്നുണ്ട്. പഞ്ചായത്തിൽ കിടത്തി ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രികളില്ല. ആയൂർവേദ ഹോമിയോ ആശുപത്രികൾ നിലവിലില്ല. ഒരു പി.എച്ച്. സെന്റർ മാത്രമാണ് പഞ്ചായത്തിലുള്ളത്. അവിടെ ഡോക്ടറുടെ മുഴുവൻ സമയ സേവനം ലഭ്യമാകുന്നില്ല. കെട്ടിടത്തിന്റെ സ്ഥിതി ശോചനീയാവസ്ഥയിലാണ്. ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് ഫീൽഡ് വർക്കർ മാരുടെ സേവനം കാര്യമായി ലഭിക്കുന്നില്ല. പൊതുജനാരോഗ്യത്തെക്കുറിച്ച് പറയുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്നതാണ്. ശുചിത്വം ഇതിൽ പ്രഥമമായി വേണ്ടതാണ് കക്കൂസ്. പഞ്ചായത്തിൽ 2800 വീടുകൾക്ക് കക്കൂസില്ല. ഗ്രാമസഭകളിൽ നിന്നുയർന്നു വന്നിട്ടുള്ള ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

### ഒന്നാം വാർഡ്

ആരോഗ്യസബ്സെന്റർ സ്ഥാപിക്കണം. സ്ഥലവും സൗകര്യവും ലഭ്യമാണ്. കൊതുകു നിവാരണ പ്രവർത്തനങ്ങൾ അടിയന്തിരമായി നടത്തണം. വാർഡിൽ പൊതുവെ 300 കക്കൂസുകൾ വേണം.

### രണ്ടാം വാർഡ്

ഏറ്റവും വൃത്തിഹീനമായി കിടക്കുന്നതാണ് വാർഡിന്റെ പ്രധാന ഭാഗത്ത് സ്ഥിതി ചെയ്യുന്ന ബസ് സ്റ്റാൻഡും പരിസരവും. ഇത് വൃത്തിയാക്കി സൂക്ഷിക്കണം. ഓടകൾ വൃത്തിയാക്കുകയും ബസ്സ്റ്റാൻഡിൽ നിന്നും ചപ്പുചവറുകൾ നീക്കം ചെയ്യുകയും ചെയ്യണം. മാലിന്യങ്ങൾ ഇടാൻ ബസ്സ്റ്റാൻഡിൽ ബോക്സുകൾ സ്ഥാപിക്കുക. പൊതുകക്കൂസുകൾ സ്ഥാപിക്കണം. 300 കക്കൂസുകൾ ഈ വാർഡിൽ വേണ്ടതുണ്ട്.

### മൂന്നാം വാർഡ്

.ഒരു പി.എച്ച്.സി. ഇവിടെ സ്ഥാപിക്കണം. ഈ വാർഡിലാണ് പഞ്ചായത്തിലെ ഏറ്റവും പ്രശസ്തമായ ചന്ത സ്ഥിതിചെയ്യുന്നത്. ഇവിടുത്തെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ നടപടിയുണ്ടാക്കണം മാലിന്യങ്ങൾ ഒരു Bio gas plant സ്ഥാപിച്ച് അതിൽ നിക്ഷേപിച്ചാൽ അതിൽ നിന്നുണ്ടാകുന്ന ഗ്യാസ് പൈപ്പ്ലൈൻ വഴി മാർക്കറ്റിലെ ചായ കടകൾക്ക് നൽകാവുന്നതാണ്. അതിന്റെ ഫീസ് കടക്കാരിൽ നിന്നും ഈടാക്കാവുന്നതാണ്. അങ്ങനെ മാലിന്യ പ്രശ്നം പരിഹരിക്കുവാൻ സാധിക്കും. കക്കൂസില്ലാത്ത 100 വീടുകൾ ഈ വാർഡിലുണ്ട്. ഇവിടെ ഒരു പൊതുശ്മശാനം സ്ഥാപിക്കുവാൻ നടപടിയുണ്ടാക്കണം. ആനത്തടം പ്രദേശത്ത് പൊതു കക്കൂസുകൾ സ്ഥാപിക്കണം. മാർക്കറ്റിൽ ഒരു അറവുശാല സ്ഥാപിക്കുകയും പരിശോധനാവിധേയമാക്കിയ മൃഗങ്ങളെ മാത്രം അറക്കുകയും ചെയ്യേണ്ടതാണ്.

### നാലാം വാർഡ്

ഒരു പോഷകാഹാര വിതരണ കേന്ദ്രം ഉണ്ടായിരുന്നു. ഇപ്പോഴത് പ്രവർത്തിക്കുന്നില്ല. അത് പ്രവർത്തിപ്പിക്കണം. ആരോഗ്യ പരിപാലന ക്ലാസ്സുകൾ, പ്രതിരോധ കുത്തിവയ്പുകൾ, എന്നിവ നടത്തണം. മക്കപ്പുഴ ഗവ: ആശുപത്രിയിൽ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തണം. 100 വീടുകൾക്ക് കക്കൂസുകളില്ല.

### അഞ്ചാം വാർഡ്

ഒരു ഹെൽത്ത് സെന്റർ, ആയൂർവേദ ആശുപത്രി എന്നിവ സ്ഥാപിക്കണം. 100 വീടുകൾക്ക് കക്കൂസുകളില്ല. കൊതുകു നിവാരണ മാർഗ്ഗങ്ങൾ അടിയന്തിരമായി നടപ്പിലാക്കണം. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക. ജലാശയങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുക. മന്ദമരുതി മാർക്കറ്റിൽ യൂറിൻ ഷെഡ് സ്ഥാപിക്കുക. ചപ്പുചവറുകൾ നിക്ഷേപിക്കാൻ മാർക്കറ്റിൽ ബോക്സുകൾ സ്ഥാപിക്കുക. മാർക്കറ്റും ടൗണും ശുചിയാക്കുന്നതിന് ആളിനെ നിയമിക്കുക. ശിശു പരിപാലനത്തിനായി അംഗൻ വാടി സ്ഥാപിക്കുക.

### ആറാം വാർഡ്

നിലവിലുള്ള പി.എച്ച്. സെന്ററിന്റെ നില വളരെ ശോച്യാവസ്ഥയിലാണ്. അത് കാര്യക്ഷമമാക്കുന്നതിനോടൊപ്പം10 കിടക്കകളുള്ള ഒരാശുപത്രിയാക്കി ഉയർത്തണം. ഗർഭിണികളും കുട്ടികളും അടക്കം ധാരാളം ആളുകൾക്ക് ഉപകരിക്കുന്നതാണ് ഈ ആശുപത്രി. ഇവിടെ ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം വളരെ അത്യാവശ്യമാണ്. അതുപോലെ സ്ഥിരമായി ഒരു ഡോക്ടർ ഉണ്ടായിരിക്കയും വേണം. ശിശു പരിപാലനത്തിനായി രണ്ട് അംഗൻവാടികളെങ്കിലും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. വാർഡിൽ100വീടുകൾക്ക് കക്കൂസില്ല.

### ഏഴാം വാർഡ്

ഒരു സബ്സെന്റർ വാർഡിൽ നിലവിലുണ്ട്. ആഴ്ചയിൽ രണ്ടു ദിവസം ഡോക്ടറുടെ സേവനം ലഭ്യമാക്കണം. ഇടമണ്ണിൽ പഞ്ചായത്തിന്റേതായ സ്ഥലം ഉണ്ട്. അവിടെ ഒരായുർവേദ ആശുപത്രി സ്ഥാപിക്കണം. മറ്റു വാർഡുകൾക്കും ഇത് പ്രയോജനപ്പെടും. വാർഡിലും പൊതുവെ പഞ്ചായത്തിലും ഹെൽത്ത് ഇൻസ്പക്ടർമാരുടെ സേവനം ലഭ്യമാക്കണം. പട്ടികജാതി, വർഗ്ഗങ്ങൾ ഏറ്റവും കൂടുതൽ താമസിക്കുന്ന വാർഡാണ് ഇത് 200 കക്കൂസുകളെങ്കിലും വാർഡിൽ ലഭ്യമാക്കണം.

### എട്ടാം വാർഡ്

വരുമാനം കുറഞ്ഞ ആൾക്കാർക്ക് കക്കൂസ് നിർമ്മിക്കാൻ സഹായം നൽകുക. വാർഡിൽ നിലവിലുള്ള സബ്സെന്ററിൽ പ്രാഥമിക ചികിത്സയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുക. ഡോക്ടറുടെ സേവനം ആഴ്ചയിൽ 2 ദിവസമെങ്കിലും ലഭ്യമാക്കുക. നേത്രചികിത്സ, ക്ഷയരോഗം എന്നിവയ്ക്ക് മെഡിക്കൽ ക്യാമ്പുകൾ നടത്തുക. വാർഡിന്റെ തെക്കേ അറ്റമായ കുഴിക്ക പതാൽ ഭാഗത്ത് 75% ആളുകളും കക്കൂസിന്റെ ആവശ്യക്കാരാണ്.

### ഒൻപതാം വാർഡ്

കിടക്കകളോടുകൂടിയ ഹെൽത്ത് സെന്റർ സ്ഥാപിക്കുക. ആയുർവേദ ആശുപത്രി സ്ഥാപിക്കുക. കൊതുകു നിവാരണത്തിന് ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക. നിലവിലുള്ള സബ്സെന്ററിൽ ആവശ്യത്തിന് ജീവനക്കാരില്ല.85% ആളുകൾക്കും കക്കൂസുകളില്ല. ഈ വാർഡിൽ 3 അംഗൻവാടികൾ ഉണ്ടാകേണ്ടതാണ്.

### പത്താം വാർഡ്

സ്വകാര്യ ആശുപത്രിയോ, ക്ലിനിക്കോ ഇല്ലാത്ത വാർഡാണ്. 6 കിലോമീറ്റർ ദൂരം സഞ്ചരിക്കണം ആശുപത്രിയിലെത്താൻ. ഗർഭിണികളും കുട്ടികളും വളരെയധികം കഷ്ടപ്പെടുന്നു. പകർച്ചവ്യാധികൾ പകരാതെ സൂക്ഷിക്കുന്നതിന് നടപടിയുണ്ടാവണം.

സാമ്പത്തിക പരിമിതിയും സ്ഥല പരിമിതിയും കാരണം 500 വീടുകൾക്ക് കക്കൂസുകളില്ല. ശിശുപരിപാലനത്തിന് ഒരംഗൻവാടിയെങ്കിലും സ്ഥാപിക്കണം.

### *പതിനൊന്നാം വാർഡ്*

ഒരു സബ്സെന്റർ സ്ഥാപിക്കണം. പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളിലെ ആളുകൾ അധിവസിക്കുന്ന മേഖലയാണിത്. 500 കക്കൂസുകളെങ്കിലും സ്ഥാപിക്കേണ്ടതുണ്ട്. നിലവിലുള്ള പൊതു ശ്മശാനത്തിൽ ഒരു സെൽ സ്ഥാപിക്കണം. ഇവിടെ കുറഞ്ഞത് 3 അംഗൻവാടികളെങ്കിലും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. അതുപോലെ ഒരു ഹോമിയോ ആശുപത്രി, ആയുർവേദാശുപത്രി ഇവ അത്യാന്താപേക്ഷിതമാണ്.

പഞ്ചായത്തിൽ പൊതുവെ കക്കൂസുകളില്ലാത്തവരുടെ എണ്ണം കൂടുതലാണ്. സാമ്പത്തിക പരാധീനതയാണ് മുഖ്യം. പിന്നെ സ്ഥല പരിമിതിയും സർക്കാർ, അർദ്ധസർക്കാർ, സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. ചെലവു കുറഞ്ഞ സാങ്കേതികവിദ്യയോടെ നിർമ്മിക്കുന്ന കക്കൂസുകൾ വ്യാപരിപ്പിക്കുക. ഉപഭോക്താക്കളിൽ നിന്നും ചെലവിന്റെ ഒരു തുക ഈടാക്കാവുന്നതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്. മൂന്നു സെന്റ് കോളനിയായ പുലിയള്ളിൽ ഒരു പൊതു കക്കൂസ് സ്ഥാപിക്കണം.






# 5.6

# ഗതാഗതം ഊർജ്ജം മാർക്കറ്റ്

റാന്നി പഴവങ്ങാടി പഞ്ചായത്തിൽ റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലത്ത് മിക്ക റോഡുകളും നിറഞ്ഞു കവിയുന്നു. ഓവു ചാലുകളുടേയും കലുങ്കുകളുടേയും അഭാവമാണ് ഇതിനു കാരണം. നിലവിലുള്ള റോഡുകളുടെ അപര്യാപ്തതയാണ് മറ്റൊരു പ്രധാന പ്രശ്നം. റോഡുകളുടെ ഗുണ നിലവാരമില്ലായ്മ, മികച്ച യാത്രാസൗകര്യത്തിന് അനുയോജ്യമായ വിധം റോഡുകൾ മെച്ചപ്പെടുത്തുക എന്നീ പ്രശ്നങ്ങൾ ഉയർന്നു വന്നിരിക്കുന്നു. റോഡിന്റെ വീതിക്കുറവ്, പാർശ്വങ്ങളിലെ നടപ്പാതയില്ലായ്മ എന്നീ വിഷയങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ട്. യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന് ഒട്ടേറെ നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

### *1. മെറ്റൽ റോഡുകളുടേയും മൺ റോഡുകളുടേയും ശോചനീയാവസ്ഥ:-*

ഗ്രാമസഭകളിൽ നിന്നുയർന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള മൺറോഡുകളുടേയും മെറ്റൽ റോഡുകളുടേയും ശോചനീയാവസ്ഥ അസ്പദമാക്കിയുള്ളതാണ്. പൊട്ടിപ്പൊളിഞ്ഞും താറുമാറയും കിടക്കുന്ന റോഡുകളിൽ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തുക എന്നത് പ്രധാന പരാതിയാണ്. മെറ്റൽ ചെയ്യാനും കോൺക്രീറ്റു ചെയ്യാനും ടാർ ചെയ്യാനുമുള്ള നിർദ്ദേശങ്ങൾ നിരവധിയുണ്ട്. ഇതെല്ലാം പട്ടിക തിരിച്ച് കൊടുത്തിട്ടുണ്ട്.

### *2. പുതിയ മൺ റോഡുകൾ*

പുതിയ മൺ റോഡുകൾ നിർമ്മിക്കുന്നതിന് ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. മിക്ക നിർദ്ദേശങ്ങഹളും നിലവിലുള്ള ഇടവഴികൾ മൺറോഡാക്കി മാറ്റാനുള്ളതാണ്. മൺറോഡുകളിൽ നീർക്കെട്ടുകൾ ഉണ്ടാവുകയും വർഷകാലത്ത് ഗതാഗതയോഗ്യമല്ലാതായി മാറുകയും ചെയ്യുന്നു. ഇത് പരിഹരിക്കപ്പെ

ടേണ്ടതുണ്ട്.

3. ടാർ ചെയ്ത റോഡിന്റെ വീതി വർദ്ധിപ്പിക്കുക. റോഡിന്റെ പാർശ്വങ്ങളിൽ ഉടനീളം നാലടിവീതിയെങ്കിലുമുള്ള നടപ്പാതകൾ നിർമ്മിക്കുക. റോഡ് സൈഡിലെ, സ്ഥിര സ്വഭാവമുള്ള, നിർമ്മാണങ്ങൾ ഒഴിവാക്കുക, ടാർ ചെയ്ത ഭാഗത്തിനോട് ചേർന്നുള്ള ഇലക്ട്രിക് പോസ്റ്റുകൾ, ടെലഫോൺ പോസ്റ്റുകൾ ചുരുങ്ങിയത് ആറടിയെങ്കിലും അകറ്റി സ്ഥാപിക്കുക. തുടങ്ങിയ കാര്യങ്ങളിൽ സത്വരശ്രദ്ധ പതിയേണ്ടതുണ്ട്.

*പഞ്ചായത്തിലെ റോഡിന്റെ സ്വഭാവം (നീളം)*

| കച്ച | പക്ക | മെറ്റൽ | പഞ്ചായത്ത് | PWD | Concrete | ആകെ |
|---|---|---|---|---|---|---|
| 35 കി.മീ. | 105.955 | 4.00 | 26.455 | 36 | 5.200 | 176.61 കി.മീ |

പഞ്ചായത്തിൽ പൂർണ്ണമായോ ഭാഗികമായോ ടാറിംഗ്/കോൺക്രീറ്റിംഗ് ആവശ്യമുള്ളവ വാർഡ് തിരിച്ച് താഴെ കൊടുക്കുന്നു.

### *വാർഡ് 1*

| | | |
|---|---|---|
| 1 | ഇട്ടിയപ്പാറ അഞ്ചാനി റോഡ് വഴി സെന്റ്തോമസ് കോളേജ് റോഡ് | ഭാഗികം |
| 2 | മങ്കുഴി–അഞ്ചാനിവഴി–മീൻമുട്ടു പാറ | ഭാഗികം |
| 3 | പള്ളിക്കടവ് പാലത്തിങ്കൽ റോഡ് | ഭാഗികം |
| 4 | തുണ്ടിയിൽ പടി – ആറുപങ്കിൽ റോഡ് | പൂർണ്ണമായി ടാറിംഗ് |
| 5 | പള്ളിപ്പടി – മേപ്പുറത്തു പടി | പൂർണ്ണമായി ടാറിംഗ് |
| 6 | അഞ്ചാനി – കോളേജ് തടം റോഡ് | പൂർണ്ണമായി ടാറിംഗ് |

### *വാർഡ് – 2*

| | | |
|---|---|---|
| 1 | C.S.I. പള്ളി പൂവത്തും കുന്ന് റോഡ് | പൂർണ്ണമായി ടാറിംഗ് |
| 2 | മാമുക്ക് – കളരിയ്ക്ക മുറി – ഐത്തലറോഡ് | കോൺക്രീറ്റിംഗ് |
| 3 | കുളമടപടി – കണ്ടനാട്ടുപടി റോഡ് | പൂർണ്ണമായി ടാറിംഗ് |
| 4 | ചെത്തോങ്കര – പൂഴിക്കുന്ന് റോഡ് | ഭാഗികം |

| | | |
|---|---|---|
| 5 | ചിറയ്ക്കൽ പടി – ഓതറപ്പടി റോഡ് | ടാറിംഗ് 1 കി.മീ. |
| 6 | കുന്നിരിക്കപ്പടി – ചാവുമണ്ണി റോഡ് | പൂർണ്ണമായി ടാറിഗ് |
| 7 | കണ്ണങ്കരപ്പടി – ഇടിയപ്പാറ റോഡ് | ടാറിംഗ്, കോൺക്രീറ്റിംഗ് |
| 8 | മള്ളുശ്ശേരി – ആനപ്പാറപ്പാടി റോഡ് 250 കി.മീ. | പൂർണ്ണമായി ടാറിംഗ് |
| 9 | ഭഗവതിക്കുന്ന് തേയിലപ്പുറത്തുപടി റോഡ് (നീർവാഴ്ചയുള്ള പ്രദേശം) | കോൺക്രീറ്റിംഗ് |
| 10 | കുന്നിരക്കപ്പടി, തേരിട്ടമടപ്പടി റോഡ് | പൂർണ്ണമായി ടാറിംഗ് |
| 11 | തേക്കാട്ടിൽ പടി – കല്ലംപറമ്പിൽ പടി റോഡ് | ഭാഗികം |
| 12 | തേരിട്ടമട – ചക്കിട്ടാംപൊയ്ക റോഡ് | പൂർണ്ണമായി ടാറിംഗ് |
| 13 | YMCA - കക്കുഴിപടി റോഡ് II stage | ഭാഗികം |
| 14 | പഴവങ്ങാടി യു.പി.എസ്സ് – നെടുവേലിക്കുന്ന് റോഡ് | ഭാഗികം |
| 15 | ഈട്ടിച്ചുവട് – ചാവുമണ്ണിപടി വരെ | ഭാഗികം |
| 16 | പൂവത്തു കുന്ന് – കക്കുഴിപ്പടി റോഡ്, 300 മീ. | ഭാഗികം |

*വാർഡ് – 3*

| | | |
|---|---|---|
| 1 | S.C.E.M. School - ആനത്തടം റോഡ് | പൂർണ്ണമായി ടാറിംഗ് |
| 2 | ഇട്ടിയപ്പാറ ആനത്തടം മുക്കാലുമൺ റോഡ് | ഭാഗികം |
| 3 | കല്യാണിമുക്ക് – ആനത്തടം – ഇട്ടിയപ്പാറ റോഡ് | പൂർണ്ണമായി ടാറിംഗ് |
| 4 | ഉതിയ കുളം – ആറ്റുകുഴി പടി റോഡ് | കോൺക്രീറ്റിംഗ് |
| 5 | ആനത്തടം – പുലിയെറുമ്പും കോട്ട | പൂർണ്ണമായി ടാറിംഗ് |
| 6 | ആനത്തടം – വാഴേപ്പടി കാഞ്ഞിരത്താമല | പൂർണ്ണമായി ടാറിംഗ് |
| 7 | ആനത്തടം – പൂവത്തുംകുന്ന് റോഡ് | പൂർണ്ണമായി ടാറിംഗ് |
| 8 | ഇട്ടിയപ്പാറ – വെള്ളാറമല ആനത്തടം റോഡ് | പൂർണ്ണമായി ടാറിംഗ് |

## *വാർഡ് – 4*

| | | |
|---|---|---|
| 1 | മേലേപ്പടി ചെല്ലക്കാട് റോഡ് 2.6 കി.മീ. | പൂർണ്ണമായി ടാറിംഗ് |
| 2 | തേരിട്ടമട – ചക്കിട്ടാംപൊയ്ക റോഡ് 1 കി.മീ. | പൂർണ്ണമായി ടാറിംഗ് |
| 3 | ചാവും മണ്ണ് – പൂഴിക്കുന്ന് റോഡ് 860 മീ. | പൂർണ്ണമായി ടാറിംഗ് |
| 4 | കുറ്റിയിൽപടി – ലക്ഷംവീട് റോഡ് 1 കി.മീ. | പൂർണ്ണമായി ടാറിംഗ് |
| 5 | കല്ലറയ്ക്കപടി – ചെല്ലക്കാട് റോഡ് 1 കി.മീ. | പൂർണ്ണമായി ടാറിംഗ് |
| 6 | കത്തോലിക്കപ്പടി – അയന്തിക്കൽ റോഡ് 130 മീ. | പൂർണ്ണമായി ടാറിംഗ് |
| 7 | ചിറപ്പുറം – പൂഴിക്കുന്ന് റോഡ് 552 മീ. | പൂർണ്ണമായി ടാറിംഗ് |
| 8 | ചെത്തോങ്കര – പൂഴിക്കുന്ന് റോഡ് 1.5 കി.മീ. | പൂർണ്ണമായി ടാറിംഗ് |
| 9 | ചെല്ലയ്ക്കാട് – പൂഴിക്കുന്ന് റോഡ് 1.9 കി.മീ | പൂർണ്ണമായി ടാറിംഗ് |
| 10 | തേരേട്ടുമട – ചക്കിട്ടപൊയ്ക റോഡ് 100 മീ. | പൂർണ്ണമായി ടാറിംഗ് |
| 11. | ചെല്ലക്കാട് – വാട്ടർ ടാങ്ക് അപ്രോച്ച് റോഡ് | പൂർണ്ണമായി ടാറിംഗ് |

## *വാർഡ് – 5*

| | | |
|---|---|---|
| 1 | മന്ദമരുതി വലിയകാവ് റോഡ് | പൂർണ്ണമായി ടാറിംഗ് |
| 2 | മന്ദമരുതി കടവുപുഴ റോഡ് | ഭാഗികം |
| 3 | മന്ദമരുതി – ഞാഞ്ഞുമൺ റോഡ് | പൂർണ്ണമായി ടാറിംഗ് |
| 4 | മന്ദമരുതി – ഇഞ്ചിക്കാലാപടി – വട്ടാർകയം റോഡ് | പൂർണ്ണമായി ടാറിംഗ് |
| 5 | മന്ദമരുതി – വട്ടാർകയം റോഡ് | പൂർണ്ണമായി ടാറിംഗ് |
| 6 | തലക്കോട്ടുപടി – പള്ളിപ്പടി റോഡ് | പൂർണ്ണമായി ടാറിംഗ് |
| 7 | പുളിയിലേത്തു പടി – കടവുപുഴ റോഡ് | പൂർണ്ണമായി ടാറിംഗ് |
| 8 | വട്ടാർകയം – മുതിരകാലാപടി റോഡ് | പൂർണ്ണമായി ടാറിംഗ് |
| 9 | ചൂരക്കുഴിപടി – പുളിയിലേത്തു പടി ചെല്ലക്കാട് റോഡ് | പൂർണ്ണമായി ടാറിംഗ് |

## വാർഡ് – 6

| | | |
|---|---|---|
| 1 | കൊല്ലാനത്ത് പടി മുതൽ പ്ലാച്ചേരി ഗേറ്റ് വരെയുള്ള റോഡ് | പൂർണ്ണമായി ടാറിംഗ് |
| 2 | മക്കപ്പുഴ പനവേലിക്കുഴി വഴി പ്ലാച്ചേരി | പൂർണ്ണമായി ടാറിംഗ് |
| 3 | മക്കപ്പുഴ ഗെയിറ്റ് – വാകത്താനം കുരിശ് | പൂർണ്ണമായി ടാറിംഗ് |
| 4 | കണ്ണങ്കരപ്പടി മുതൽ മന്ദമരുതി പാരീഷ് ഹാൾ റോഡ് വരെ | പൂർണ്ണമായി ടാറിംഗ് |
| 5 | P.H.C. യിലേക്കുള്ള റോഡ് | പൂർണ്ണമായി ടാറിംഗ് |

## വാർഡ് – 7

| | | |
|---|---|---|
| 1 | ഇടമൺ – ചുഴുക്കുന്ന് റോഡ് 1.5 കി.മീ. | ഭാഗികം |
| 2 | ഇടമൺ കോതാനി റോഡ് 1 കി.മീ. | ഭാഗികം |
| 3 | ഇടമൺ – നാലുകെട്ടിൽ പടി 1 കി.മീ. | കോൺക്രീറ്റിംഗ് |
| 4 | പോസ്റ്റോഫീസ് – ഇലച്ചണ്ണപതാൽ റോഡ് 1 കി.മീ. | പൂർണ്ണമായി ടാറിംഗ് |
| 5 | വാകത്താനം കുരിശു മുതൽ മക്കപ്പുഴ ഗേറ്റ് റോഡ് 1.5 കി.മീ. | പൂർണ്ണമായി ടാറിംഗ് |
| 6 | ഇടമൺ – പെരുമേത്തുപടി – ചേകോട്ട്പടി റോഡ് 1.5 കി.മീ. | പൂർണ്ണമായി ടാറിംഗ് |
| 7 | വാകത്താനം – ഉളിരിക്കൽപ്പടി റോഡ് 1 കി.മീ. | പൂർണ്ണമായി ടാറിംഗ് |
| 8 | നാലുകെട്ടിൽ പടി – പൊട്ടൻമല റോഡ് 1 കി.മീ. | പൂർണ്ണമായി ടാറിംഗ് |
| 9 | ഇരട്ടകലുങ്ക് – തെക്കൻ മല 1.5 കി.മീ. | പൂർണ്ണമായി ടാറിംഗ് |

## വാർഡ് – 8

| | | |
|---|---|---|
| 1 | മാടത്തുംപടി – പച്ചടിക്കാമല റോഡ് 1.5 കി.മീ. | ഭാഗികം ടാറിംഗ് |
| 2 | ഉള്ളാട്ടിൽ പടി – കോളനിപടി റോഡ് 1 കി.മീ. | കോൺക്രീറ്റിംഗ് |
| 3 | ബംഗ്ലാവുപടി – ഫാക്ടറി പടി റോഡ് 750 മീ. | പൂർണ്ണമായി ടാറിംഗ് |
| 4 | ചാലുങ്കൽ – പമ്പാവാലി റോഡ് | ഭാഗികം |

| | | |
|---|---|---|
| 5 | മന്ദമരുതി – നീരാട്ടുകാവ് റോഡ് 1.5 കി.മീ. | ഭാഗികം |
| 6 | കണ്ണന്താനത്തു പടി – ഇടമുറി റോഡ് 1.5 കി.മീ | റീ ടാറിംഗ് |
| 7 | ചേത്തയ്ക്കൽ – പുളിക്കല്ല് റോഡ് 1.5 കി.മീ | ഭാഗികം |
| 8 | ചേത്തയ്ക്കൽ പള്ളിപടി – പാക്കാവുക്കൽ പടി റോഡ് 1 കി.മീ. | ടാറിംഗ് |
| 9 | ഫാക്ടറി പടി – ഇടമൺ റോഡ് 1 കി.മീ | ടാറിംഗ് |
| 10 | ചേത്തയ്ക്കൽ – പൊടിപ്പാറ – മണിമലേത്തുപടി റോഡ് 1 കി.മീ. | ടാറിംഗ് |

### *വാർഡ് – 9*

| | | |
|---|---|---|
| 1 | ചെറുകരേത്തുപടി – മാടത്തരുവി റോഡ് | ടാറിംഗ് |
| 2 | മന്ദമരുതി – നീരാട്ടുകാവ് – കക്കുടുമൺ റോഡ് | ഭാഗികമായി ടാറിംഗ് |
| 3 | മാടത്തുംപടി വാകത്തോട്ടം റോഡ് | ടാറിംഗ് |
| 4 | പാമ്പയ്ക്കപ്പടി – വാകത്തോട്ടം റോഡ് | ടാറിംഗ് |
| 5 | നീരാട്ടുകാവ് – പുഞ്ചിരിമുക്ക് റോഡ് | ടാറിംഗ് |
| 6 | അത്തിപറമ്പ് പടി – പൊന്നമ്പാറത്തടം റോഡ് | ടാറിംഗ് |
| 7 | വരിക്കോലുപ്പടി – ഗ്രാമവികസന സമിതി | ടാറിംഗ് |
| 8 | മാടത്തുംപടി – പെരുവയൽ ബൗണ്ടറി റോഡ് | ടാറിംഗ് |

### *വാർഡ് – 10*

| | | |
|---|---|---|
| 1 | ഗുരുമന്ദിരം മണക്കാല പള്ളിപടി റോഡ് 1.5 കി.മീ | ടാറിംഗ് |
| 2 | അഞ്ചുകുഴി – വാഴേപ്പടി റോഡ് 2 കി.മീ. | ടാറിംഗ് |
| 3 | കാഞ്ഞിരത്താമല – കമുകിൻ പ്ലാക്കൽ പടി 1.5 കി.മീ | ടാറിംഗ് |
| 4 | കരികുളം ജംഗ്ഷൻ – മലക്കത്തടം റോഡ് 1.5 കി.മീ | ടാറിംഗ് |
| 5 | മുണ്ടിയാന്തറ – കരികുളം റോഡ് 700 മീ. | ടാറിംഗ് |

## വാർഡ് – 11

| | | |
|---|---|---|
| 1 | ഒറ്റക്കല്ലുങ്കൽ പടി – ചാവരുപാറ റോഡ് 1.5 കി.മീ | ടാറിംഗ് |
| 2 | ഉരുളേൽ – വലിയകുളം റോഡ് 1.5 കി.മീ | ടാറിംഗ് |
| 3 | ഉരുളേൽ – മോതിര വയൽ 1.5 കി.മീ | ടാറിംഗ് |
| 4 | മോതിരവയൽ – വലിയ കുളം 2 കി.മീ. | ടാറിംഗ് |
| 5 | പുലിയള്ള് – മോതിരവയൽ റോഡ് | ടാറിംഗ് |
| 6 | 52 കോളനി – മോതിരവയൽ റോഡ് | ടാറിംഗ് |
| 7 | 52 കോളനി– മുക്കുഴി റോഡ് | ടാറിംഗ് |
| 8 | പുലിയള്ള് – അമ്മച്ചിക്കാട് വഴി 52 കോളനി | ടാറിംഗ് |
| 9 | ചാവരുപാറ – നഞ്ചും പതാൽ റോഡ് 2.5 കി.മീ | ടാറിംഗ് |
| 10 | ചരിവുപാറ – ഒഴുവൻപാറ റോഡ് | ഭാഗികം |
| 11 | ഉരുളേൽ – കട്ടകാരത്തടം റോഡ് | ഭാഗികം |
| 12 | ഉരുളേൽ – വേങ്ങത്തടം റോഡ് | ഭാഗികം |

### അറ്റകുറ്റപ്പണി ആവശ്യമുള്ള റോഡുകൾ

1 മങ്കുഴി – അഞ്ചാനിറോഡ്, മങ്കുഴി – സെന്റ്തോമസ് കോളേജ് റോഡ്

3 ആനത്തടം – കല്യാണിമുക്ക് റോഡ്, ആനത്തടം – പുലിയെറുമ്പും കോട്ട റോഡ്

5 വട്ടാർകയം – എരുത്തിക്കൽ തടം റോഡിൽ വട്ടാർകയം ഭാഗം റിപ്പയർ റീടാറിംഗ്

6 മക്കപ്പുഴ ഗേറ്റ് മുതൽ അമ്പലംപ്പടി റോഡ്, മുണ്ടുകോട്ടയ്ക്കൽ പടി – മക്കപ്പുഴ യു.പി. സ്കൂൾ റോഡ് റീ ടാറിംഗ് ചെയ്യുക.

മണ്ടൂർപടി – ചേത്തയ്ക്കൽ എൽ.പി. സ്കൂൾ റോഡ് അറ്റകുറ്റപണി

7 മുക്കട – ഇടമൺ റോഡ്

8 കണ്ണങ്കരപടി – പുള്ളിക്കൽ റോഡ്, കണ്ണന്താനത്തു പടി – ഇടമുറി റോഡ്,

9 മാടത്തുംപടി – പെരുവയൽ ബൗണ്ടറി റോഡ്, സ്റ്റോർപടി – മുരുപ്പേൽ പടി റോഡ്

10 കരികുളം മലയ്ക്കത്തടം റോഡ്, കാഞ്ഞിരത്താമല – കമുകിൻ പ്ലാക്കൽ പടി, മുക്കുഴി – തേക്കടി റോഡ്, കരികുളം – മുക്കുഴി

11 മോതിര വയൽ – ആയിക്കൽപ്പടി റോഡ്

12 മന്ദമരുതി കോയിത്തോടത്തുമല, വട്ടാർകയം റോഡ്

## *പുതിയതായി വേണ്ട റോഡുകൾ / പഞ്ചായത്ത് ഏറ്റെടുക്കേണ്ടവ*

### *വാർഡ് – 1*

| | | |
|---|---|---|
| 1 | ചിറ്റേട്ടുപടി – പുത്തൻപുരയ്ക്കൽ പടി റോഡ് (മങ്കുഴി) | .പഞ്ചായത്ത് ഏറ്റെടുക്കേണ്ടവ |
| 2 | ഐത്തല വാഴയ്ക്കപടി – കൊച്ചേത്തുപടി റോഡ് | പഞ്ചായത്ത് ഏറ്റെടുക്കേണ്ടവ |
| 3 | മങ്കുഴി – വട്ടയ്ക്കാട്ടുപടി റോഡ് | പഞ്ചായത്ത് ഏറ്റെടുക്കേണ്ടവ |
| 4 | ഐത്തല കിഴക്കേമുറി പടി- പുന്നവേലിതുണ്ടിപ്പടി റോഡ് പഞ്ചായത്ത് ഏറ്റെടുക്കേണ്ടവ | |
| 5 | തുണ്ടിൽപടി – ആറ്റുവങ്കിൽ പടി | പഞ്ചായത്ത് ഏറ്റെടുക്കേണ്ടവ |
| 6 | ചിയേറ്റുപടി – ഇളംപ്ലാശ്ശേരി റോഡ് | പഞ്ചായത്ത് ഏറ്റെടുക്കേണ്ടവ |
| 7 | പാരൂർപടി – പാരൂർകൊട്ടാരം റോഡ് | പഞ്ചായത്ത് ഏറ്റെടുക്കേണ്ടവ |
| 8 | ഐത്തല കിടങ്ങിൽ പടി – മൂഴിക്കൽ പടി റോഡ് | പഞ്ചായത്ത് ഏറ്റെടുക്കേണ്ടവ |

### *വാർഡ് – 3*

| | | |
|---|---|---|
| 1 | കാഞ്ഞിരത്താ മല – അഞ്ചുകുഴി | പുതിയ റോഡ് |
| 2 | പൂവത്തും കുന്നിൽ നിന്ന് – ഒഴുവൻ പാറ | പുതിയ റോഡ് |

### *വാർഡ് – 4*

| | | |
|---|---|---|
| 1 | ചാവുമണ്ണിപടി – മുള്ളംകുഴി തടം | പുതിയ റോഡ് |

### *വാർഡ് – 5*

| | | |
|---|---|---|
| 1 | ചെല്ലക്കാടു മുതൽ അരിങ്കെടു മലയിലേക്ക് | പുതിയ റോഡ് |
| 2 | പാഴ്സനേജ് പടി മുതൽ ഐരാണിത്തറയിലേക്ക് | പുതിയ റോഡ് |

| | | |
|---|---|---|
| 3 | മൂഴിക്കൽ പടി - വനത്തിൽ പടി | പുതിയ റോഡ് |
| 4 | പള്ളിപടി - ഐരാണിത്തറ പടി | പുതിയ റോഡ് |

## വാർഡ് - 6

| | | |
|---|---|---|
| 1 | മക്കപ്പുഴ ഗേറ്റ് മുതൽ പനവേലിക്കുഴിക്ക് | പുതിയ റോഡ് |
| 2 | മക്കപ്പുഴ എൽ.പി - പൂതപ്പാറ കോളനി | പുതിയ റോഡ് |
| 3 | പ്ലാച്ചേരി കാത്തേലിക്കാ പള്ളി മുതൽ കുഴിക്കാട് വരെ | പുതിയ റോഡ് |
| 4 | തേക്കുംകാട്ടിൽ പടി മുതൽ കുന്നുംപുറം കോളനി റോഡ് | പഞ്ചായത്ത് ഏറ്റെടുക്കണം |
| 5 | ഉപ്പിടും പാറ മുതൽ മക്കപ്പുഴ പാരീഷ് ഹാൾ റോഡ് | പഞ്ചായത്ത് ഏറ്റെടുക്കണം |

## വാർഡ് - 7

| | | |
|---|---|---|
| 1 | ചേത്തയ്ക്കൽ ഇമ്മാനുവേൽ പള്ളി മുതൽ പൊട്ടനരുവിവരെ | പുതിയ റോഡ് |
| 2 | പുതുപറമ്പിൽ പടി മുതൽ മുക്കടവരെയുള്ള പഴയ റോഡ് | വീതി കൂട്ടി വലുതാക്കുക |
| 3 | ഇടമണ്ണിൽ നിന്നും പഞ്ചായത്തു വക സ്ഥലത്തേക്ക് | റോഡും കലുങ്കും തീർക്കുക. |
| 4 | പാറയ്ക്കാമണ്ണി പടി - 30 ഏക്കർ റോഡ് | പുതിയ റോഡ് |
| 5 | നാലുകെട്ടിപടി - പൊട്ടൻമല റോഡ് | പുതിയ റോഡ് |

## വാർഡ് - 8

| | | |
|---|---|---|
| 1 | സ്റ്റോർ പടി മുതൽ ഇടമൺ | പുതിയ റോഡ് |
| 2 | ചേകോട്ട്പടി - തെക്കേമണ്ണിപ്പടി | പുതിയ റോഡ് |
| 3 | മാടത്തുംപടി പച്ചടിയ്ക്കാ മല റോഡിൽ നിന്നും പട്ടഭാഗം വരെ 500 മീറ്റർ സബ് റോഡ് | |
| 4 | ചാലുങ്കൽപടി - മന്ദമരുതി | പുതിയ റോഡ് |
| 5 | മന്ദമരുതി - കുളത്തുങ്കൽ പടി | പുതിയ റോഡ് |

## വാർഡ് - 9

| | | |
|---|---|---|
| 1 | ഈന്തനാക്കൽ പടി വേങ്ങുത്തടത്തിന് | പുതിയ റോഡ് |
| 2 | സ്റ്റോറുംപടി - പരുവക്കൂട്ടത്തി പടിക്ക് | പുതിയ റോഡ് |

### വാർഡ് – 10

| | | |
|---|---|---|
| 1 | പാറക്കുഴി മുതൽ തേമ്പാറത്തടം വരെ റോഡിൽ പടവുകൾ കെട്ടുക | |
| 2 | അഞ്ചുകുഴി റോഡ്, ശാരോൻ പള്ളി ഇവയുടെ ഇടവഴി റോഡാക്കുക | |
| 3 | കരികുളം ജംഗ്ഷൻ – മുണ്ടിയാന്ത്ര സ്കൂളിലേക്കുള്ള വഴി | പുതിയ റോഡ് |
| 4 | കഞ്ഞിരത്താമല മുതൽ – കരികുളം വരെയുള്ള ഇടവഴി | പുതിയ റോഡ് |
| 6 | മുണ്ടിയാന്ത്ര കാത്തോലിക്കാപള്ളി – കരികുളം മാർത്തോമ്മാ പള്ളി വരെയുള്ള ഇടവഴി | പുതിയ റോഡ് |
| 7 | റാന്നിമുക്കം റോഡ് – കരികുളം സ്കൂൾ | പുതിയ റോഡ് |
| 8 | അഞ്ചുകുഴി – പ്ലാങ്കുഴി റോഡ് | പുതിയ റോഡ് |
| 9 | കക്കുഴിപടി – കടമുളപ്പടി റോഡ് | പുതിയ റോഡ് |
| 10 | അമ്മച്ചിക്കാട് – മോതിരവയൽ റോഡ് | |

### വാർഡ് – 11

1 പുലിയള്ള് അമ്മച്ചിക്കാട് റോഡ് ലിസ്റ്റിൽ കൊള്ളിക്കുക.

## ഗതാഗതം

ബസ് സർവ്വീസ് ഉണ്ടായിരുന്നിട്ടും നിലച്ചു പോയ പ്രദേശങ്ങളിലേക്ക് സർവ്വീസ് പുനരാരംഭിക്കേണ്ടതാണ്.

പഞ്ചായത്തിലെ മൊത്തം യാത്രാപ്രശ്നങ്ങൾ പഠിച്ച്; പെർമിറ്റിലും, പഴയവ പുന:ക്രമീകരിക്കുകയും, സ്റ്റോപ്പ് വേണ്ടിടത്ത് സ്ഥാപിക്കുകയും ചെയ്യുക.

റോഡുകളുടെ വശങ്ങളിൽ ഓടയില്ലാത്തതിനാൽ മഴക്കാലത്ത് റോഡുകൾ താറുമാറാകുന്നു. അതിനാൽ പഞ്ചായത്തിലെ എല്ലാ റോഡുകൾക്കും ഓട നിർമ്മിക്കേണ്ടിടത്ത് അവ നിർമ്മിക്കുകയും ചെയ്യുക.

കാലാകാലങ്ങളിൽ റോഡിന്റെ അറ്റകുറ്റ പണികൾ നടത്തുകയും കലുങ്കുകൾ നിർമ്മ ക്കേണ്ടിടത്ത് അവ നിർമ്മിക്കുകയും ചെയ്യുക.

മുകളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡ കളുടെ അറ്റകുറ്റപ്പണികൾ എത്രയും വേഗ നടത്തേണ്ടതാണ്. ഫണ്ട് കിട്ടുന്ന മുറയ്ക്ക് മുൻഗണനാടിസ്ഥാനത്തിൽ അനുവദിക്കേണ്ടതാണ്.

### കലുങ്കുകൾ പുതിയത് / മെയിന്റനൻസ്

### വാർഡ് – 4

1 ചെല്ലക്കാട് – പൂഴിക്കുന്ന് റോഡിൽ പൂഴിക്കുന്ന് പാലത്തിന് സംരക്ഷണഭിത്ത കെട്ടുക.

2 കല്ലറപ്പടി – ചെല്ലക്കാട് സെന്റ്. തോമസ് എൽ.പി.എസ് പടി റോഡിൽ ആനിയ്ക്കാട്ടു പടിയ്ക്കൽ കലുങ്ക് പണിയുക.

3 കുറ്റിയിൽപടി – ലക്ഷം വീട് റോഡിൽ തച്ചനാലിപ്പടിയ്ക്കൽ കലുങ്ക് തീർക്കുക

4 ചെത്തോങ്കര – പൂഴിക്കുന്ന് റോഡിൽ പ്ലാങ്കാലാപടിയ്ക്കലും പറക്കുളത്തു പടിയ്ക്കലും ഓരോ കലുങ്ക് പണിയുക.

5 പുഴിക്കുന്ന് – തുളിമൺ ഇടവഴിയിൽ വലിയതോടിന് കുറുകെ നടപ്പാലം പണിയുക

6 മക്കപ്പുഴ – പനവേലിക്കുഴി പ്ലാച്ചേരി റോഡിൽ മൂന്നു കലുങ്കുകൾ

### വാർഡ് – 5

1 മന്ദമരുതി വലിയകാവ് റോഡിൽ തോടു പാലം 2 എണ്ണം പുതുക്കുക

2 വട്ടാർകയം തോടിന് കുറുകെയുള്ള പാലം റിപ്പയർ

3 മന്ദമരുതി എരുത്തിക്കൽ തടം ഭാഗത്ത് 2 കലുങ്ക്

4 മന്ദമരുതി വലിയകാവു റോഡിൽ 2 കലുങ്ക്

5 മന്ദമരുതി കടവുപുഴ റോഡിൽ2 കലുങ്ക്

6 മന്ദമരുതി പുളിയിലേത്ത് പടി റോഡിൽ

7 മന്ദമരുതി – കോയിത്തോടത്തു മല റോഡിൽ 2 കലുങ്ക്

### വാർഡ് – 7

1 വാകത്താനം – ഉള്ളള്ളിരിക്കൽ പടി റോഡിൽ എൻ.ഇ.എസ്സ് കിണറിനു സമീപം കലുങ്ക് കെട്ടുക.

2 കോതാനി – കൊണ്ടൂർപടി തോട്ടിൽ കലുങ്ക് കെട്ടുക.

3 ഇരട്ടക്കലുങ്ക് – തെക്കൻമല റോഡിൽ ഊട്ടുപാറപടി കലുങ്ക് കെട്ടുക.

4 ഇടമൺ പോസ്റ്റോഫീസ് പടിക്കൽ കലുങ്ക് കെട്ടുക.

5 കുരിശുംമൂട് – മക്കപ്പുഴ ഗേറ്റ് റോഡിൽ കുഴിയ്ക്കാട്ടുള്ള കലുങ്കിന്റെ അടി മെയിന്റനൻസ് ചെയ്യുക.

### വാർഡ് – 8

1 മാടത്തുംപടി – പച്ചടിയ്ക്കാമല റോഡിൽ കോടിയട്ടുപടിക്കലുള്ള പാലം മെയിന്റനൻസ്

2 ചെത്തോങ്കര S.C.H.S പടിയ്ക്കലുള്ള പാലം – മെയിന്റനൻസ്

3 മന്ദമരുതി – നീരാട്ടുകാവ് റോഡിൽ സ്റ്റോർ പടിക്കലുള്ള പാലം – മെയിന്റനൻസ്

4 മന്ദമരുതി – നീരാട്ടുകാവ് റോഡിൽ ചകിണിപ്ലാക്കൽ പടിക്കലുള്ള കലുങ്ക് – മെയിന്റനൻസ്

5 കണ്ണന്താനത്തുപടി – ഇടമുറി റോഡിൽ വലിയ കലുങ്ക് – മെയിന്റനൻസ്

6 ചേത്തയ്ക്കൽ – പുള്ളിക്കല്ലു റോഡിൽ ബംഗ്ലാവുപടിയ്ക്കൽ കലുങ്ക് – പുതിയത്

7 ഫാക്ടറിപ്പടി – ഇടമൺ റോഡിൽ ആന്താര്യത്തു പടിയ്ക്കലുള്ള കലുങ്ക് – മെയിന്റനൻസ്

### വാർഡ് – 9

1 പാമ്പയ്ക്കൽ പടി – നീരാട്ടുകാവ്

റോഡിൽ ഗ്രാമവികസന പടിയ്ക്കലും പതാലിപ്പടിയ്ക്കലും ഓരോ കലുങ്ക്

2 വരിക്കോലിപ്പടി – ഗ്രാമവികസപ്പടി റോഡിൽ കുട്ടൻപേരൂർ പടിയ്ക്കൽ ഒരു കലുങ്ക്

3 സ്റ്റോറും പടി – കപ്പേൽപടി റോഡിൽ കപ്പേൽ പടിയ്ക്കൽ ഒരു കലുങ്ക്

### *വാർഡ് – 11*

1 മോതിരവയൽ പുലിയള്ള് റോഡിൽ, മോതിരവയൽ ഭാഗത്ത്

2 പുലിയള്ള് ജംഗ്ഷനിൽ

3 മോതിരവയൽ – കച്ചേരിത്തടം റോഡിൽ

4 ചാവരുപാറ – നഞ്ചുംപതാൽ റോഡിൽ

# ഊർജ്ജം

ജലവൈദ്യുത പദ്ധതികളുടെ നാടാണ് റാന്നി. പക്ഷേ റാന്നി താലൂക്കിൽപ്പെട്ട പഴവങ്ങാടി പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളിലും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി ഇവ ഉപയോഗിച്ച് പാചകം ചെയ്യുന്നവർ കുറവാണ്. പുകയില്ലാത്ത അടുപ്പുകൾ പഞ്ചായത്തിൽ വളരെ കുറവാണ്. ഇതിനെല്ലാം പരിഹാരം കാണേണ്ടിയിരിക്കുന്നു.

### *പ്രശ്നങ്ങൾ*

1. വോൾട്ടേജ് കുറവ് പഞ്ചായത്തിൽ പൊതുവെ അനുഭവപ്പെടുന്നു.
2. സ്റ്റെപ്പ്അപ്പിന്റേയും ഇലക്ട്രിക് മോട്ടോറുകളുടേയും ഉപയോഗം വോൾട്ടേജ് ക്ഷാമം വരുത്തുന്നു.
3. പ്രേഷണ വിതരണരംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നത് നിരന്തര പ്രശ്നം സൃഷ്ടിക്കുന്നു.
4. സ്ട്രീറ്റ് ലൈറ്റുകൾക്ക് പഞ്ചായത്ത് പണം അടയ്ക്കുന്നതിന്റെ കാൽ ഭാഗം പോലും പ്രവർത്തിക്കുന്നില്ല.
5. കേടായ മീറ്ററുകൾ മാറ്റിവയ്ക്കാത്തതു കാരണം കൃത്യമായ കറന്റ് ഉപയോഗം അറിയാൻ കഴിയുന്നില്ല.

### *സാദ്ധ്യതകൾ*

1. ഇടമുറിയിൽ 220 KV സബ് സ്റ്റേഷൻ സ്ഥാപിച്ച് റാന്നി, പത്തനംതിട്ട മുതലായ സമീപ പ്രദേശങ്ങളിലെ സബ് സ്റ്റേഷനിലേക്ക് വൈദ്യുതി വിതരണം ചെയ്താൽ വമ്പിച്ച പ്രേഷണ നഷ്ടം ഒഴിവാക്കാം. സ്വിച്ചിംഗിന് ആധുനിക വിദൂര നിയന്ത്രണ ഉപകരണങ്ങൾ ഉപയോഗിക്കാവുന്നതാണ്.
2. പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും പ്രധാന നിരത്തുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
3. സ്ട്രീറ്റ്ലൈറ്റുകൾ നിലവിൽ ഉണ്ടായിരുന്നിടത്ത് പുന:സ്ഥാപിക്കുകയും അല്ലാത്തിടങ്ങളിൽ സോളാർ ലാമ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.
4. ചേത്തയ്ക്കൽ കണ്ണംങ്കരപടിയ്ക്കലുള്ള ട്രാൻസ് ഫോർമറിൽ സ്ഥാപിച്ചിട്ടുള്ള കപ്പാസിറ്റർ ഉടൻ ചാർജ്ജ് ചെയ്യുക.
5. സ്ട്രീറ്റുലൈറ്റുകൾക്ക് പ്രത്യേക മീറ്ററുകൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിച്ച്

ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ അടിസ്ഥാനത്തിൽ കറന്റ്ചാർജ്ജ് അടയ്ക്കാനുള്ള സംവിധാനമുണ്ടാക്കണം.

6. പഴവങ്ങാടിയിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മേജർ സെക്ഷൻ ഓഫീസാക്കി ഉയർത്തുക.

7. റാന്നി 66 KV സബ് സ്റ്റേഷൻ 110 KV സബ് സ്റ്റേഷൻ ആക്കി ഉയർത്തുക.

8. പഴവങ്ങാടി പഞ്ചായത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മീൻമുട്ടുപാറ, മാടത്തരുവി എന്നീ മിനി ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്റ്റുകൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കുക.

9. ഇട്ടിയപ്പാറ മാവേലിസ്റ്റോർ പടി, മന്ദമരുതി, മുണ്ടിയാന്തറ, അഞ്ചുകുഴി എന്നിവിടങ്ങളിലെ ട്രാൻസ്ഫോർമറുകൾ അപ്പ്ഗ്രെഡ് ചെയ്യേണ്ടതാണ്.

10. റാന്നി സബ് സ്റ്റേഷനിൽ നിന്നും അഞ്ചുകുഴി വഴി S.C.H.S ജംഗ്ഷനിലേക്ക് ഒരു 11KV ലൈൻ പണി തീർത്തിട്ടുണ്ട്. റാന്നി സബ്സ്റ്റേഷൻ ഇതിനെ ഒരു സ്വതന്ത്രഫീഡറാക്കി മാറ്റിയാൽ വെച്ചൂച്ചിറ വരെയുള്ള പ്രദേശങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കും.

11. അനെർട്ടിന്റെ ഒരു ഓഫീസ് പഴവങ്ങാടി പഞ്ചായത്തിൽ സ്ഥാപിച്ച് ഫ്ളൂറസന്റ് ലാമ്പുകൾ, സോളാർ ഉപകരണങ്ങൾ, പുകയില്ലാത്ത അടുപ്പുകൾ ഇവ വിതരണം ചെയ്യുക.

12. ഗാർഹിക ഉപയോഗത്തിനും, തെരുവുവിളക്കുകൾക്കും സോളാർ ലാമ്പുകൾ പഞ്ചായത്ത് തലത്തിൽ നടപ്പാക്കാവുന്നതാണ്.

### *പുതിയ ട്രാൻസ്ഫോർമറുകൾ വേണ്ടത്*

ഒഴുവൻ പാറ, വലിയപറമ്പിൽ പടി, മുക്കാലുമൺ, പൂഴിക്കുന്ന്, എരുത്തിക്കത്തടം, ചേത്തയ്ക്കൽ അമ്പലം പടി, കരികുളം ജംഗ്ഷൻ ഇടമുറി പാലം ജംഗ്ഷൻ എന്നിവടങ്ങളിൽ പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കാവുന്നതാണ്.

ഇലക്ട്രിക് ലൈൻ പൂർണ്ണമായോ ഭാഗിക്മായോ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ട റോഡുകൾ

### *വാർഡ് – 1*

1 മൂഴിയിൽ പടി – പഴയാറ്റു കടവ്
പുതിയലൈൻ വലിക്കുക

2 തുണ്ടിയിൽ പടി – പുള്ളോലിപടി
പുതിയലൈൻ വലിക്കുക

3 വായനശാല പടി – കോണമല പടി
പുതിയലൈൻ വലിക്കുക

4 പള്ളിക്കടവ് – പാലത്തുങ്കൽ റോഡ്
സ്ട്രീറ്റ് ലൈറ്റ് ഇടുക

5 മങ്കുഴി – കോളേജ്പടി റോഡ്
സ്ട്രീറ്റ് ലൈറ്റ് ഇടുക

### *വാർഡ് – 2*

പൂവത്തുക്കുന്ന് – കോളേജ് റാഡ്
പുതിയലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റിടുക

മാമുക്ക് – തേക്കാട്ടിൽ പടി പുതിയ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റിടുക

മാമുക്ക് – കല്ലംപറമ്പിൽ പടി
പുതിയലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റിടുക

### വാർഡ് – 3

ആനത്തടം – പൂവത്തുക്കുന്ന് റോഡ്

ഇട്ടിയപ്പാറ – വെള്ളാറമല – ആനത്തടം റോഡ്

പുലിയുറുമ്പും കോട്ട

### വാർഡ് – 5

1 മന്ദമരുതി – ഞാഞ്ഞുമൺ റോഡിൽ ഞാഞ്ഞുമൺ ഭാഗം പുതിയലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റിടുക

2 മന്ദമരുതി – എരുത്തിക്കത്തടം റോഡ് പുതിയലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റിടുക

3 തലക്കോട്ടു പടി – പള്ളിപ്പടി റോഡ് പുതിയലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റിടുക

4 മന്ദമരുതി – കോയിത്തോടത്തുമല – വട്ടാർകയം റോഡ് പുതിയലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റിടുക

5 എരുത്തിക്കത്തടം – വട്ടാർകയം റോഡ് പുതിയലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റിടുക

6 മന്ദമരുതി – വട്ടാർകയം റോഡ് പുതിയലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റിടുക

7 മന്ദമരുതി – എരുത്തിക്കത്തടം – വട്ടാർകയം റോഡ് സ്ട്രീറ്റ് ലൈറ്റ് ഇടുക

8 മന്ദമരുതി – ഇഞ്ചിക്കാലപ്പടി – ഞാഞ്ഞുമൺ റോഡ് സ്ട്രീറ്റ് ലൈറ്റ് ഇടുക

9 വട്ടാർകയം – മുതിരക്കാലാപ്പടി സ്ട്രീറ്റ് ലൈറ്റ് ഇടുക

10 മന്ദമരുതി – കടവുപുഴ റോഡ് സ്ട്രീറ്റ് ലൈറ്റ് ഇടുക

11 പുളിയിലേത്തുപടി – കോളനിറോഡ് (ചെല്ലയ്ക്കാട്) സ്ട്രീറ്റ് ലൈറ്റ് ഇടുക

12 പാഴ്സനേജ്പടി – വനത്തുംമുറി റോഡ് സ്ട്രീറ്റ് ലൈറ്റ് ഇടുക

### വാർഡ് – 6

പ്ലാച്ചേരി – പൊന്തമ്പുഴ റോഡ് – ഭാഗികം

പനവേലിക്കുഴി ഹരിജൻ കോളനി റോഡ്

കുന്നുംപുറത്തു കോളനി

ഭൂതപ്പാറ കോളനി

### വാർഡ് – 7

വാകത്താനം കോളനി, വാകത്താനം ജംഗ്ഷൻ മുതൽ പിച്ചനാട്ടുപടി വരെ സ്ട്രീറ്റ്ലൈറ്റ്

കോതാനി കോളനി, ഇടമൺ എം.എൽ.എ റോഡ് മുതൽ പൊട്ടനരുവിവരെ സ്ട്രീറ്റുലൈറ്റ്

പൊട്ടൻമല കോളനി, വെമ്മേലിപടി മുതൽ സോവർ പള്ളി വരെ സ്ട്രീറ്റ് ലൈറ്റ്.

### വാർഡ് – 8

കണ്ണന്താനത്തുപടി – ഇടമുറിറോഡ് ഭാഗികം

ചേത്തയ്ക്കൽ – പുള്ളിക്കല്ല് റോഡിൽ ബംഗ്ലാവുപടി മുതൽ ഇടമുറി വരെ സ്ട്രീറ്റു ലൈറ്റ്

വടക്കേമണ്ണിൽ പടി – മുരിയംകേരിൽ പടി ഇടത്തോട്ട് – പുതിയലൈൻ വലിച്ച് സ്ട്രീറ്റ്ലൈറ്റിടുക

### വാർഡ് – 9

1 മാടത്തുംപടി – സ്റ്റോർപടി റോഡ്

2 മന്ദമരുതി – നീരാട്ടുകാവ് റോഡ് ബാക്കി ഭാഗം

3 പാമ്പയ്ക്കൽ പടി – നീരാറ്റുകാവ് റോഡ്

4 അത്തിപ്പറമ്പ് – പുഞ്ചിരിമുക്ക് റോഡ്

5 വരിക്കോലിൽപടി – ഗ്രാമവികസന സമിതി റോഡ്

6 പള്ളിപ്പടി – പുഞ്ചിരിമുക്കു പടി

7 മാടത്തുംപടി – ബൗണ്ടറി റോഡ് – ഭാഗികം

8 ചെറുകരേത്തു പടി – മാടത്തരുവിറോഡ്

### *വാർഡ് – 10*

മണക്കാലംപള്ളിപ്പടി – ഗുരുമന്ദിരം റോഡ് – ഭാഗികം

കരികുളം ജംഗ്ഷൻ – മനയ്ക്കത്തടം റോഡ് – ഭാഗികം

കക്കുഴിപ്പടി – കടാമുളപള്ളിപ്പടി റോഡ്

മുണ്ടിയാന്തറ – മാർത്തോമ്മാപള്ളിപ്പടി

അഞ്ചുകുഴി – പ്ലാങ്കുഴി റോഡ്

ആനത്തടം – അഞ്ചുകുഴി റോഡ്

## മാർക്കറ്റ്

റാന്നി താലൂക്കിലെ ഏറ്റവും വലിയ മാർക്കറ്റാണ് ഈ പഞ്ചായത്തിലെ ഇട്ടിയപ്പാറ ചന്ത. ഈ ചന്ത നവീകരിക്കുകയും, സ്ഥിരമായ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്. ഇതിനുള്ള സാങ്കേതികത്വം പാലക്കാട് IRTC യിൽ നിന്നും ലഭ്യമാകുന്നതാണ്. ഇതിൽ നിന്നും ഉല്പാദിപ്പിക്കുന്ന ഗ്യാസ് പൈപ്പുകൾ വഴി ചന്തയിലെ ടീ സ്റ്റാളുകൾക്ക് നൽകാവുന്നതാണ്. അതുവഴി മാലിന്യ പ്രശ്നങ്ങൾ ഒരളവു വരെ പരിഹരിക്കാവുന്നതാണ്. അറവുശാലയിൽ, പരിശോധന വിധേയമാക്കിയ മൃഗങ്ങളെ മാത്രമേ അറക്കാവൂ എന്നീ നിബന്ധന കർശനമായി നടപ്പിലാക്കുക, മലഞ്ചരക്ക് വ്യാപാരത്തിന് പ്രത്യേക സ്ഥലം ചന്തയിൽ ക്രമീകരിക്കുക. മന്ദമരുതിയിൽ ഒരു പ്രൈവറ്റ് ചന്ത പഞ്ചായത്തിന്റെ അനുമതിയോടു കൂടി പ്രവർത്തിക്കുന്നുണ്ട്. ഇത് പഞ്ചായത്തിന്റേതാക്കാൻ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്. ഇട്ടിയപ്പാറ, ഒരു അന്തിച്ചന്ത സ്ഥാപിക്കേണ്ടതാണ്. ഇടമൺ, പ്ലാച്ചേരി, മോതിരവയൽ എന്നിവിടങ്ങളിൽ ഓരോ ചന്ത തുടങ്ങേണ്ടതാണ്. മന്ദമരുതിയിൽ ഒരു അന്തിച്ചന്ത തുടങ്ങാവുന്നതാണ്.




RANNI BRIDGE
BAILEY BRIDGE
CONSTRUCTED BY
BANGALORE






# 5.7

# പാർപ്പിടവും സാമൂഹിക ക്ഷേമവും

ജനാധിപത്യ സമ്പ്രദായത്തിൽ എല്ലാവരും തുല്യരാണെന്നാണ് നിയമം. എന്നാൽ ആഹാരം, വസ്ത്രം, പാർപ്പിടം എന്നീ അടിസ്ഥാന സൗകര്യങ്ങൾ പങ്കുവയ്ക്കുന്ന കാര്യത്തിൽ വ്യത്യാസമുണ്ട്. നമ്മുടെ രാജ്യത്ത് പഞ്ചവത്സരപദ്ധതികൾ എട്ട് കഴിഞ്ഞിട്ടും പാർപ്പിട പ്രശ്നത്തിന് പൂർണ്ണമായ പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. ഒരു ഭാഗത്ത് ആധുനിക രീതിയിലുള്ള മണി മാളികകൾ, മറ്റൊരിടത്ത് കുടിലുകളും, കോളനികളും, ചേരികളും എന്നിങ്ങനെ വ്യത്യസ്ഥ മുഖങ്ങൾ കാണുന്നു. ഈ സ്ഥിതിക്ക് ഒരു അളവുവരെയെങ്കിലും പരിഹാരം കാണേണ്ടത് ഒരു ക്ഷേമരാഷ്ട്രത്തിൽ പരമപ്രധാനമാണ്.

റാന്നി പഴവങ്ങാടി പഞ്ചായത്തിൽ പാർപ്പിട പ്രശ്നം അത്ര ഗുരുതരമല്ല. ചേരികൾ ഇവിടെയില്ല. എന്നാൽ സ്വന്തമായി വീടില്ലാത്ത ചെറിയ വിഭാഗം ആളുകളുണ്ട്. കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകൾ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ മുഖാന്തരം ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിച്ചിട്ടുമുണ്ട്. സ്വന്തമായി വീടു വേണമെന്ന് ആഗ്രഹവും ലക്ഷ്യവുമുള്ളവർക്കു മാത്രമേ ഈ പദ്ധതികൾ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടുള്ളു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിൽ കുടുംബങ്ങളായി ഒന്നിച്ചു താമസിക്കുന്ന ധാരാളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഭവന നിർമ്മാണം ഇന്ന് വളരെ ദുഷ്കരമായിരിക്കുന്ന സാഹചര്യത്തിൽ ഇതിന് പരിഹാരം കാണുന്നതിനും ഈ കൂട്ടുകുടുംബ രീതി മാറ്റി ഭവനങ്ങളായി വേർതിരിഞ്ഞ് താമസിക്കുന്നതിനും പാർപ്പിട സൗകര്യം ഉണ്ടാകേണ്ടതാണ്.

1991 ലെ സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ 7418 കെട്ടിടങ്ങളാണ് ഉള്ളത്. ഇതിൽ ഏകദേശം 2400 എണ്ണം കടകളും മറ്റു സ്ഥാപനങ്ങളുമാണ്. ബാക്കി 5418 എണ്ണം വീടുകളുമാണ്. പാർപ്പിടങ്ങളിൽ ഏകദേശം 35% വീടുകളും മൺകട്ടകെട്ടിയവയോ ചെറ്റ കെട്ടി മറച്ചതോ ആണ്. തറ

മണ്ണും ചാണകവും കൊണ്ട് മെഴുകിയവയും ഇതിൽ ഉൾപ്പെടുന്നു. 45 ശതമാനം വീടുകൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളു. കുടിലുകളിൽ താമസിക്കുന്നവരിൽ ഭൂരിഭാഗവും ദളിത് ക്രൈസ്തവരും പട്ടികജാതി പട്ടികവർഗ്ഗക്കാരുമാണ്. കെട്ടിടങ്ങളുടെ ഘടനയും വിശദ വിവരങ്ങളും കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

*പട്ടിക – 1*

*കെട്ടിടങ്ങളുടെ ഘടന/സ്വഭാവം*

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ളത് | മേൽക്കൂരയുടെ സ്വഭാവം | | | ലക്ഷംവീട് ഉൾപ്പെടെ മറ്റുള്ളവ | വിവിധ ഭവന നിർമ്മാണ പദ്ധതി പ്രകാരം (JRY) |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല (Hut) | | |
| I | 650 | 27 | 160 | 342 | 100 | 21 | - |
| II | 1379 | 259 | 561 | 501 | 36 | 19 | 3 |
| III | 739 | 71 | 179 | 275 | 118 | 90 | 6 |
| IV | 400 | 55 | 139 | 115 | 76 | 9 | 6 |
| V | 374 | 26 | 61 | 168 | 108 | 8 | 3 |
| VI | 727 | 29 | 89 | 390 | 199 | 19 | 1 |
| VII | 594 | 34 | 106 | 302 | 123 | 22 | 7 |
| VIII | 813 | 29 | 41 | 489 | 226 | 22 | 6 |
| IX | 324 | 12 | 30 | 146 | 122 | 7 | 7 |
| X | 504 | 24 | 29 | 275 | 139 | 29 | 8 |
| XI | 914 | 14 | 79 | 421 | 354 | 21 | 25 |
| Total | 7418 | 580 | 1474 | 3424 | 1601 | 267 | 72 |

1991–ലെ സാമ്പത്തിക സർവ്വേ പ്രകാരം

കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് ക്രമാതീതമായ വില വർദ്ധനവ് അനുഭവപ്പെടുന്നതിനാൽ സാധാരണക്കാർക്ക് ചെറിയ വീടുകൾ പോലും വയ്ക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. കൂലി വർദ്ധനവ് ഒരു നിർണ്ണായക ഘടകമാണ്. അതിലുപരി പഴവങ്ങാടി പഞ്ചായത്തിൽ മണലിന് അതിരൂക്ഷമായ വിലയാണ്. (ഒരു ലോഡ് മണൽ 950 രൂപ) ലഭിക്കാനും പ്രയാസമാണ്.

ഈ പഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്ത ഏകദേശം 1445 കുടുംബങ്ങളുണ്ട്. ഇതിൽ കുടിലുകളിൽ താമസിക്കുന്നവരും കൂട്ടുകുടുംബമായി താമസിക്കുന്നവരും ഉൾപ്പെടും. അതുപോലെ പഞ്ചായത്തിൽ നിന്നും നൽകിയ 4 സെന്റ് കോളനിക്കാർക്ക് വീടു വയ്ക്കുന്നതിനോ സർക്കാരിൽ നിന്നും ലഭിച്ച ലക്ഷം വീടുകൾ വൈദ്യുതീകരിക്കുന്നതിനോ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനോ സാധിച്ചിട്ടില്ല. ഈ പഞ്ചായത്തിലെ ഭവനരഹിതരായവരുടെ എണ്ണം ചുവടെ പട്ടികയിൽ നല്കിയിരിക്കുന്നു.

*പട്ടിക – 2*

*ഭവനരഹിതരായവരുടെ ലിസ്റ്റ്*

***(ഇതിൽ കുടിലുകളിൽ താമസിക്കുന്നവരും കൂട്ടുകുടുംബത്തിൽ താമസിക്കുന്നവരും ഉൾപ്പെടും)***

| വാർഡ് | എണ്ണം |
|---|---|
| I | 25 |
| II | 200 |
| III | 75 |
| IV | 75 |
| V | 35 |
| VI | 200 |
| VII | 150 |
| VIII | 85 |
| IX | 300 |
| X | 100 |
| XI | 200 |
| ആകെ | 1445 |

### *സാധ്യതകളും നിർദ്ദേശങ്ങളും*

1. സ്വന്തമായി പട്ടയ ഭൂമി ഇല്ലാത്തതിനാൽ ബ്ലോക്കിൽ നിന്നും പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ഭവനനിർമ്മാണ സഹായങ്ങൾ അർഹരായവർക്കു കിട്ടുന്നില്ല.
2. പുറമ്പോക്കിലും തരിശു ഭൂമികളിലും മറ്റും താമസിക്കുന്ന ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്ക് കൈവശാവകാശ രേഖയും ഭവന നിർമ്മാണ സഹായങ്ങളും കിട്ടേണ്ടതാണ്.
3. ഭവന വായ്പകൾ സാധാരണക്കാർക്ക് ലഭിക്കത്തക്കവണ്ണം വ്യവസ്ഥകൾ ഉദാരവൽക്കരിക്കണം. പ്രധാനമായും 12% ൽ താഴെയുള്ള പലിശ നിരക്കിൽ ഭവന വായ്പ ലഭ്യമാക്കണം.
4. മണൽ ലഭ്യത എളുപ്പമാക്കുന്നതിനും മണൽ വില കുറയ്ക്കുന്നതിനും വേണ്ടി ഈ പഞ്ചായത്തിലെ കടവുകളിലെ മണൽ ലേലം ചെയ്തുകൊടുക്കുകയോ നേരിട്ടു വില്ക്കുകയോ ചെയ്യണം. ബഹു. കോടതിയുടെ ഇതു സംബന്ധമായ നിരോധനം നീക്കുന്നതിനും നടപടികൾ സ്വീകരിക്കണം.
5. ഭവനരഹിതർക്ക് പ്ലോട്ടുകൾ വാങ്ങി ഭവനം നിർമ്മിച്ച് കൊടുക്കുക. തവണ വ്യവസ്ഥയിൽ ഇതിനുള്ള ചെലവുകൾ തിരിച്ചടക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുക.
6. സന്നദ്ധ സംഘടനകളും സർക്കാരും വ്യക്തികളും സംയോജിച്ച് പാർപ്പിട പ്രശ്ന പരിഹാരം കാണുക.
7. സർക്കാരിൽ നിന്നും ലഭിക്കുന്ന ഭവന നിർമ്മാണ വായ്പകൾ, JRY, രാജീവ് ദശലക്ഷ പദ്ധതി, പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി എന്നിവയ്ക്ക്





ഇപ്പോൾ നല്കുന്ന ധനസഹായം പരിമിതമാകയാൽ യഥാക്രമം 30,000 രൂ., 50,000 രൂ., 25,000 രൂ. പ്രകാരം നല്കുക.

8. നിലവിലുള്ള DWCRA യൂണിറ്റുകൾക്ക് ഒരു മാതൃകായൂണിറ്റ് പഞ്ചായത്തു തലത്തിൽ ഉണ്ടാക്കുക.

9. ഹൗസിംഗ് ബോർഡിന്റെ ഒരു ബ്രാഞ്ച് പഞ്ചായത്തിൽ ഏർപ്പെടുത്തുക.

10. ലക്ഷം വീടുകളുടെ അറ്റകുറ്റപണികൾ അടിയന്തിരമായി നടത്തുക.

11. വായ്പ ലഭിച്ച് പൂർത്തിയാകാത്ത വീടുകൾക്ക് അത് പൂർത്തിയാക്കാനുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി നവീകരിക്കുക.

12. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് നിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം നൽകുക.

## *സാമൂഹ്യക്ഷേമം*

സമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നടപ്പിലാക്കേണ്ടത്.

പഞ്ചായത്തിന്റെ എല്ലാവാർഡിലും ആരോഗ്യ പരിപാലനത്തിനായി കുഞ്ഞുങ്ങൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരവും വൈദ്യസഹായവും ലഭിക്കണം. അതിലേക്കായി ഹോമിയോ ആശുപത്രി, ആയുർവ്വേദാശുപത്രി, ഹെൽത്ത് സെന്റർ ഇവ ആരംഭിക്കണം. അടിസ്ഥാനപരമായി സാമൂഹ്യ ശുചീകരണ ബോധവൽക്കരണ സെമിനാറുകൾ വിദ്യാഭ്യാസം തുടങ്ങിയവും നടപ്പിലാക്കണം.

ഇതിനു പുറമെ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കേണ്ടതുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിൽ നിന്നുമുള്ള ബോധവൽക്കരണകുറവ് ആവശ്യത്തിനും സമയത്തിനും കിട്ടായ്ക ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ ഉണ്ടാകുന്നുണ്ട്.

ഈ പഞ്ചായത്തിൽ കാർഷികരംഗത്തും, നിർമ്മാണരംഗത്തും, പ്ലാന്റേഷൻ മേഖലയി(ടാപ്പിംഗ്)ലും പണിയെടുക്കുന്ന ബഹുഭൂരിപക്ഷം തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. അതുപോലെ കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ ലഭിക്കാൻ അർഹതയുള്ള ഏറെപ്പേർക്കും അതു ലഭിക്കുന്നുമില്ല.

DWCRA മുഖാന്തരം സഹായ ലഭ്യത ഉണ്ടെങ്കിലും എല്ലാവാർഡിലും വേണ്ടത്ര പ്രയോജനം ലഭിച്ചിട്ടില്ല.

**DWCRA സഹായ ലഭ്യതാ കണക്ക്**

| വർഷം | വായ്പത്തുക | സബ്സിഡി |
|---|---|---|
| കുറ്റിമുല്ല & ഡയറി യൂണിറ്റ് | | |
| 1993-94 | 12,185 | 65,415 |
| 1994-95 | 11,000 | 4,000 |
| ബേക്കറി യൂണിറ്റ് | | |
| 1995-96 | 1,46,000 | 44,000 |

## പെൻഷൻ പദ്ധതികൾ

### 1. വിധവാ പെൻഷൻ

വൈധവ്യം സംഭവിച്ചവർക്കും ഭർത്താവുപേക്ഷിച്ചവർക്കും നിയമാനുസൃതം വിവാഹ മോചനം നേടിയവർക്കും നൽകുന്ന ആനുകൂല്യമാണ്. പെൻഷൻ തുക ഇപ്പോൾ 100 രൂപയാണ്. ആൺമക്കൾക്ക് 20 വയസ്സ് പൂർത്തിയാകുന്നതുവരെ മാത്രമേ വിധവകൾക്ക് പെൻഷൻ കിട്ടുകയുള്ളു. ഈ പഞ്ചായത്തിൽ 58 വിധവകൾക്ക് പെൻഷൻ ലഭിക്കുന്നുണ്ട്.

### 2. വാർദ്ധക്യകാല പെൻഷൻ

65 വയസ്സ് പൂർത്തിയാക്കിയവരും പ്രായപൂർത്തിയായ ആൺ മക്കളില്ലാത്തവരും താഴ്ന്ന വരുമാനക്കാരുമായ ആളുകൾക്കാണ് ഈ ആനുകൂല്യം. ഈ പഞ്ചായത്തിൽ 13 പേർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. കൂടുതൽ ആളുകൾക്ക് പെൻഷൻ ലഭിക്കത്തക്കവണ്ണം അർഹത നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പരിഷ്കരിക്കയോ, ഈ അവകാശം പഞ്ചായത്തിന് വിട്ടുകൊടുക്കയോ ചെയ്യേണ്ടതാണ്.

### 3. അഗതി പെൻഷൻ

ആരും സഹായിക്കാനില്ലാത്തവർക്കു ലഭിക്കുന്ന ആനുകൂല്യമാണ് അഗതി പെൻഷൻ. ഈ പഞ്ചായത്തിൽ 6 പേർക്ക് അഗതി പെൻഷൻ ലഭിക്കുന്നുണ്ട്.

### 4. വികലാംഗ പെൻഷൻ

വികലാംഗ സർട്ടിഫിക്കറ്റ് കിട്ടുന്നതിന് ആൾക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്നു. വികലാംഗരായിട്ടുള്ളവർക്ക് ആനുകൂല്യം കിട്ടുന്നത് വളരെ വിരളമാണ്.

### 5. കർഷകത്തൊഴിലാളി പെൻഷൻ

ഈ പഞ്ചായത്തിലെ കാർഷികരംഗത്തു പണിയെടുക്കുന്ന അർഹതപ്പെട്ട ഏറെപ്പേർക്കും ഈ പെൻഷൻ ലഭിക്കുന്നില്ല. എന്നാൽ അനർഹരായ ധാരാളം പേർക്ക് പെൻഷൻ ലഭിക്കുന്നുമുണ്ട്.

അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം. അർഹരായവരെ തെരഞ്ഞെടുത്ത ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം.

## അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന അംഗനവാടി നമ്മുടെ പഞ്ചായത്തിൽ ഒരെണ്ണം മാത്രമാണുള്ളത്. എന്നാൽ എല്ലാ വാർഡിലും ഒരോ അംഗനവാടികൾ ഉണ്ടാകേണ്ടത് അത്യാവശ്യമായ ഒരു വസ്തുതയാണ്. ആയിരം അംഗങ്ങൾക്ക് ഒരു അംഗനവാടിയെന്നാണ് I.C.D.S ന്റെ ലക്ഷ്യമെങ്കിലും വാർഡിൽ ജനസംഖ്യാനുപാതം അനുസരിച്ച് അംഗനവാടികൾ ഉണ്ടാകേണ്ടതുണ്ട്.

## ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാകുന്ന പദ്ധതിയാണ് ടൂൾകിറ്റ്. പഴവങ്ങാടി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ പദ്ധതിയെക്കുറിച്ച് തൊഴിലാളികൾ അജ്ഞരാണ്.

### ട്രൈസം

18 മുതൽ 35 വയസ്സുവരെ പ്രായമുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. എന്നാൽ പഞ്ചായത്തിൽ 3 പേർക്കുമാത്രമേ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളു. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റൈപ്പന്റ് തുക കൂട്ടുകയും വേണം. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ കിട്ടുന്നില്ലന്ന പരാതി ഒഴിവാക്കുവാൻ വേണ്ടി ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ബോധവാന്മാരാക്കുവാൻ യുവജന സംഘടനകൾക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും.

### റേഷൻ കടകൾ (പൊതു വിതരണ കേന്ദ്രം)

സാധാരണക്കാരുടെ ആശാകേന്ദ്രങ്ങളാണ് റേഷൻ കടകൾ. നമ്മുടെ പൊതു വിതരണ ശൃംഖല മെച്ചപ്പെട്ടതാണ്. ഈ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും റേഷൻ കടകൾ ഉണ്ട്. കൂടാതെ സിവിൾ സപ്ലൈസ് കോർപറേഷൻ വക മാവേലിസ്റ്റോർ ഇട്ടിയപ്പാറയിലും പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തു പ്രദേശം കൂടുതലും മലമ്പ്രദേശങ്ങൾ ആയതിനാൽ റേഷൻകടയുടെ പരിമിതമായ എണ്ണം ആൾക്കാരെ ബുദ്ധിമുട്ടിക്കുന്നു. കാർഡുകളുടെ എണ്ണം നോക്കാതെ പ്രാദേശിക സങ്കീർണ്ണതകൾ കണക്കിലെടുത്ത് കൂടുതൽ റേഷൻഷോപ്പുകൾ അനുവദിക്കേണ്ടതാണ്. പഞ്ചായത്തു പ്രദേശത്തെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ റേഷൻകടകളും മാവേലി സ്റ്റോറും സഹായകരമല്ല.

റേഷൻ കാർഡിൽ പേരു ചേർക്കുന്നതിന് ഇന്ന് ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. വിട്ടുപോയ പേരുകളും അധികത്തിലുള്ള പേരുകളും റേഷൻ കാർഡിൽ ചേർക്കുന്നതിന് പഞ്ചായത്തു പ്രസിഡന്റ് നല്കുന്ന സാക്ഷ്യപത്രം പരിഗണിക്കുവാൻ സിവിൾസപ്ലൈസ് വകുപ്പ് അധികൃതർ തയ്യാറായാൽ ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കാവുന്നതാണ്.

റേഷനിംഗ് സമ്പ്രദായം ദുർബ്ബലപ്പെട്ടു വരുന്നതായാണ് ഈയിടെ കാണുന്നത്. പൊതുവിതരണ രംഗം ശക്തിപ്പെടുത്തുന്നതിനു സർക്കാർ ആത്മാർത്ഥമായി ശ്രമിച്ചേ പറ്റു. ഓണക്കാലത്തും ക്രിസ്തുമസ്സ് കാലത്തും മറ്റും നടത്തുന്ന പ്രത്യേക ചന്തകൾ ഗുണകരമാണ്. ഇതുപോലെയുള്ള പ്രത്യേക ചന്തകൾ സ്ഥിരമായി തുടരേണ്ടതാണ്. ഈ പഞ്ചായത്തിലെ മന്ദമരുതി ഇടമൺ പ്രദേശങ്ങളിൽ പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിക്കേണ്ടതാണ്.

### സാമൂഹ്യക്ഷേമ രംഗത്തെ സാദ്ധ്യതകൾ

1. പഞ്ചായത്ത് ലീസ് ഭൂമിയോ മിച്ചഭൂമിയോ അംഗനവാടികൾക്ക് കെട്ടിടം പണിയാൻ നൽകുക.
2. കൂടുതൽ DWCRA സംരംഭങ്ങൾക്ക് സാദ്ധ്യതയുണ്ട്.
3. അംഗനവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരം നൽകുകയും അതിന് ഇപ്പോൾ നല്കുന്ന തുക വർദ്ധിപ്പിക്കുകയും ചെയ്യുക.
4. സാമൂഹ്യക്ഷേമരംഗത്തെ പ്രവർത്തനങ്ങൾ മോനിട്ടർ ചെയ്യണം.
5. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് എല്ലാ ക്ലാസ്സുകളിലും കോച്ചിംഗ് ക്ലാസ്സുകൾ ഏർപ്പെടുത്തണം.

6. സ്വയം തൊഴിൽ കണ്ടെത്താൻ അനുകൂലമായ സാഹചര്യം സൃഷ്ടിക്കണം.

7. കൂടുതൽ പേർക്ക് പരിശീലനത്തിനുള്ള അവസരമൊരുക്കണം.

8. അർഹതപ്പെട്ട പെൻഷൻ അവശ ജന വിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നു ഉറപ്പു വരത്തുവാൻ സംവിധാനമുണ്ടാക്കുക.

9. അഗതികളും നിരാലംബരുമായവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക. പഞ്ചായത്തിൽ ഒരു വൃദ്ധപരിപാലന കേന്ദ്രം തുടങ്ങുക.

❑








# 5.8

# സംസ്കാരം

ഗ്രാമീണ തനിമയുടെയും മികവുറ്റ സംസ്കാരത്തിന്റേയും ഉടമകളാണ് റാന്നി പഴവങ്ങാടി പഞ്ചായത്തു നിവാസികൾ. ഈ പ്രദേശത്ത് ജനവാസം തുടങ്ങിയിട്ട് ഏകദേശം അഞ്ചുനൂറ്റാണ്ടോളമേ ആകുന്നുള്ളൂ. കാടുവെട്ടിത്തെളിച്ച് കൃഷിയിടങ്ങളും ജനപദങ്ങളുമാക്കിയ ഒരു ചരിത്രമാണ് ഈ പ്രദേശത്തിനുള്ളത്. പ്രകൃതിയോടും കാട്ടു മൃഗങ്ങളോടും പടപൊരുതി ജീവിച്ചവരാണ് ഈ പ്രദേശത്തുള്ളവർ. സാഹസികതയും കരുത്തും കൈമുതലായുള്ള കൃഷീവലന്മാരായ നമ്മുടെ പൂർവ്വികർ പരസ്പര സ്നേഹത്തോടും ഒത്തൊരുമയോടും കഴിഞ്ഞവരാണ്. പ്രതികൂല കാലാവസ്ഥയോടും വന്യജീവികളോടും മല്ലിടുന്നതിൽ അവർ ഒരുമ കാണിച്ചു. ആ ഒരുമ ഇവിടുത്തെ ജീവിത ശൈലിയായി മാറി. അതാണ് പഴവങ്ങാടി പ്രദേശത്തെ സംസ്കാരത്തിന്റെ അടിത്തറ.

എല്ലാ മതവിഭാഗത്തിൽപ്പെട്ടവരും ഈ പ്രദേശത്തുണ്ട്. ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീങ്ങളും പരസ്പര സ്നേഹത്തിലും ഐക്യത്തിലും കഴിയുന്ന പ്രദേശമാണിത്. പഴവങ്ങാടിക്കരയിൽ വാർഗ്ഗീയ കലാപങ്ങളോ മത മാത്സര്യങ്ങളോ ഉണ്ടായ ചരിത്രമില്ല. ഒരു പതിറ്റാണ്ടിനുമപ്പുറം കേരളക്കരയിൽ 'നിലയ്ക്കൽ പ്രശ്നം' അതിരൂക്ഷമായി കൊടുമ്പിരികൊണ്ടപ്പോഴും നമ്മുടെ പ്രദേശം മത മൈത്രിയിൽ പുലരുകയായിരുന്നു എന്നതു തന്നെ ഉദാഹരണമായി എടുത്തുകാട്ടാം.

വിദ്യാഭ്യാസത്തിൽ വളരെയേറെ ശ്രദ്ധിക്കുന്നവരാണ് പഴവങ്ങാടി പഞ്ചായത്തു പ്രദേശത്തുള്ളവർ. ഈ സ്ഥലത്ത് ചിട്ടയായ വിദ്യാഭ്യാസപ്രവർത്തനം ഒരു നൂറ്റാണ്ടിനു മുമ്പു തന്നെ നിലവിലിരുന്നു. കളരി സമ്പ്രദായ പ്രകാരമുള്ള നിലത്തെഴുത്തും തുടർന്നുള്ള സ്കൂൾ വിദ്യാഭ്യാസവും കുട്ടികൾക്കു നൽകുന്നതിൽ മുൻ തലമുറ വളരെയേറെ ശ്രദ്ധാലുക്കളായിരുന്നു. ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തന ഫലമായിട്ടാണ് ആദ്യമായി ഈ പ്രദേശത്ത് സ്കൂളുകൾ സ്ഥാപിതമാകുന്നത്.

വിവിധ ക്രിസ്ത്യൻ മതവിഭാഗങ്ങളും നായർ സർവ്വീസ് സൊസൈറ്റിയും എസ്.എൻ.ഡി.പി. യോഗവും ഈ പ്രദേശത്ത് സ്കൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇന്ന് ഒരു ഫസ്റ്റ് ഗ്രേഡ് കോളേജും മൂന്നു ഹൈസ്കൂളും മൂന്ന് യു.പി. സ്കൂളുകളും12 എൽ.പി. സ്കൂളുകളും ഉണ്ട്.

ആധുനിക വിദ്യാഭ്യാസത്തിലൂടെ കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കുവാൻ പുതിയ തലമുറയെ സജ്ജരാക്കുന്നതിൽ ഈ പഞ്ചായത്തു നിവാസികൾ ജാഗരൂകരാണ്.

മാതൃഭാഷ അഭ്യസിക്കുന്നതിനും നമ്മുടെ പാരമ്പര്യവും സംസ്കാരവും നിലനിർത്തുന്നതിലും തല്പരരാണ് ഈ പഞ്ചായത്തു നിവാസികൾ. ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വായിക്കുന്നത് ഇവിടെ ഒരു ശീലമായിക്കഴിഞ്ഞു. മിക്ക വീടുകളിലും ദിനപത്രം വരുത്തുന്നുണ്ട്. പഞ്ചായത്തു പ്രദേശത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള ദിനപത്രം മലയാളമനോരമയാണ്. മാതൃഭൂമി, കേരള കൗമുദി, മംഗളം, ദീപിക, ദേശാഭിമാനി, ജന്മഭൂമി എന്നീ പത്രങ്ങളും ഇവിടെ പ്രചാരത്തിലുണ്ട്. വായന ഒരു ശീലമായി മാറിയിട്ടുണ്ടെങ്കിലും ഗൗരവതരമായ വായന വ്യാപകമായി കാണുന്നില്ല. നോവലും കഥകളും ലേഖനങ്ങളും വായിക്കുന്ന ശീലം ആളുകളിൽ കുറയുന്നതായിട്ടാണ് കാണുന്നത്. റേഡിയോ, ടി.വി എന്നിവയുടെ ഉപയോഗം വളരെ കൂടുതലാണ്. കേബിൾ ടി.വി. നെറ്റ് വർക്ക് ഈ പ്രദേശത്തും വ്യാപകമായിക്കഴിഞ്ഞു. ഇലക്ട്രോണിക് മാദ്ധ്യമങ്ങൾക്ക് അമിത പ്രാധാന്യം കൊടുക്കുന്നവരാണ് പുതിയ തലമുറ. പാശ്ചാത്യപരിഷ്ക്കാരവും സംസ്ക്കാരവും ഇവിടെയും പ്രത്യക്ഷപ്പെട്ടു തുടങ്ങി. പുതുമകളെ എത്തിപ്പിടിക്കുവാൻ വെമ്പുന്ന പുത്തൻ തലമുറ വേഷങ്ങളിൽ വരെ മാറ്റം വരുത്തി തുടങ്ങി. നമ്മുടെ പരമ്പരാഗത നാടൻ വേഷങ്ങൾ മറഞ്ഞു തുടങ്ങി. 'ജീൻസ്' ഇന്ന് ഈ പ്രദേശത്തെ ഒരു സാധാരണ വേഷമായിക്കഴിഞ്ഞു.

ഈ പഞ്ചായത്തു പ്രദേശത്ത് ഒരു സിനിമാ തീയേറ്റർ മാത്രമേ ഉള്ളു –ഇട്ടിയപ്പാറയിൽ ഉള്ള മഹാലക്ഷ്മി ടാക്കീസ്. തീയേറ്ററിൽ പോയി സിനിമ കാണുന്ന ശീലം ഈ പഞ്ചായത്തു നിവാസികളിൽ കുറവാണ്. തൊഴിലാളികളും യുവജനങ്ങളിൽ കുറേപ്പേരും മാത്രമേ തീയേറ്ററിൽ പോയി സിനിമാ കാണുന്നതിൽ താല്പര്യം കാണിക്കുന്നുള്ളു. ടി.വിയുടെയും വീഡിയോ കാസറ്റുകളുടേയും പ്രചാരമായിരിക്കാം ഇതിനു കാരണം.

ആഘോഷ പ്രിയരാണ് ഈ പഞ്ചായത്തു നിവാസികൾ. ക്രിസ്ത്യൻ ദേവാലയങ്ങളിലെ പെരുന്നാളുകളും കൺവെൻഷനുകളും ഹൈന്ദവക്ഷേത്രങ്ങളിലെ ഉത്സവങ്ങളും എല്ലാ വർഷവും മോടിയായി നടത്താറുണ്ട്. ഈ പെരുന്നാളുകളും ഉത്സവങ്ങളും ഈ പ്രദേശത്തിന്റെ കലാസംസ്കാരിക വളർച്ചക്കും മതമൈത്രിക്കും വളരെയേറെ സംഭാവനകൾ ചെയ്യുന്നുണ്ട്. ഭഗവതിക്കുന്നു ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചു നടത്തുന്ന ആറാട്ടും എഴുന്നള്ളത്തും ഏറെ മനോഹരവും പ്രസിദ്ധവുമാണ്. മേടമാസത്തിലെ ഉത്രം നക്ഷത്രദിനത്തിൽ കരികുളം ദേവീക്ഷേത്രത്തിൽ നടത്തുന്ന ഉത്സവത്തിൽ കഥകളിയുൾപ്പെടെയുള്ള വിവിധ കലാരൂപങ്ങൾ അവതരിപ്പിക്കാറുണ്ട്. ചേത്തയ്ക്കൽ ക്ഷേത്രത്തിലെ ഉത്സവത്തിലും വിവിധ കലാപരിപാടികൾ അരങ്ങേറാറുണ്ട്. എല്ലാ മത വിഭാഗത്തിൽപ്പെട്ടവരും ഒത്തുകൂടുന്ന ആഘോഷങ്ങൾ കൂടിയാണീ ഉത്സവങ്ങൾ.

ചെത്തോങ്കര കത്തോലിക്കാപള്ളി, യാക്കോബായപ്പള്ളി എന്നീ ദേവാലയങ്ങളിലെ പെരുന്നാളുകളോടനുബന്ധിച്ചു നടത്തുന്ന റാസകളും ഭക്തിയുടേയും ഒത്തൊരുമയുടേയും പ്രതീകങ്ങളാണ്.

നാടൻ കലകൾക്കു വളക്കൂറുള്ള

മണ്ണാണ് പഴവങ്ങാടിക്കര പ്രദേശം. കരികുളം, ചെല്ലക്കാട്, പൂഴിക്കുന്ന്, മോതിരവയൽ, ഇട മൺ, മക്കപ്പുഴ, നീരാട്ടുകാവ്, പെരുവയൽ തുടങ്ങിയ സ്ഥലങ്ങളിലൊക്കെ വിവിധ പ്രാചീന കലാരൂപങ്ങൾ ചിട്ടയായി അവതരിപ്പിക്കുന്ന ചെറു സംഘങ്ങൾ ഉണ്ടായിരുന്നു. പാക്കനാരു കളിയും, മുടിയാട്ടവും, കാക്കാരശ്ശിയും, കോലടിയും, വില്പാട്ടും, പരിചമുട്ടുകളിയും ഒക്കെ ഈ പ്രദേശത്തെ കലാ വിനോദങ്ങളായിരുന്നു. ഈ നാടൻ കലാ രൂപങ്ങൾ അറിയുന്ന കുറെ ആൾക്കാർ ഇന്നും ഇവിടെയുണ്ട്. ഓണക്കാലത്ത് വിവിധ നാടൻ കലകൾ ഈ പ്രദേശങ്ങളിൽ ആഘോഷപൂർവ്വം അവതരിപ്പിക്കാറുണ്ട്. നാടൻ പന്തുകളിയും, പുലികളിയും, കോലടിയും, കൈകൊട്ടിക്കളിയും, കുറ്റിപ്പന്തുകളിയും, മുടിയാട്ടവും ഒക്കെ ഈ പ്രദേശത്തു നിന്നും അസ്തമിക്കാതെ നിലനില്ക്കുന്നത് നമ്മുടെ ഗ്രാമവാസികൾ ഈ കലാരൂപങ്ങളെ താല്പര്യപൂർവ്വം സംരക്ഷിക്കുന്നതു കൊണ്ടാണ്.

ഓണക്കാലത്തു നടന്നു വരുന്ന അവിട്ടം വള്ളംകളി പ്രത്യേകം എടുത്തു പറയേണ്ട ഈ പ്രദേശത്തെ ഒരാഘോഷമാണ്. അങ്ങാടി, റാന്നി, പഴവങ്ങാടി പഞ്ചായത്തു നിവാസികൾ ഒന്നടങ്കം പമ്പാനദിയുടെ ഇരുകരയിലും ഒത്തു കൂടുന്ന ഈ വള്ളംകളിയിൽ ഇടപ്പാവൂർ, അയിരൂർ, കോറ്റാത്തൂർ, ചെറുകോൽ, മേലുകര, കീഴുകര തുടങ്ങിയ കരകളിൽ നിന്നും പള്ളിയോടങ്ങൾ പങ്കെടുക്കാറുണ്ട്. ആറന്മുള ഉത്തൃട്ടാതി വള്ളംകളിയിൽ പങ്കെടുക്കുന്ന മിക്ക പള്ളിയോടങ്ങളും റാന്നിയിലെ ജലഘോഷയാത്രയിലും മത്സര വള്ളംകളിയിലും പങ്കെടുക്കാറുണ്ട്. ഈ പ്രദേശത്തെ കോരിത്തരിപ്പിക്കുന്ന ഒരാഘോഷമായി വളർന്നു കഴിഞ്ഞ ഈ വള്ളംകളി റാന്നി വലിയപാലം അപകടത്തിലായതിനെ തുടർന്ന് ഈ വർഷം നടന്നില്ല.

മദ്യത്തിനും മയക്കുമരുന്നുകൾക്കുമെതിരെ പൊരുതുന്ന സാമൂഹ്യസംഘടനകൾ ഈ പഞ്ചായത്തു പ്രദേശത്ത് കാര്യമായി പ്രവർത്തിക്കുന്നുണ്ട്. മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന മദ്യവർജ്ജന സമിതിയുടെ പ്രവർത്തനങ്ങൾ ഇവിടെ വളരെ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. മതസൗഹാർദ്ദവും സർവ്വമതമൈത്രിയും സാമൂഹ്യ പുരോഗതിയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ പിൽഗ്രിംഡ് സൊസൈറ്റി ഈ പഞ്ചായത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ച വച്ചിട്ടുണ്ട്. ഈ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും മാർച്ചു മാസത്തിൽ പമ്പയാറിന്റെ തീരത്ത് മണൽപ്പുറത്ത് (പെരുമ്പുഴക്കടവിൽ) ഒരാഴ്ച നീണ്ടുനിൽക്കുന്ന സർവ്വമത സമ്മേളനം നടത്താറുണ്ട്. പഴവങ്ങാടിയിലേയും സമീപപ്രദേശങ്ങളിലേയും സാമൂഹ്യജീവിതത്തിൽ ഒരു പുതിയ ദിശാബോധം പകരുന്നതിന് ഈ സർവ്വമത സമ്മേളനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനങ്ങളും നമ്മുടെ പഞ്ചായത്തു പ്രദേശത്ത് വ്യാപിപ്പിച്ചിട്ടുണ്ട്. ജനങ്ങളിൽ ശാസ്ത്രബോധം പകരുന്നതിനും സ്കൂളുകളിൽ വിജ്ഞാനോത്സവം സംഘടിപ്പിക്കുന്നതിനും പരിഷത്ത് പ്രവർത്തകർ ഉത്സുകരാണ്. ഊർജ്ജസ്വലരായ കുറെ ചെറുപ്പക്കാർ പരിഷത്തിന്റെ പ്രവർത്തകരായി ഈ പഞ്ചായത്തു പ്രദേശത്തുണ്ട് എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്.

സാക്ഷരതാ പ്രവർത്തനങ്ങളും തുടർ വിദ്യാഭ്യാസ പരിപാടികളും ക്രമമായും ചിട്ടയായും നടന്നിരുന്ന ഒരു പ്രദേശമാണിത്. മാടത്തുംപടി, ഇടമൺ കേന്ദ്രങ്ങളിൽ ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പെരുവയൽ, നീരാട്ടുകാവ്, മോതിരവയൽ, പൂഴിക്കുന്നു ഭാഗങ്ങളിൽ സാക്ഷരതാ പ്രവർത്തനങ്ങൾ നാമമാത്രമായി നടക്കുന്നുണ്ട്. തുടക്കത്തിൽ കാണിച്ചിരുന്ന ആവേശം ഇപ്പോൾ കാണുന്നില്ല. സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടികൾ പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

കലാ കായിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. പല വാർഡുകളിലും ചെറിയ ചെറിയ കളിക്കളങ്ങൾ ഉണ്ടെങ്കിലും ആവശ്യങ്ങൾ നിറവേറ്റാൻ അവ പര്യാപ്തമല്ല. ജണ്ടായ്ക്കലും ചേത്തക്കലും ഉള്ളതായ പഞ്ചായത്തിന്റെ വക മിനി സ്റ്റേഡിയങ്ങളിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തേണ്ടതാണ്. S.C. ഹൈസ്കൂളിന്റെ സ്റ്റേഡിയം മാത്രമേ കുറെയെങ്കിലും ഉപകരിക്കൂ. പക്ഷേ അത് പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താനാവുന്നില്ല. പഴവങ്ങാടിയുടെ ഹൃദയഭാഗത്ത് ഇട്ടിയപ്പാറയിൽ ഇപ്പോഴത്തെ ബസ്സ്റ്റാൻഡിനോടു ചേർന്ന മുണ്ടകപ്പാടം മണ്ണിട്ടു നികത്തി ഒരു നല്ല സ്റ്റേഡിയം ആക്കുന്നതിനു ശ്രമിക്കേണ്ടതാണ്.

ഗ്രന്ഥാലയങ്ങളുടേയും വായനശാലകളുടേയും പ്രവർത്തനങ്ങൾ നാമമാത്രമായേ നടക്കുന്നുള്ളു. കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ (കേരള ഗ്രന്ഥശാലാ സംഘം) അഫിലിയേറ്റു ചെയ്ത 9 ലൈബ്രറികൾ ഈ പഞ്ചായത്തിലുണ്ട്. വളരെ ആവേശപൂർവ്വം ജനങ്ങൾ പുസ്തകങ്ങൾ വായിച്ചിരുന്ന ഒരു കാലം ഇവിടെയുണ്ടായിരുന്നു. ഈ പഞ്ചായത്തിലുടനീളം ഒരു സാംസ്കാരിക മുന്നേറ്റം തന്നെ ഉണ്ടായ ഘട്ടത്തിലാണ് ഇവിടെ ഗ്രന്ഥശാലകൾ പൊട്ടി മുളച്ചത്. ഇന്ന് ആ മുന്നേറ്റം കാണാനില്ല. പല ഗ്രന്ഥശാലകളുടേയും പ്രവർത്തനങ്ങൾ തന്നെ മുടങ്ങിക്കിടക്കുകയാണ്. ഐത്തലയിലെ നാഷണൽ റീഡിംഗ് റൂം ആന്റ് ലൈബ്രറിയാണ് ഏറ്റവും പഴക്കം ചെന്നത്. ഇപ്പോൾ ഇതു മുടങ്ങിക്കിടക്കയാണ്. ഈ ലൈബ്രറിയുടെ പ്രവർത്തനങ്ങൾ പുന:രാരംഭിക്കേണ്ടതാണ്. പഞ്ചായത്തിന്റെ വകയായുള്ള ലൈബ്രറിയുടെ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടക്കുന്നില്ല. വിവേകോദയം പബ്ളിക് ലൈബ്രറി, മക്കപ്പുഴ, പബ്ളിക് ലൈബ്രറി കരികുളം, ഭാഭാ മെമ്മോറിയൽ പബ്ളിക് ലൈബ്രറി, ഇടമൺ, ചിത്ര പബ്ളിക് ലൈബ്രറി പൂഴിക്കുന്ന് ഉദയ ലൈബ്രറി മന്ദമരുതി, വിശ്വഭാരതി ചേത്തയ്ക്കൽ എന്നിവകൾ മാത്രമേ നല്ല നിലയിൽ പ്രവർത്തിക്കുന്നുള്ളു.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളുടേയും വായനശാലകളുടേയും വിവരങ്ങൾ ചുവടേ പട്ടികയിൽ ചേർക്കുന്നു.

*പട്ടിക – 1*

| ക്രമ നമ്പർ | പേര് | പുസ്തകങ്ങൾ | ഭൗതികനേട്ടങ്ങൾ | വരുത്തുന്ന പ്രസിദ്ധീകരണങ്ങൾ |
|---|---|---|---|---|
| 1 | പഞ്ചായത്ത് ലൈബ്രറി, പഴവങ്ങാടി | 1850 | സ്വന്തംസ്ഥലം കെട്ടിടം ഉണ്ട് | 4 പത്രങ്ങൾ 3 ആനുകാലികങ്ങൾ |
| 2 | നാഷണൽ ലൈബ്രറി ആന്റ് റീഡിംഗ് റൂം ഐത്തല | പ്രവർത്തിക്കുന്നില്ല സ്വന്തം കെട്ടിടം ഉണ്ട് | | |
| 3 | ഉദയാ ലൈബ്രറി, മന്ദമരുതി | 2400 | കെട്ടിടം ഉണ്ട് | |
| 4 | വിവേകോദയം മക്കപ്പുഴ | 3300 | കെട്ടിടം ഉണ്ട് | |
| 5 | ചിത്രാ പബ്ലിക് ലൈബ്രറി പൂഴിക്കുന്ന് | 2900 | കെട്ടിടം ഉണ്ട് | |
| 6 | പബ്ലിക് ലൈബ്രറി കരികുളം | 3200 | കെട്ടിടം ഉണ്ട് | |
| 7 | വിശ്വഭാരതി ഗ്രന്ഥശാല, ചേത്തയ്ക്കൽ | - | സ്ഥലമുണ്ട് | |
| 8 | ഭാഭാ മെമ്മോറിയൽ പബ്ലിക് ലൈബ്രറി ആന്റ് റീഡിംഗ് റൂം – ഇടമൺ | - | വാടക കെട്ടിടം | |
| 9 | കൈരളി ലൈബ്രറി മോതിരവയൽ | - | വാടകകെട്ടിടം | |
| 10 | എസ്.ഡി.എസ് വായനശാല, പെരുവയൽ | - | സ്വന്തംകെട്ടിടം | |

KERALA INSTITUTE OF LOCAL ADMINISTRATION
4219

ഈ പഞ്ചായത്തു പ്രദേശത്ത് കലാകായികരംഗത്ത് 12 ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഓണം, ക്രിസ്തുമസ്സ് തുടങ്ങിയ ആഘോഷങ്ങൾ നടത്തുന്നതിനപ്പുറം ചിട്ടയായ പ്രവർത്തനങ്ങൾക്ക് കലാസമിതികളോ ക്ലബ്ബുകളോ തുനിയുന്നില്ല. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാകായിക സമിതികളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

*പട്ടിക – 2*

*കലാകായിക സമിതികളെക്കുറിച്ചുള്ള വിവരണം*

| ക്രമ നമ്പർ | പേര് | അംഗങ്ങൾ | സംഗീത നാടക അക്കാഡമി/സ്പോർട്ട്സ് കൗൺസിൽ അഫിലിയേഷൻ | സ്വന്തമായി കെട്ടിടം | റേഡിയോ ടി.വി. ഉണ്ടോ | പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| 1 | കോസ്കോ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് പഴവങ്ങാടി | 61 | ഇല്ല | ഇല്ല | ഇല്ല | - |
| 2 | ജവഹർ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്, കരികുളം | 71 | ഇല്ല | ഉണ്ട് | ഇല്ല | - |
| 3 | ദേശ്പ്രേമി ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്, ചെല്ലക്കാട് | - | ഇല്ല | ഇല്ല | ഇല്ല | - |
| 4 | വിന്നേഴ്സ് സ്പേർട്ട്സ് ക്ലബ്ബ്, കല്യാണിമുക്ക് | - | ഇല്ല | ഇല്ല | ഇല്ല | - |
| 5 | ജവഹർ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് കാഞ്ഞിരത്താമല | - | ഇല്ല | ഇല്ല | ഇല്ല | - |
| 6 | വരമ്പയ്ക്കപതാൽ ഇൻഫന്ററി സ്പോർട്ട്സ് & ആർട്ട്സ് അഡ്വഞ്ചേഴ്സ് ക്ലബ്ബ് (വിസ്സാ) ഒഴുവൻ പാറ, കരികുളം | - | ഇല്ല | ഇല്ല | ഇല്ല | - |
| 7 | ഡോ. ഭാഭാ മെമ്മോറിയൽ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്, ഇടമൺ | - | ഇല്ല | ഇല്ല | ഇല്ല | - |
| 8 | നവജീവൻ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് പെരുവയൽ | - | ഇല്ല | ഇല്ല | ഇല്ല | - |
| 9 | YMA, കരികുളം | - | ഇല്ല | ഉണ്ട് | ഇല്ല | - |
| 10 | അജ്ഞലിക്ലബ്ബ്, ചെല്ലക്കാട് | - | ഇല്ല | ഇല്ല | ഇല്ല | - |
| 11 | ഗ്രാമവികസന സമിതി നീരാട്ടുകാവ് | - | ഇല്ല | ഉണ്ട് | ഇല്ല | - |
| 12 | ഗ്രാമവികസന സമിതി പെരുവയൽ | - | - | - | - | - |





മികച്ച അദ്ധ്യയ പാരമ്പര്യം ഈ പ്രദേശത്തിന്റെ സാംസ്കാരിക അടിത്തറ ഒരുക്കിയ ഒരു പ്രധാന ഘടകമാണ്. ഗുരു ശിഷ്യ ബന്ധം ദൃഢതരമായും പാവനമായും കാത്തു സൂക്ഷിക്കുന്ന അദ്ധ്യാപകർ ധാരാളമുള്ള ഒരു പ്രദേശം കൂടിയാണിത്. നമ്മുടെ സാംസ്കാരിക വളർച്ചക്ക് വലിയ സംഭാവനകൾ ഈ അദ്ധ്യാപകരിൽ നിന്നും ലഭിച്ചിട്ടുണ്ട്. സംസ്ഥാന ദേശീയ അവാർഡുകൾ ലഭിച്ച ശ്രീ. ടി. ഐ. ജോർജ്ജ്, ശ്രീ. സി. ജെ. ഈശോ എന്നീ അദ്ധ്യാപകർ ഈ പഞ്ചായത്തുനിവാസികളാണ് എന്നത് നമുക്ക് അഭിമാനകരമാണ്. ശ്രീ. സി. ജെ. ഈശോ എട്ടോളം പുസ്തകങ്ങൾ രചിച്ചിട്ടുള്ള അറിയപ്പെടുന്ന ഒരു സാഹിത്യകാരൻ കൂടിയാണ്.

## *ടൂറിസം*

റാന്നി പഴവങ്ങാടി പഞ്ചായത്തു പ്രദേശത്തെ പ്രകൃതി സൗന്ദര്യം ആരെയും പുളകം കൊള്ളിക്കുന്ന ഒന്നാണ്. ഈ പ്രദേശത്തെ മലനിരകളും നീരൊഴുക്കുകളും വെള്ളച്ചാട്ടങ്ങളും ഒക്കെ പ്രകൃതിരമണീയമായ കാഴ്ചകളാണ്. ശബരിമലയുടെ വളരെ സമീപത്തു സ്ഥിതി ചെയ്യുന്ന ഈ സ്ഥലം നമ്മുടെ ടൂറിസ്റ്റു മാപ്പിൽ ഇനിയും സ്ഥാനം പിടിച്ചിട്ടില്ല. വളരെ വിദഗ്ദ്ധമായി ആസൂത്രണം ചെയ്താൽ ഈ പഞ്ചായത്തിലെ മാടത്തരുവി, പൊട്ടനരുവി, മീൻമുട്ടു പാറ, പുലിയിറുമ്പും കോട്ട, കരികുളം പാറ, വട്ടകപ്പാറ തുടങ്ങിയ സ്ഥലങ്ങൾ കോർത്തിണക്കി ഒരു വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിച്ചെടുക്കാം. കരികുളം, മക്കപ്പുഴ, പ്ലാച്ചേരി തുടങ്ങിയ സ്ഥലങ്ങളിൽ 'ഹോളിഡേ റിസോർട്ടു'കൾ സ്ഥാപിച്ചാൽ തേക്കടിക്കും മറ്റും പോകുന്ന ടൂറിസ്റ്റുകൾക്ക് ഇത് ഏറെ പ്രയോജനപ്പെടും. ഇതേ റിസോർട്ടുകൾ തന്നെ ശബരിമല തീർത്ഥാടകരുടെ ഒരു വിശ്രമകേന്ദ്രമായും ഉപയോഗിക്കാൻ കഴിയും. നമ്മുടെ പഞ്ചായത്തിനു സമീപത്തായുള്ള പെരുന്തേനരുവിയുടെ പ്രകൃതി സൗന്ദര്യവും പമ്പാനദിയിലൂടെ ചെറിയ ബോട്ടുകളിലൂടെയുള്ള ഉല്ലാസയാത്രയും കാനന ഭംഗിയും ഒക്കെ പ്രയോജനപ്പെടുത്തുന്ന പദ്ധതികൾക്കു രൂപം നല്കുവാൻ ടൂറിസ്റ്റു വികസന കോർപറേഷന്റെ സഹായം തേടേണ്ടതാണ്.

## *പ്രശ്നങ്ങൾ*

1. പുതിയ തലമുറയിൽ വായനാശീലം കുറയുന്നു. ടി.വി. തുടങ്ങിയ ഇലക്ട്രോണിക് മാദ്ധ്യമങ്ങളോട് കൂടുതൽ പ്രതിപത്തി കാണിക്കുന്നു.
2. ഗ്രന്ഥശാലാ പ്രവർത്തനങ്ങളിൽ വേണ്ടത്ര ആവേശം കാണുന്നില്ല. സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവയുടെ പ്രവർത്തനങ്ങൾ പോലും മന്ദീഭവിക്കുന്നു.
3. മതിയായ സൗകര്യങ്ങളോടു കൂടിയ പബ്ലിക് സ്റ്റേഡിയം ഈ പഞ്ചായത്തിലില്ല.
4. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾക്കും ക്ലബ്ബുകൾക്കും സ്വന്തമായി സ്ഥലവും കെട്ടിടങ്ങളുമില്ല.
5. പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുന്ന സമിതികൾക്ക് ഒത്തു ചേരുന്നതിനുള്ള സൗകര്യങ്ങളില്ല.
6. നാടൻ കലകൾ നാശോന്മുഖമാകുന്നു. ഇതു പഠിക്കുവാൻ ആരും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.
7. കലാ സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകൾ വളരെ കുറച്ചു മാത്രമേ പങ്കെടുക്കുന്നുള്ളു.

### നിർദ്ദേശങ്ങൾ

1. ഇട്ടിയപ്പാറയിൽ ബസ്സ്റ്റാൻഡിനോടു ചേർന്ന പാടം ഏറ്റെടുത്ത് മണ്ണിട്ടുയർത്തി ഒരു പബ്ലിക് സ്റ്റേഡിയം കമ്മ്യൂണിറ്റി ഹാൾ എന്നിവ പണിയുക.

2. പഞ്ചായത്തു വക ലൈബ്രറി ഒരു കേന്ദ്ര ലൈബ്രറിയായി ഉയർത്തിക്കൊണ്ട് 5000പുസ്തകങ്ങളെങ്കിലും ഈ വർഷം അധികമായി വാങ്ങുക. പഞ്ചായത്ത് ലൈബ്രറിയോടു ചേർന്ന് ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിക്കുക.

3. ഐത്തല നാഷണൽ ലൈബ്രറിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക.

4. പുഴിക്കുന്നു ലക്ഷം വീടുകോളനിയുടെ പൊതുസ്ഥലത്തോടു ചേർന്ന് ഒരു സാംസ്കാരിക നിലയം, അംഗനവാടി എന്നിവ ആരംഭിക്കുക. പുഴിക്കുന്ന് പബ്ലിക് ലൈബ്രറിയോടനുബന്ധിച്ച് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക. മോതിരവയൽ കൈരളി ക്ലബ്ബിനു സ്വന്തമായ ആസ്ഥാനം ഉണ്ടാക്കുക. വരമ്പയ്ക്കൽ കേന്ദ്രമായി ഒരു ഗ്രാമവികസന സമിതി രൂപീകരിക്കുക.

5. ചേത്തയ്ക്കൽ വിശ്വഭാരതി ഗ്രന്ഥശാല, ഭാഭാ മെമ്മോറിയൽ പബ്ലിക് ലൈബ്രറി ഇടമൺ എന്നിവകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുക. മന്ദമരുതി ഉദയാ ഗ്രന്ഥശാല കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ഒരു ഹാൾ അധികത്തിൽ പണിയുകയും ചെയ്യുക.

6. എല്ലാ ഗ്രന്ഥശാലകൾക്കും കലാ സമിതികൾക്കും ടി.വി.സെറ്റുകൾ നല്കുക.

7. ക്ലബ്ബുകൾക്കും കലാസമിതികൾക്കും ആവശ്യമുള്ള ഉപകരണങ്ങൾ നല്കുക.

8. പഞ്ചായത്തിൽ നിന്നും ലൈബ്രറികൾക്കു നല്കി വരുന്ന വാർഷിക ധനസഹായം ഗണ്യമായ വിധം വർദ്ധിപ്പിക്കുക. ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും നല്കുകയും ചെയ്യുക.

9. പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളോടു ചേർന്ന് സാംസ്കാരിക നിലയങ്ങൾ പ്രവർത്തനമാരംഭിക്കുകയും അവകൾക്ക് ടി.വി. സെറ്റുകൾ നല്കുകയും ചെയ്യുക.

10. കലാകായികരംഗങ്ങളിലെ നവാഗതർക്ക് ആവശ്യമായ കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുക.

11. പഞ്ചായത്തിന്റെ നേതൃത്വത്തിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക. കേരളോത്സവം കൂടുതൽ ഫലപ്രദമായും ചിട്ടയായും നടത്തുക.

12. പുരാതന കലാ രൂപങ്ങൾ സംരക്ഷിക്കുന്നതിനു നടപടികൾ സ്വീകരിക്കുക. ഇവകളുടെ ഒരു പ്രദർശനം നടത്തുന്നതിനു ക്രമീകരണങ്ങൾ ചെയ്യുക.

13. നാടൻ പാട്ടുകൾ, പഴഞ്ചൊല്ലുകൾ, നാട്ടറിവുകൾ ഐതീഹ്യങ്ങൾ തുടങ്ങിയവ ശേഖരിച്ച് പ്രസിദ്ധീകരിക്കുന്നതിനു തയ്യാറാകുക.

14. പ്രതിമാസ ചർച്ചകൾ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ നടത്തുക.

15. തൊഴിലാളികൾ കൂടുതലായി അധിവസിക്കുന്ന സ്ഥലങ്ങളിൽ നിശാപാഠശാലകൾ, സിനിമാ വീഡിയോ പ്രദർശനങ്ങൾ എന്നിവ നടത്തുക.

16. നീരാട്ടുകാവിൽ ഗ്രാമവികസന സമിതി കെട്ടിടത്തിൽ ഒരു വായനശാലയുടെ പ്രവർത്തനമാരംഭിക്കുക.






# 5.൭

# വനിതാക്ഷേമം

സമൂഹത്തിന്റെ ഊടും പാവുമാണ് സ്ത്രീയും പുരുഷനും. അങ്ങനെയെങ്കിൽ 'സമത്വം' എന്ന സുന്ദരഭാവം ഉൾക്കൊള്ളുന്ന ഒരു പ്രസ്താവനയായി ഇത് രൂപാന്തരപ്പെടുന്നു. എന്നാൽ സമൂഹത്തിന്റെ 'ശിരസ്സ്' ആയി പുരുഷനെ അവരോധിച്ചാൽ സ്ത്രീക്ക് അമർഷമില്ല എന്നതാണ് സത്യം. പക്ഷേ, ഒരു കാര്യം ! അവഗണിക്കരുത് എന്നു മാത്രം.

ഒരിടത്ത് സ്ത്രീ സമത്വം, സ്ത്രീ വിമോചനം എന്നിങ്ങനെയുള്ള കാഹളധ്വനികൾ ഉയരുന്നു. മറ്റൊരിടത്ത് സ്ത്രീ പീഡനത്തിന്റെ ദീനരോദനങ്ങൾ ഉയരുന്നു. ഇതിനൊരു അറുതി ഉണ്ടാവണം ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേങ്കിലും ഇവിടെ ഒരു പരിവർത്തനം ഉണ്ടായേ മതിയാകൂ.

സ്ത്രീകൾ അബലകളല്ല എന്ന സത്യം കുറെ സ്ത്രീകളെങ്കിലും മനസ്സില്ക്കിക്കഴിഞ്ഞു. ഇനി വേണ്ടത് മറ്റുള്ള സ്ത്രീകളെക്കൂടി ബോധവൽക്കരിക്കുക എന്നുള്ളതാണ്. അതിന് സ്ത്രീ സമൂഹം ഉണർന്നു സജ്ജമായിക്കഴിഞ്ഞു. ധൈര്യമായി വനിതകൾ തങ്ങളുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിക്കുന്ന യത്നത്തിലാണിപ്പോൾ.

ഒന്നാമത് വേണ്ടത് സ്ത്രീകൾ സംഘടിക്കുകയാണ്. ജാതി മത ഭേദമന്യേ, വർഗ്ഗ വർണ്ണഭേദമന്യേ, രാഷ്ട്രിയഭേദമന്യേ സംഘടിക്കുക. സംഘടിക്കുക വഴി സ്വാതന്ത്ര്യവും പുരോഗതിയും നേടാമെന്ന് ഉറപ്പുവരുത്തുക. റാന്നി– പഴവങ്ങാടി പഞ്ചായത്തിലെ വനിതകൾ ഒന്നടങ്കം ആവശ്യപ്പെട്ടിരിക്കുന്ന ഒന്നാണ് മഹിളാ സംഘടനകൾ. സ്ത്രീ ഇന്ന് കേവലം ഒരു വീട്ടുപകരണമല്ല. പ്രത്യുത രാഷ്ട്രപുരോഗതിക്ക് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ് എന്ന സത്യം ഓരോ വനിതയിലും സന്നിവേശിപ്പിക്കുന്നതിന് അവരെ ബോധവതികളാക്കേണ്ടതുണ്ട്. ആയതിന് ആവശ്യമായ

ബോധവല്ക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തേണ്ടത് ആവശ്യമാണ്. അതിനുള്ള സാമ്പത്തിക സഹായം പഞ്ചായത്തുകൾ വഴി കേന്ദ്ര ഗവണ്മെന്റ് നൽകേണ്ടതാണ്.

ഇന്നിപ്പോൾ സ്ത്രീകൾക്ക് 30% ജനപ്രാതിനിധ്യം പഞ്ചായത്തുകളിൽ ലഭിക്കുന്നുണ്ട്. നിയമസഭയിലും പാർലമെന്റിലും ഈ അനുപാതം സമീപഭാവിയിൽ തന്നെ ലഭിക്കും എന്ന് പ്രതീക്ഷിക്കുന്നു.

സ്വന്തം കാലിൽ നിൽക്കാനും സാമൂഹ്യം നന്മയ്ക്കു വേണ്ടി പ്രവർത്തിക്കാനും സ്ത്രീകളെ സജ്ജമാക്കേണ്ട ഭാരിച്ച ചുമതല സമൂഹത്തിനു തന്നെയാണ്. സ്ത്രീകൾ പലപ്പോഴും സജീവമായി പ്രവർത്തനരംഗത്ത് വരാത്തത് ഒരു പരിധിവരെ പുരുഷന്റെ ഭീഷണി കൊണ്ടാണ്. ഈ സ്ഥിതിയ്ക്കൊരു മാറ്റം വരുത്തണം. നിയമത്തിലൂടെ സ്ത്രീയുടെ സുരക്ഷിതത്വം ഉറപ്പു വരുത്തണം. സ്ത്രീ പീഡനത്തിനെതിരെ ശക്തമായി പ്രതിഷേധിക്കാൻ സ്ത്രീകൾ തയ്യാറായിരിക്കുന്ന ഈ കാലഘട്ടത്തിൽ അശ്ലീല പോസ്റ്ററുകൾ നിരോധിക്കാനും സ്ത്രീധനത്തിനെതിരേ മനുഷ്യ മനസ്സാക്ഷി ഉണർത്താനും സ്ത്രീകൾ മുന്നോട്ടു വരേണ്ടിയിരിക്കുന്നു.

സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യ നിരോധനം നടത്തിയും വ്യാജവാറ്റു തടഞ്ഞും കുടുംബങ്ങളിൽ സമാധാനവും ശാന്തിയും കൈവരിക്കാൻ സർക്കാർ മുന്നോട്ടു വരണം. ഫാമിലി കൗൺസിലിംഗ് സെന്റർ ആരംഭിക്കുന്നതും മറ്റും ഈ സന്ദർഭത്തിൽ സ്വാഗതാർഹമാണ്. നിത്യോപയോഗ സാധനങ്ങളിൽ മായം ചേർക്കുന്നത് ഒരു സാമൂഹിക വിപത്തായി കണ്ടുകൊണ്ട് അതിനെതിരേ പ്രതികരിക്കുവാൻ സ്ത്രീകൾ മുന്നോട്ടു വരണം.

സ്ത്രീകളുടെ സുരക്ഷിതത്വത്തിനു വേണ്ടി മുൻകൈ എടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു വസ്തുതയാണ്. നമ്മുടെ പഞ്ചായത്തിലെ ചില അവികസിത പ്രദേശങ്ങളിൽ സാമൂഹ്യ വിരുദ്ധർ നടത്തുന്ന ശല്യവും അക്രമണങ്ങളും. ഇവ അവസാനിപ്പിക്കാൻ നടപടിയെടുക്കുന്നതോടൊപ്പം ഒരു വനിതാ പോലിസ് സ്റ്റേഷൻ പഴവങ്ങാടി പഞ്ചായത്തിൽ തുടങ്ങുന്നതിനുള്ള ശ്രമവും നടത്തേണ്ടതാണ്.

ഈ പഞ്ചായത്തിൽ ഭൂരിപക്ഷം സ്ത്രീകളും തൊഴിൽ രഹിതരാണ്. സ്ത്രീകളുടെ കഴിവുകൾ പല മേഖലയിലേക്കും തിരിച്ചു വിടാൻ കഴിഞ്ഞാൽ അത് ഒരു സാമൂഹിക പരിവർത്തനത്തിന് ഇടയാക്കും എന്ന കാര്യത്തിൽ സംശയമില്ല. സ്ത്രീകൾക്കായി തയ്യൽ പരിശീലന കേന്ദ്രം, പാചക പരിശീലന കേന്ദ്രം, ബ്യൂട്ടീഷൻ കോഴ്സുകൾ, കോഴി വളർത്തൽ, ഭക്ഷ്യവസ്തു സംസ്കരണ കേന്ദ്രം മുതലായവ ഈ പഞ്ചായത്തിൽ തുടങ്ങാൻ വേണ്ട നടപടികൾ എടുക്കണം. ചെറുകിട വ്യവസായങ്ങൾക്ക് മുൻതൂക്കം കൊടുക്കേണ്ടതാണ്. കുട്ടനെയ്ത്ത്, മെഴുകുതിരി നിർമ്മാണം എന്നിവയ്ക്ക് ഈ പഞ്ചായത്തിൽ നല്ല സാധ്യതകളാണുള്ളത്.

വനിതാ തൊഴിലാളികളുടെ പ്രയോജനാർത്ഥം തങ്ങളുടെ കുട്ടികളെ പരിചരിക്കുന്നതിന് പര്യാപ്തമായ ക്രഷുകൾ ആരംഭിക്കുന്നത് ഏറ്റവും ഉചിതമായിരിക്കും. ഇതുമൂലം അഭ്യസ്തവിദ്യരും അല്ലാത്തവരുമായ കുറെയെങ്കിലും വനിതകൾക്ക് തൊഴിൽ ലഭിക്കാനുള്ള മാർഗ്ഗവും ആകും.

അംഗൻവാടി, ബാലവാടി എന്നിവയുടെ

പ്രാധാന്യം കണക്കിലെടുത്ത് ഓരോ വാർഡിലും കുറഞ്ഞത് ഒരെണ്ണം വീതമെങ്കിലും അനുവദിച്ചു നൽകേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങൾ അനുവദിക്കുമ്പോൾ തൊഴിൽ സാദ്ധ്യത വർദ്ധിക്കുന്നു എന്ന യാഥാർത്ഥ്യം കൂടി പരിഗണിക്കുക.

ഉപയോഗ ശൂന്യമായി കിടക്കുന്നതെന്നു തോന്നുന്ന സ്ഥലങ്ങളിൽ മനോഹരമായ പൂന്തോട്ടം നിർമ്മിച്ച് കുട്ടികൾക്കുള്ള പാർക്കുകളായി മാറ്റാവുന്നതാണ്.

തൊഴിൽ മേഖലകളിൽ സ്ത്രീകളോട് വിവേചനം പാടില്ല. തൊഴിലിനനുസരിച്ചുള്ള കൂലി അവർക്കും ലഭ്യമാക്കണം. അതുപോലെ തൊഴിൽ സാദ്ധ്യതകളിൽ വിധവകൾക്ക് പ്രത്യേക പരിഗണനനൽകണം. വിധവാ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ ഇവ താമസം കൂടാതെ കിട്ടാൻ ഏർപ്പാടുണ്ടാക്കണം. ഒരു വാർദ്ധക്യ പാർപ്പിട കേന്ദ്രം പഞ്ചായത്തിൽ പ്രവർത്തനമാരംഭിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചു വരികയാണ്. ❑








# 5.10

# സഹകരണമേഖല

ഈ പഞ്ചായത്തിലിപ്പോൾ വിവിധ തരത്തിലുള്ള 11 സഹകരണ സംഘങ്ങൾ നിലവിലുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പഴവങ്ങാടിക്കര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 994 റാന്നി
2. ചേത്തയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3864 ആർ. ഇടമൺ പി.ഒ.
3. മന്ദമരുതി ക്ഷീരോല്പാദക സഹകരണ സംഘം പി.റ്റി. 101 APCOS
4. ഇടമൺ വാകത്താനം ക്ഷീരോല്പാദക സഹകരണസംഘം ചേത്തയ്ക്കൽ പി.റ്റി. 95 (D APCOS)
5. ഇടമുറി ഗവ: ഹൈസ്കൂൾ കോ. ഓപ്പറേറ്റീവ് സൊസൈറ്റി.
6. മക്കപ്പുഴ എൻ.എസ്.എസ്. ഹൈസ്കൂൾ കോ–ഓപ്പറേറ്റീവ് സൊസൈറ്റി
7. എസ്.സി. ഹൈസ്കൂൾ കോ–ഓപ്പറേറ്റീവ് സൊസൈറ്റി റാന്നി
8. സെന്റ് തോമസ് ഹൈസ്കൂൾ കോ–ഓപ്പറേറ്റീവ് സൊസൈറ്റി റാന്നി
9. സെന്റ് തോമസ് കോളേജ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി റാന്നി
10. എം.സി.യു.പി. സ്കൂൾ കോ–ഓപ്പറേറ്റീവ് സൊസൈറ്റി പഴവങ്ങാടിക്കര റാന്നി
11. ഗവൺമെന്റ് യു.പി. സ്കൂൾ കോ–ഒപ്പറേറ്റീവ് സൊസൈറ്റി, പഴവങ്ങാടിക്കര.

ഇവയെ കൂടാതെ പത്തനംതിട്ട കേന്ദ്രമായി പ്രവർത്തിക്കുന്ന കാർഷിക വികസന ബാങ്കിന്റെയും വടശ്ശേരിക്കര കേന്ദ്രമായി പ്രവർത്തിക്കുന്ന റാന്നി താലൂക്ക് റൂറൽ ഹൗസിംഗ് സൊസൈറ്റിയുടേയും റാന്നി കേന്ദ്രമായി പ്രവർത്തിക്കുന്ന റാന്നി മാർക്കറ്റിംഗ് കോ–ഓപ്പറേറ്റീവ് സൊസൈറ്റിയുടെയും പ്രവർത്തന പരിധിയിൽപെട്ടതാണ് ഈ പഞ്ചായത്ത്.





സഹരണ പ്രസ്ഥാനത്തിന് പഴവങ്ങാടി പഞ്ചായത്തിൽ ഏകദേശം മുക്കാൽ നൂറ്റാണ്ടു കാലത്തെ ചരിത്രമുണ്ട്. 1924 ൽ സ്ഥാപിതമായ പഴവങ്ങാടിക്കര സർവ്വീസ് സഹകരണ ബാങ്കും 1956 ൽ സ്ഥാപിതമായ ചേത്തയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കുമാണ് ഈ പഞ്ചായത്തിലെ പ്രധാന സഹകരണ സ്ഥാപനങ്ങൾ. പഴവങ്ങാടിക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധി റാന്നി പഴവങ്ങാടി വില്ലേജും ചേത്തയ്ക്കൽ സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തന പരിധി ചേത്തയ്ക്കൽ വില്ലേജുമാണ്.

### *സഹകരണസംഘങ്ങളുടെ ഇന്നത്തെ സ്ഥിതി*

#### *പഴവങ്ങാടിക്കര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 994 റാന്നി*

1924 ലാണ് ഈ സഹകരണസംഘം പ്രവർത്തനമാരംഭിച്ചത്. ഇന്ന് 5557 അംഗങ്ങളുള്ള ഈ സംഘത്തിന്റെ ഓഹരി മൂലധനം 10,50,000രൂപയാണ്.6,14,06,527രൂപ സ്ഥിര നിക്ഷേപമായും3,61,45,241രൂപ ഹ്രസ്വകാല നിക്ഷേപമായും ഈ ബാങ്കിലുണ്ട്. കാർഷിക വായ്പയായി 7,51,660 രൂപയും മറ്റു വായ്പകളായി 14,16,468 രൂപയും നൽകിയിട്ടുണ്ട്. ഹ്രസ്വകാല, മധ്യകാല. ദീർഘകാല വായ്പകളും ചിട്ടികളും നിലവിലുണ്ട്. വളം, കീടനാശിനികൾ എന്നിവയുടെ വ്യാപാരവുമുണ്ട്. മന്ദമരുതിയിൽ സ്വന്തമായി സ്ഥലം വാങ്ങി ഒരു ഗോഡൗണും ഓഫീസ് കെട്ടിടവും പണി കഴിപ്പിച്ചിട്ടുണ്ട്.

#### *ചേത്തയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3864 ആർ.ഇടമൺ. പി.ഒ.*

1956ൽ പ്രവർത്തനമാരംഭിച്ച ഈ സഹകരണ സ്ഥാപനത്തിൽ ഇന്ന് 4065 അംഗങ്ങളുണ്ട്. ഈ സംഘത്തിന്റെ ഓഹരി മൂലധനം 10 ലക്ഷം രൂപയാണ്. 1 ലക്ഷം രൂപയുടെ സർക്കാരോഹരിയുമുണ്ട്.1 കോടി രൂപ സ്ഥിര നിക്ഷേപമായും 14 ലക്ഷം രൂപ ഹ്രസ്വകാല നിക്ഷേപമായും ഈ ബാങ്കിലുണ്ട്. കാർഷിക വായ്പയായി 12,52,534 രൂപയും മറ്റ് വായ്പകളായി38,92,079 രൂപയും പ്രത്യേക വായ്പകളായി 12 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. അംഗങ്ങൾക്ക് പരമാവധി 50,000 രൂപ വരെ വായ്പ അനുവദിക്കുന്നുണ്ട്. ഹ്രസ്വകാല, മധ്യകാല, ദീർഘകാല വായ്പകളും ചിട്ടികളും നിലവിലുണ്ട്. വളം കീടനാശിനികൾ ടെക്സ്റ്റയിൽസ്, തോട്ടസാധനങ്ങൾ എന്നിവയുടെ വ്യാപാരം നല്ല നിലയിൽ നടക്കുന്നുണ്ട്. മുൻകാലങ്ങളിൽ ഏരിയൽ സ്പ്രേയിംഗ് നടത്തുന്നണ്ടായിരുന്നുവെങ്കിലും ഇപ്പോൾ നിലവിലില്ല. മൈക്രോൺ സ്പ്രേയിംഗ് നടത്തുന്നുണ്ട്. I.C.D.P യുടെ ധന സഹായത്തോടെ പണിയുന്ന പുതിയ ഓഫീസ് മന്ദിരത്തിന്റെയും ഗോഡൗണിന്റെയും പണി പുരോഗമിച്ചു വരുന്നു..

#### *റാന്നി താലൂക്ക് റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി*

വടശ്ശേരിക്കര ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സൊസൈറ്റി ഈ പഞ്ചായത്തിലെ 16 പേർക്ക് 7,59,500 രൂപ ഭവന നിർമ്മാണ വായ്പയായി അനുവദിച്ചിട്ടുണ്ട്.

#### *ക്ഷീരസഹകരണസംഘം മന്ദമരുതി പി.റ്റി. 101 APCOS*

മന്ദമരുതി കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ സംഘം പ്രതിദിനം ശരാശരി 130 ലിറ്റർ പാൽ ശേഖരിക്കുന്നു. അതിൽ40 ലിറ്റർ പഞ്ചായത്തിൽ തന്നെ വിൽക്കുകയും ബാക്കി പത്തനംതിട്ടയിലുള്ള മിൽമായുടെ ചില്ലിംഗ് പ്ലാന്റിലേക്ക് അയയ്ക്കുകയും ചെയ്യുന്നു.

### *ഇടമൺ - വാകത്താനം ക്ഷീരോല്പാദക സഹകരണ സംഘം ചേത്തയ്ക്കൽ പി.റ്റി. 95 (D) APCOS*

ഇടമൺ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഈ സംഘം ഇപ്പോൾ ചേത്തയ്ക്കൽ കേന്ദ്രമായി പ്രവർത്തിക്കുന്നു. പ്രതിദിനം 50 ലിറ്റർ പാൽ ശേഖരിക്കുന്നു.10 ലിറ്റർ പഞ്ചായത്തിൽ തന്നെ വിൽക്കുകയും ബാക്കി മിൽമായുടെ പത്തനംതിട്ടയിലുള്ള ചില്ലിംഗ് പ്ലാന്റിലേക്ക് അയയ്ക്കുകയും ചെയ്യുന്നു.

### *പത്തനംതിട്ട കാർഷിക വികസനബാങ്ക്, റാന്നി ബ്രാഞ്ച്*

ഈ സഹകരണ സ്ഥാപനം 50 അംഗങ്ങൾക്ക് 10,30,970 രൂപ പദ്ധതി വായ്പയായും 24 അംഗങ്ങൾക്ക് 6,09,000 രൂപ സാധാരണ വായ്പയായും 8 അംഗങ്ങൾക്ക് 1,85,000 രൂപ കാർഷികേതരവായ്പയായും 5 അംഗങ്ങൾക്ക് 10,58,000 രൂപ വാഹന വായ്പയായും ഈ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

### *സാധ്യതകളും നിർദ്ദേശങ്ങളും*

1. എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
2. നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ടി തുക ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക.
3. സ്വകാര്യ ചിട്ടിയിടപാടുകൾ ഇന്ന് നിലവിലില്ലാത്ത സാഹചര്യത്തിൽ ബാങ്കുകൾ കൂടുതൽ ചിട്ടികൾ നടത്തുകയും അതിനാവശ്യമായി ചിട്ടി നിയമ വ്യവസ്ഥകൾ ലഘൂകരിക്കയും ചെയ്യുക.
4. കാർഷികാവശ്യത്തിനായി നബാഡിൽ നിന്നും ''കൺസഷണൽ ഫിനാൻസ്'' കൃത്യമായി അനുവദിച്ചു കിട്ടുന്നതിന് നടപടിയെടുക്കുക.
5. സർക്കാരിൽ നിന്നനുവദിച്ചു കിട്ടുന്ന പലിശ സബ്സിഡി യഥാസമയം വായ്പക്കാർക്ക് ലഭിക്കുന്നില്ല. അത് ലഭിക്കുന്നതിനുള്ള അടിയന്തിര നടപടി സർക്കാർ തലത്തിലും ബാങ്ക് തലത്തിലും ചെയ്യേണ്ടതാണ്.
6. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി ഉയർത്തുകയും നടപടികൾ ലഘൂകരിക്കുകയും ചെയ്യേണ്ടതാണ്.
7. വായ്പ തുക കൃത്യമായി തിരിച്ചടയ്ക്കുന്നവർക്കുള്ള പലിശ സബ്സിഡി കടം തിരിച്ചടയ്ക്കുന്നതിൽ നിന്നും കുറവു ചെയ്യാൻ വേണ്ട നടപടികൾ സർക്കാർ തലത്തിൽ ഉണ്ടാവേണ്ടതാണ്.
8. ദീർഘകാല വായ്പ നൽകിവരുന്ന കാർഷിക ഗ്രാമ വികസന ബാങ്കിന്റെ വായ്പാ വിതരണ സംവിധാനം ലളിതവല്ക്കരിക്കണം. പഞ്ചായത്തുകൾ തോറും ഈ ബാങ്കുകളുടെ നേതൃത്വത്തിൽ വായ്പാ മേളകൾ നടത്തി ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ജനകീയ വൽക്കരിക്കണം.
9. വായ്പാ ഓഹരി അനുപാതം കുറയ്ക്കുക.
10. വിദേശ ഇന്ത്യാക്കാരിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാനുള്ള സൗകര്യം സഹകരണ ബാങ്കുകൾക്കിപ്പോഴില്ല. അതിനുള്ള നടപടികൾ ഗവണ്മെന്റ് തലത്തിൽ നിന്നുമുണ്ടാകേണ്ടതാണ്.
11. സഹകരണസംഘങ്ങളിലെ രാഷ്ട്രീയ അതിപ്രസരമൊഴിവാക്കി പ്രസ്ഥാന

ത്തിന്റെ വളർച്ച ത്വരിതപ്പെടുത്തേണ്ട താണ്.

പഞ്ചായത്തടിസ്ഥാനമാക്കി പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഇവർക്ക് തൊഴിൽ നൽകുന്നതിനും വേണ്ടി ഒരു പട്ടിക ജാതി സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.

അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികളുള്ള പഞ്ചായത്താണ് നമ്മുടേത്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിനു വേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്റ്റ് സഹകരണസംഘം രൂപീകരിക്കേണ്ടതും പഞ്ചായത്തുകൾ നേരിട്ടു നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതുമാണ്.

പഴവങ്ങാടി സർവ്വീസ് സഹകരണ ബാങ്കിന് മന്ദമരുതിയിലും ചേത്തയ്ക്കൽ സർവ്വീസ് സഹകരണബാങ്കിന് മക്കപ്പുഴയിലും ബ്രാഞ്ചുകൾ ഇറക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

രണ്ടു വാർഡുകൾക്ക് ഒന്ന് എന്ന തോതിൽ ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. സംഘങ്ങൾ പ്രതിദിനം സംഭരിക്കാനുദ്ദേശിക്കുന്ന പാലിൽ മിച്ചം വരുന്നവ കേടു കൂടാതെ സൂക്ഷിക്കുവാനും സംസ്ക്കരിക്കാനും വേണ്ട സൗകര്യങ്ങൾ ഏതെങ്കിലും ഒരു സംഘത്തിലുണ്ടാവണം. അതിനാവശ്യമായ മൂലധനം അനുവദിക്കേണ്ടതാണ്. കാലിത്തീറ്റ വിതരണത്തിനായി ഓരോ സംഘത്തിലും സംവിധാനമുണ്ടാക്കണം. നല്ലയിനം കറവുമാടുകളെ സംഘങ്ങൾ അംഗങ്ങൾക്ക് എത്തിച്ചു കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടക്കണം. കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗ സംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം തക്ക സമയത്ത് ലഭ്യമാക്കണം ക്ഷീര വികസനത്തിന് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്.






# 5.11

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഒരു കാലത്ത് സാമ്പത്തികമായും രാഷ്ട്രീയമായും സാംസ്കാരികമായും സാമൂഹ്യമായും വളരെയധികം ചൂഷണത്തിനും കഷ്ടതയ്ക്കും വിധേയരായ ഒരു വർഗ്ഗം ജനതയായിരുന്നു പട്ടികജാതി പട്ടിക വർഗ്ഗക്കാർ. സാമൂഹ്യസംഘടനകളുടേയും സാംസ്കാരിക നേതാക്കന്മാരുടേയും അനസ്യൂത പ്രവർത്തന ഫലമായി ഇന്ന് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സമൂഹത്തിൽ ഒരു നല്ലസ്ഥാനം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗവണ്മെന്റിന്റെ ഭൂപരിഷ്കരണ നിയമം സംവരണം വിവിധ ക്ഷേമപദ്ധതികളുടെ ഉദാരവല്ക്കരണം എന്നിവയുടെ ഫലമായി എല്ലാ നിലകളിലും അംഗീകാരം നേടുവാൻ ഈ വിഭാഗത്തിന് ഇന്നു സാധിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 10.5% പട്ടികജാതി പട്ടിക വർഗ്ഗക്കാരാണ്. 436 പട്ടികജാതി കുടുംബങ്ങളും 60 പട്ടിക വർഗ്ഗ കുടുംബങ്ങളുമുള്ള ഈ പഞ്ചായത്തിലെ ഈ വിഭാഗത്തിന്റെ ജനസംഖ്യ 91 ലെ സെൻസസ്സ് പ്രകാരം 2375 ആണ്. ഇവർ അംഗീകൃത കോളനികളിലും അങ്ങിങ്ങായി ഇടകലർന്നും താമസിക്കുന്നു. വിവിധ കോളനികളുടെ പേര് കുടുംബങ്ങളുടെ എണ്ണം മുതലാവയവ ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

*പട്ടിക – 1*

*പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വിവരങ്ങൾ*

| നമ്പർ | കോളനിയുടെ പേർ | വീടുകളുടെ എണ്ണം | വൈദ്യുതീ കരിച്ചത് | കക്കൂസുകളുടെ എണ്ണം | വീട് ലഭിക്കാത്ത കുടുംബങ്ങൾ |
|---|---|---|---|---|---|
| 1 | പൂഴിക്കുന്ന് കോളനി | 32 | 7 | 3 | ഇല്ല |
| 2 | കോതാനി | 30 | 16 | 11 | 7 |
| 3 | പൂതപ്പാറ | 20 | 11 | - | 2 |
| 4 | അമ്പത്തിരണ്ടേക്കർ | 25 | - | - | - |
| 5 | ചാവരുപാറ | 60 | - | - | - |
| 6 | നീരാട്ടകാവ് | 40 | - | - | - |
| 7 | പനവേലിക്കുഴി | 26 | 11 | - | 2 |
| 8 | ചെല്ലക്കാട് | 5 | ഇല്ല | ഇല്ല | 1 |

## *വിദ്യാഭ്യാസം*

വിദ്യാഭ്യാസ രംഗത്ത് ഈക്കൂട്ടർ ഒരു പരിധിവരെ പുരോഗമിച്ചിട്ടുണ്ടെങ്കിലും വേണ്ടത്ര വളർച്ച കൈവരിച്ചിട്ടില്ല. ബോധവൽക്കരണത്തിന്റ കുറവു മൂലവും സാമ്പത്തികമായുള്ള വിഷമത മൂലവും അലസത കൊണ്ടും ഹൈസ്കൂൾ കോളേജ് വിദ്യാഭ്യാസം വേണ്ടവിധം പൂർത്തീകരിക്കാൻ ഒരു ഭാഗം ആളുകൾക്കു സാധിച്ചിട്ടില്ല. അതു നികത്തുന്നതിനു വേണ്ടി ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ള ആശ്വാസ നടപടികൾ മൂലം ഇന്നു വിദ്യാഭ്യാസ രംഗത്തു സാരമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. S.S.L.C. ക്കു ഉപരി വിദ്യാഭ്യാസം ഉള്ളവർ എണ്ണത്തിൽ ചുരുക്കം.

## *തൊഴിൽ*

പട്ടികജാതി കുടുംബങ്ങൾ ഏറിയ പക്ഷവും കാർഷിക മേഖലയിലും മറ്റു നിർമ്മാണ പ്രവർത്തനങ്ങളിലുമാണ് ഏർപ്പെട്ടിരിക്കുന്നത്. സാമ്പത്തികമായ നേട്ടത്തെ മുൻനിർത്തി ഇന്ന് അവർ കൃഷിയിൽ നിന്നും ലോഡിംഗ്, തടിപ്പണി, റോഡു നിർമ്മാണം തുടങ്ങിയ മേഖലകളിലേക്ക് തിരിഞ്ഞിട്ടുണ്ട്. അതു കാർഷിക രംഗത്തെ വളരെയധികം തളർത്തിയിട്ടുണ്ട്. ഇന്ന് പട്ടികജാതി വർഗ്ഗം

സ്ത്രീകൾ സാമ്പത്തിക നേട്ടം മുൻ നിർത്തി അന്യ സംസ്ഥാനങ്ങളിൽ ചെമ്മീൻ കമ്പിനികളിൽ പണിയെടുക്കുവാൻ പോകുന്നുണ്ട്. സംവരണം നിലനില്ക്കുക മൂലം അഭ്യസ്ത വിദ്യക്ക് സർക്കാർ സർവ്വീസിൽ ജോലികിട്ടാൻ സാദ്ധ്യതയുണ്ട്.

## പാർപ്പിടം

ആദ്യകാലത്ത് പാർപ്പിടം ഉള്ള പട്ടികജാതി പട്ടിക വർഗ്ഗക്കാർ കുറവായിരുന്നു എങ്കിലും ഇന്ന് സർക്കാർ തലത്തിലും സാമൂഹ്യ സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം മൂലവും ഒരളവുവരെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നും ഭവനരഹിത കുടുംഹങ്ങളുടെ എണ്ണം വിരളമല്ല. N.R.E.P, R.L.E.G.P., JRY എന്നീ പദ്ധതികളാണ് ഗവണ്മെന്റ് പാർപ്പിട നിർമ്മാണത്തിന് ആവിഷ്കരിച്ചിട്ടുള്ളത്. ഭൂമിയുടെ വില വർദ്ധനവും അസംസ്കൃത സാധനങ്ങളുടെ ക്രമാതീതമായ വിലയും തുച്ഛ വരുമാനക്കാരായ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം ദുഷ്ക്കരമാകുന്നു. എന്നാൽ ഗവ: സഹായവും വായ്പാ മാർഗ്ഗങ്ങളും പ്രയോജനപ്പെടുത്തി കൂടുതൽ വീടുകൾ നിർമ്മിക്കാവുന്നതാണ്. I.R.D.P. പദ്ധതിയിൽ നിന്നുമുള്ള ആനുകൂല്യം വേണ്ടവണ്ണം ഈ വിഭാഗത്തിൽപെട്ടവർ പിടിച്ചു പറ്റുന്നില്ല. ഇത്തരം പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയാണിതിനു കാരണം. വീടുകളുടെ വൈദ്യുതീകരണം കക്കൂസുകൾ എന്നിവയ്ക്കു ഇന്ന് ധാരാളം സഹായ പദ്ധതികളുണ്ടെങ്കിലും ഭൂരിപക്ഷം ആളുകളും അതേക്കുറിച്ച് അജ്ഞരാണ്. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പും വികസന വകുപ്പും സംയോജിതമായി പ്രവർത്തിച്ചാൽ ഇതിനു പരിഹാരം കണ്ടെത്താൻ കഴിയും.

## ആരോഗ്യം

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം ആളുകളുടെ ആരോഗ്യ പരിപാലനത്തിന് ശ്രദ്ധ ആവശ്യമാണ്. പോഷകാഹാരക്കുറവ്, പരിസരശുചിത്വമില്ലായ്മ എന്നിവ മൂലം രോഗം ഈ രംഗത്ത് കടക്കുവാൻ സാദ്ധ്യതയുണ്ട്. പഴയകാലത്ത് ഈ വിഭാഗത്തിലുള്ളവർ പൊതുവേ അരോഗദൃഢഗാത്രരായിരുന്നു. ഇന്ന് സ്ഥിതിയതല്ല. സാമ്പത്തിക പരാധീനതയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കുറവും ആശുപത്രികളിലെ സംവിധാനത്തിന്റെ കുറവും ആളുകളെ സഹായിക്കുവാൻ അപര്യാപ്തമാകുന്നു. കുടുംബാസൂത്രണ പദ്ധതി പ്രതിരോധ കുത്തിവയ്പ് എന്നിവ ആരോഗ്യം നിലനിർത്തുന്നതിനു സഹായകമാണ്. കക്കൂസുകൾ ഉണ്ടാക്കി കൊടുക്കുന്നതിലും ഉള്ള കക്കൂസുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും ക്രമീകരണം ചെയ്താൽ ആരോഗ്യരംഗത്ത് കാര്യമായ നേട്ടമുണ്ടാകും.

എല്ലാ കോളനികളിലും ശുദ്ധജലവിതരണത്തിന് സൗകര്യമുണ്ടാക്കണം. മക്കപ്പുഴ പനവേലിക്കുഴി കോളനിയിലെ ജനകീയ ജലസേചന പദ്ധതിപോലെയുള്ള പദ്ധതികളോ കുഴൽ കിണറുകളോ സാധാരണ കിണറുകളോ പൈപ്പുലൈനുകളോ മുഖാന്തിരം അടിയന്തിരമായി ജലവിതരണം നടത്താവുന്നതാണ്. കോളനി റോഡുകൾ നിർമ്മാണ പ്രവർത്തനം നടത്തി ഗതാഗതയോഗ്യമാക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ വിവിധ പട്ടികജാതി/വർഗ്ഗ സാങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

### പട്ടിക – 2

### പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ പിന്നോക്ക നില

| നമ്പർ | കോളനിയുടെ പേര് റോഡുകൾ | ടാർ/കോൺക്രീറ്റു | മൺ റോഡ് | വൈദ്യുതീ കരണം | കിണർ | കുഴൽകിണർ | ടാപ്പ് |
|---|---|---|---|---|---|---|---|
| 1 | പൂഴിക്കുന്ന | ഇല്ല | 2 | 1 | 1 | 1 | 10 |
| 2 | കോതാനി | ഇല്ല | 2 | 1 | - | 2 | ഇല്ല |
| 3 | പൂതപ്പാറ | ഇല്ല | 1 | 1 | - | 1 | ഇല്ല |
| 4 | പനവേലിക്കുഴി | ഇല്ല | 1 | 1 | - | 2 | 6 |
| 5 | അമ്പത്തിരണ്ടേക്കർ | ഇല്ല | 2 | 2 | - | 1 | ഇല്ല |
| 6 | ചാവരുപാറ | ഇല്ല | 1 | ഇല്ല | 3 | 1 | ഇല്ല |

### *നിർദ്ദേശങ്ങൾ*

1. ഗ്രാമപഞ്ചായത്തുകളുടെ മേൽ നോട്ടത്തിൽ ഗ്രൂപ്പുകളായി ഭൂമിവാങ്ങുവാൻ കുറഞ്ഞ പലിശ നിരക്കിൽ വായ്പ നല്കുവാൻ ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കുക.

2. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.

3. ചെറിയ സംഘങ്ങളായി തിരിച്ച് സ്വയം തൊഴിൽ സ്ഥാപനങ്ങൾ നടത്തുക. ഇവിടെ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ സർക്കാർ ഏജൻസികൾ നേരിട്ടു വാങ്ങി വില്പന നടത്തുക.

4. എല്ലാ കോളനികളിലും സാംസ്കാരിക നിലയങ്ങൾ സ്ഥാപിച്ച് സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുക.

5. കുടിവെള്ള പ്രശ്നം പരിഹരിക്കുക.

6. വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

7. വിവിധ വകുപ്പുകൾ നല്കുന്ന സഹായങ്ങളും വായ്പകളും ഗ്രാമപഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ ഏകോപിപ്പിക്കുക. മാനദണ്ഡങ്ങൾ ലഘൂകരിച്ച് ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുക.

8. വ്യവസായ പരിശീലനം നല്കുക. പരിശീലനം ലഭിച്ചവർക്ക് വ്യവസായം തുടങ്ങുവാൻ ആവശ്യമായ വായ്പ നല്കുക. ദുരുപയോഗം തടയുന്നതിനായി അധികാരം ഗ്രാമപഞ്ചായത്തിനു നല്കുക.

9. വീടു നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക. വീട് വയ്ക്കുന്നതിനോടൊപ്പം കക്കൂസിന് ധനസഹായം നല്കുക.

വീടിന്റെ അറ്റകുറ്റപ്പണികൾക്ക് ധനസഹായം നല്കുക. വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഗുണഭോക്താവിന് അനുവാദം നല്കുക.

10. ലക്ഷംവീട് കോളനികളിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റ വീടുകളാക്കുക. വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കുംകുറഞ്ഞ പലിശക്ക് ലളിത വ്യവസ്ഥയിൽ ഗ്രാമപഞ്ചായത്തു വഴി വായ്പ നല്കുക.

11. നിലവിൽ സ്ഥലവും വീടും ഇല്ലാതെ കൂട്ടു കുടുംബമായി കഴിയുന്നവർക്ക് സബ്സിഡിയോടു കൂടി പലിശ രഹിത ഗ്രൂപ്പ് വായ്പ നല്കുക.

12. പൊതു ശ്മശാനം ഏർപ്പെടുത്തുക.

13. എല്ലാ കോളനികളിലും ബാലവാടികളും നേഴ്സറികളും അനുവദിക്കുക.

14. അഭ്യസ്ത വിദ്യരായവരുടെ സേവനം കോളനികളിൽ പ്രയോജനപ്പെടുത്തുക.

15. വായനശാലകൾ അനുവദിക്കുക.

16. സ്കൂളികളിലും പഞ്ചായത്തു തലത്തിലും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുക.

17. കോളനികളിൽ ആഴ്ചയിൽ ഒരിക്കൽ ഡോക്ടർ നേഴ്സ് എന്നിവരുടെ സേവനം ഉറപ്പു വരുത്തുക.

18. പഞ്ചായത്തു ഫണ്ടിൽ നിശ്ചിത വിഹിതം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി മാറ്റിവെയ്ക്കുക.

19. പട്ടികജാതി സംരക്ഷണ നിയമം നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്നവരുടെ മേൽ ഉടൻ നടപടിയെടുക്കുക.

20. സർക്കാർ ഖജനാവിൽ നിന്നും പണം ചെലവാകുന്ന എല്ലാ മേഖലയിലും സംവരണ തത്വം അംഗീകരിക്കുക.

21. ആരോഗ്യ പരിപാലനത്തിനായി ചെലവാക്കുന്ന തുകയിൽ നല്ലൊരു പങ്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി മാറ്റി വെയ്ക്കുക.

22. നിർബന്ധമായി കോളനികളിലേക്കുള്ള റോഡുകൾ ടാർ ചെയ്തു സഞ്ചാരയോഗ്യമാക്കുക.

23. കോളനികൾ വൈദ്യുതീകരിക്കുക.

24. കോളനികളിലെങ്കിലും കുടിവെള്ളം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുക.

25. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു പ്രത്യേക സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

## *ദളിത് ക്രൈസ്തവക്ഷേമം*

പഞ്ചായത്തിലെ ജനസംഖ്യയിൽ 15 ശതമാനത്തോളം പട്ടികജാതിയിൽ നിന്നും മത പരിവർത്തനം നടത്തിയവരാണ്. ഇവർ കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ എടുത്ത് ജീവിക്കുന്നു. സാംസ്കാരികമായി ചെറിയ തോതിൽ മുന്നേറ്റം ലഭിച്ചിട്ടുണ്ടെങ്കിലും പട്ടികജാതിക്കാരെപ്പോലെ ഇവരും പിന്നോക്കാവസ്ഥയിൽ തന്നെ കഴിയുകയാണ്.

ഇന്നും ഇവർക്ക് സാമൂഹ്യമായും സാമ്പത്തികമായും പീഡനങ്ങൾ ഏല്ക്കേണ്ടി

വരുന്നു. കോതാനി, മന്ദമരുതി, പള്ളിപ്പടി, വട്ടാർകയം, അരികെട്ടുമല, ചെല്ലയ്ക്കാട്, പൂഴിക്കുന്ന്, കുഴിയ്ക്കപ്പതാൽ, പാലാം കാവ്, നീരാറ്റുകാവ്, കരികുളം പാറ, മോതിരവയൽ, ഉരുൾ, പൂവത്തുകുന്ന്, ആനത്തടം എന്നീ സ്ഥലങ്ങളിൽ കൂട്ടം കൂട്ടമായും മറ്റു പ്രദേശങ്ങളിൽ ഒറ്റപ്പെട്ടും ഇവർ പാർക്കുന്നു.

ഈ വിഭാഗത്തിന്റെ ഉന്നമനത്തിനു വേണ്ടി തൊഴിലിനും പാർപ്പിടത്തിനും പ്രത്യേകം പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഭൂരിഭാഗം ജനങ്ങൾക്കും പാർപ്പിടം കക്കൂസ് എന്നിവ ഇല്ല. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള തകർച്ചയുടെ ഫലമായി ഇവർക്ക് തൊഴിൽ വളരെ കുറവാണ്. ജീവിത സാഹചര്യം പരിമിതപ്പെടുത്തേണ്ടി വരുന്നു.

## *നിർദ്ദേശങ്ങൾ*

1. ജനസംഖ്യയുടെ അനുപാതത്തിൽ പ്രത്യേകം സംവരണം ഏർപ്പെടുത്തുക.
2. 15 വീടുകളിൽ കൂടുതൽ താമസമുള്ള ഗ്രൂപ്പുസ്ഥലങ്ങൾക്ക് പ്രത്യേക പരിഗണന നല്കുക.
3. തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുവാൻ കാർഷിക മേഖല ശക്തിപ്പെടുത്തുക.
4. ജനറൽ കാറ്റഗറികളിൽ ഉൾപ്പെടുത്തി ഇവർക്ക് റോഡ്, വെള്ളം, പാർപ്പിടം എന്നിവകൾ നല്കുന്നതിനു പ്രത്യേക പരിഗണന നല്കുക.
5. IRDP ലിസ്റ്റിൽ ഉൾപ്പെട്ട സ്വന്തമായി സ്ഥലമില്ലാത്തവർക്ക് 5 സെന്റ് ഭൂമിയെങ്കിലും വാങ്ങുവാൻ പലിശ രഹിത വായ്പ ഏർപ്പെടുത്തുക.
6. ഹൗസിംഗ് ബോർഡും ഗ്രാമപഞ്ചായത്തും സഹകരിച്ച് വീടു വയ്ക്കുന്നതിനും പരിസര ശുചികരണത്തിനും ലോൺ നല്കുക.
7. ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ നിന്നും സ്വരൂപീക്കുന്ന ഡിപ്പോസിറ്റ് തുകയിൽ50% തുക. ഗ്രാമപഞ്ചായത്തു വഴി ലോൺ നല്കുവാൻ ധനകാര്യ സ്ഥാപനങ്ങൾക്കു നിർദ്ദേശം നല്കുക.






# 5.12

# വിഭവസമാഹരണം

വികസന പ്രവർത്തനങ്ങളുടെ അടിത്തറ വിഭവസമ്പത്താണ്. എല്ലാ വിഭവങ്ങളും പരമാവധി ചൂഷണം ചെയ്തെങ്കിലെ വികസന പ്രക്രിയയുടെ ആക്കം കൂടൂ. ഈ രംഗത്ത് ഇന്ന് പ്രതീകൂല കാലാവസ്ഥയും തടസ്സങ്ങളുമാണുള്ളത്. കാർഷിക രംഗത്തും വ്യവസായിക രംഗത്തും തികഞ്ഞ മാന്ദ്യതയാണനുഭവപ്പെടുന്നത്. ഊർജ്ജ പ്രതിസന്ധിയിൽപ്പെട്ടു നാം നട്ടം തിരിയുകയാണ്. എന്തെല്ലാം ഉദാരവല്ക്കരണങ്ങൾ പ്രഖ്യാപിച്ചാലും ഊർജ്ജ പ്രതിസന്ധിയെ അതിജീവിക്കാതെ വിഭവശേഷി വർദ്ധിപ്പിക്കാനോ പുതിയ വിഭവസമാഹരണം നടത്തുന്നതിനും കഴിയുന്നില്ല.

ഈ പരിമിതികളും വെല്ലുവിളികളും മുന്നിൽ കണ്ടുകൊണ്ട് വിഭവസമാഹരണത്തിൽ ഒരു പുതിയ മാനം കണ്ടെത്തുന്നതിനു ശ്രമിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ തനതു ഫണ്ടും സർക്കാർ ഗ്രാന്റും മാത്രം വിനിയോഗിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഇതുവരെ നടന്നിട്ടുള്ളത്. നിശ്ചിത തോതിലുള്ള വരുമാനം മാത്രമേ ഇതു വഴി ലഭിക്കൂ. അതുകൊണ്ടു തന്നെ വികസന പ്രവർത്തനങ്ങളും പരിമിതമാകുന്നു. പഞ്ചായത്തിന്റെ മുഴുവൻ നികുതികളും ഈടാക്കുന്നതിനു പോലും നുക്കു കഴിഞ്ഞിട്ടില്ല എന്നതു ഖേദകരമാണ്. നൂറുശതമാനം നികുതിയും പിരിച്ചെടുക്കുന്നതിൽ ജീവനക്കാരും നികുതി ഒടുക്കുന്നതിൽ നികുതിദായകരും ഒന്നു പോലെ അനാസ്ഥ വരുത്തിയിരിക്കുന്നു. വിഭവസമാഹരണത്തിൽ ആദ്യം ശ്രദ്ധിക്കേണ്ടത് നികുതി പൂർണ്ണമായും ഈടാക്കുക എന്നതാണ്.

### പട്ടിക – 1

### പഞ്ചായത്തിന്റെ 199596 ലെ വരുമാനം

| നമ്പർ | ഇനം | തുക |
|---|---|---|
| 1 | കെട്ടിട നികുതി | 7,75,571.00 |
| 2 | തൊഴിൽ നികുതി | 2,94,045.00 |
| 3 | വിനോദ നികുതി | 99,733.00 |
| 4 | ലൈസൻസ് ഫീസുകൾ | 21,571.00 |
| 5<br>6 | മാർക്കറ്റ് ലേലം•&<br>ഇറച്ചിസ്റ്റാൾ | 4,87,839.00 |
| 7 | കടമുറികളുടെ വാടക | 3,71,469.00 |
| 8 | വസ്തുകൈമാറ്റ നികുതി | 1,97,374.00 |
| 9 | അടിസ്ഥാന നികുതി | 60,061.00 |
| 10 | ചെറുകിട ജലസേചന ഗ്രാന്റ് | 7,000.00 |
| 11 | ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള ഗ്രാന്റ് | 44,011.00 |
| 12 | വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ഗ്രാന്റ് | 2,71,580.00 |
| 13 | ഉപാധിരഹിത ഫണ്ട് | 2,78,000.00 |
| 14 | മറ്റിനങ്ങൾ | 4,18,745.00 |
| | ആകെ | 33,26,999.00 |

*പട്ടിക - 2*

*പഞ്ചായത്തിന്റെ 1995-96 വർഷത്തെ ചെലവ്*

| | | |
|---|---|---|
| 1 | ഭരണപരവും നടത്തിപ്പു സംബന്ധവുമായ ചെലവുകൾ (ജീവനക്കാരുടെ ശമ്പളം ആഫീസ് ചെലവുകൾ പ്രസിഡന്റിന്റേയും കമ്മിറ്റിയംഗങ്ങളുടെയും അലവൻസുകൾ തുടങ്ങിയവ) | 4,41,391.00 |
| 2 | നിർമ്മാണ ജോലികൾ (പൊതുമരാമത്തു പണികൾ) | 9,03,861.00 |
| 3 | വിദ്യാഭ്യാസം (സാക്ഷരത) നിലത്തെഴുത്താശാൻ ഗ്രാന്റ് തുടങ്ങിയവ | 1,72,982.00 |
| 4 | വൈദ്യുതി ചെലവുകൾ | 1,68,532.00 |
| 5 | സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ | 27,830.00 |
| 6 | മറ്റിനങ്ങൾ | 19,285.00 |
| | ആകെ | 17,33,881.00 |

### *കെട്ടിട നികുതി*

പഞ്ചായത്തിന്റെ മുഖ്യമായ വരുമാനം കെട്ടിട നികുതിയാണ്. ഈ നികുതിയുടെ ഘടനയും ഈടാക്കുന്ന മാർഗ്ഗങ്ങളും കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ ചെലവ്, കെട്ടിടത്തിന്റെ വിസ്തീർണ്ണം ആർഭാട/ആഡംബര ഘടകങ്ങൾ തുടങ്ങിയവ കണക്കിലെടുത്ത് ശാസ്ത്രീയമായ രീതിയിൽ നികുതി ഈടാക്കുന്ന ഒരു സമീപനം ഉണ്ടായേ പറ്റൂ. കൂടാതെ അനാവശ്യവും അത്യാസംസരപൂർണ്ണവുമായ നിർമ്മാണങ്ങൾ ഒരു പരിധിവരെ നിരുത്സാഹപ്പെടുത്തേണ്ടിയുമിരിക്കുന്നു. കെട്ടിട നിർമ്മാണച്ചട്ടങ്ങൾ ഈ പഞ്ചായത്തിലും നടപ്പിലാക്കുന്ന പക്ഷം ഒരളവു വരെ നിർമ്മാണ പ്രവർത്തനങ്ങൾക്കു നിയന്ത്രണം ഏർപ്പെടുത്തുവാനും സാധിക്കും. വാർഷിക വാടക മൂല്യത്തിന്റെ 8 ശതമാനം നികുതിയാണ് ഇപ്പോൾ ഈടാക്കുന്നത്. സർവ്വീസ് ടാക്സ് കൂടി ഏർപ്പെടുത്തി നികുതി കാലോചിതമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു.

### *തൊഴിൽ നികുതി*

സർക്കാർ അർദ്ധസർക്കാർ സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങൾ വ്യാപാര വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ ഇപ്പോൾ തൊഴിൽ നികുതി ഈടാക്കുന്നുള്ളു. എന്നാൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളിൽ നിന്നും ഒരു നിശ്ചിത തുക തൊഴിൽ നികുതി

യായി ഈടാക്കേണ്ടതാണ്.

### *വിനോദ നികുതി*

ഒരു സിനിമാ തീയേറ്റർ മാത്രമേ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. വിനോദ നികുതി ബൈലാ പരിഷ്കരിച്ചുകൊണ്ട് കാലികമായി നികുതി ഘടനയിൽ മാറ്റം വരുത്തേണ്ടതാണ്. വീഡിയോ ലൈബ്രറി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിനോദ നികുതി ഈടാക്കേണ്ടതാണ്.

### *വസ്തു കൈമാറ്റ നികുതി*

ഭൂമിയുടെ ക്രയ വിക്രയത്തിനായി രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങളുടെ മുദ്രപത്ര വില പഞ്ചായത്തുകൾക്കു നൽകുന്നതാണ് ഈ നികുതി. രജിസ്ട്രേഷൻ വകുപ്പു വഴി നല്കുന്ന ഈ നികുതി അതാതു വർഷം തന്നെ പഞ്ചായത്തുകൾക്ക് വീതിച്ചു നല്കുന്നതിൽ സർക്കാർ ശ്രദ്ധിക്കേണ്ടതാണ്. വസ്തുവിന് വമ്പിച്ച വില വർദ്ധനവ് അനുഭവപ്പെടുന്ന ഈ കാലയളവിൽ യഥാർത്ഥ വില മുദ്രപത്രത്തിൽ കാണിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനമില്ല. തന്മൂലം അർഹതപ്പെട്ട തുക പഞ്ചായത്തുകൾക്കു ലഭിക്കുന്നില്ല.

### *അടിസ്ഥാന നികുതി ഗ്രാന്റ്*

റവന്യുവകുപ്പ് ഈടാക്കുന്ന നികുതിയാണിത്. ഇത് പഞ്ചായത്തുകൾക്ക് വീതിച്ചു നല്കുകയാണ്. എന്നാൽ യഥാസമയം അടിസ്ഥാന നികുതി ഗ്രാന്റ് വീതിച്ചു നല്കുന്നതായി കാണുന്നില്ല.

വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റ് മൈനർ ഇറിഗേഷൻ ഗ്രാന്റ് വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ തുടങ്ങിയവകൾ സർക്കാരിൽ നിന്നും കലാകാലം അനുഭവിക്കുന്ന ഗ്രാന്റുകളാണ്. കാലാനുസൃതമായ വർദ്ധനവ് ഈ ഗ്രാന്റിൽ കാണുന്നില്ല. ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡത്തിലും മാറ്റം വരുത്തേണ്ടതാണ്. പഞ്ചായത്തിന്റെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഇപ്പോൾ അനുവദിക്കുന്ന ഗ്രാന്റ് തുക എത്രയോ പരിമിതങ്ങളാണ് എന്നു ബോദ്ധ്യപ്പെടുന്നതാണ്.

പമ്പാനദിയിലെ മണൽ വാരുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നതിലൂടെ ലഭിക്കുന്ന തുക ഈ പഞ്ചായത്തിന്റെ ഒരു മുഖ്യ വരുമാനമായിരുന്നു. 93 മുതൽ പമ്പാനദിയിലെ മണൽ ലേലം സർക്കാർ നേരിട്ട് തഹസീൽദാർ മുഖേന നടത്തുകയാണ്. മൂന്നു വർഷമായി ഈ പഞ്ചായത്തിലെ ഏക കടവായ ഐത്തല പള്ളിക്കടവിൽ നിന്നും മണൽ വാരുന്നത് ബഹു. കോടതി തടഞ്ഞിരിക്കയാണ്. പരിസ്ഥിതി പ്രശ്നം കുടിനീർക്ഷാമം തുടങ്ങിയ കാരണങ്ങളാലാണ് മണൽ ലേലം കോടതി തടഞ്ഞിരിക്കുന്നത്. ചില നിയന്ത്രണങ്ങൾക്കു വിധേയമായി നിശ്ചിത തോതിൽ മണൽ വാരുന്ന പക്ഷം ആയത് പഞ്ചായത്തിനൊരു വരുമാന മാർഗ്ഗമായേനേ. മണൽ ലേലം ചെയ്തു കൊടുക്കാതെ നേരിട്ടു വാരുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയ മറ്റു പഞ്ചായത്തുകളിൽ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് അനുഭവപ്പെടുന്നതായി കാണുന്നു. ഇത് ഇവിടെ പരീക്ഷിക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കേണ്ടിയിരിക്കുന്നു.

നിലവിലുള്ള നികുതികളല്ലാതെ മറ്റു മാർഗ്ഗങ്ങളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ശ്രമിക്കേണ്ടിയിരിക്കുന്നു. പരസ്യനികുതി, കാർഷികാദായ നികുതി, നിലം നികത്തുന്നതിനുള്ള ഫീസ്, തുടങ്ങിയവ ഈടാക്കേണ്ടതാണ്. ഇപ്പോൾ നികുതി ഈടാക്കുന്ന മാനദണ്ഡം മാറ്റിക്കൊണ്ട് ശാസ്ത്രീയസമീപനം സ്വീകരിക്കുന്ന പക്ഷം നികുതി ഇന

ത്തിലുള്ള വരുമാനം ഇരട്ടിയിലധികം വർദ്ധിക്കുന്നതാണ്.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് വിനിയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ എന്ന സങ്കല്പം തന്നെ മാറ്റിയെടുത്തേ പറ്റൂ. കൂട്ടായ യത്നത്തിലൂടെയും ജന പങ്കാളിത്തത്തോടെയും പ്രദേശിക സഹകരണങ്ങളിലൂടെയും വിഭവങ്ങൾ സമാഹരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ നാട്ടിൽ നിന്നും വിദേശത്തു പോയി പണിയെടുത്തു ജീവിക്കുന്നവരിൽ നിന്നും ഒരു ഫണ്ടു സ്വരൂപിക്കുന്നതിനെപ്പറ്റി ആലോചിക്കണം. പ്രവാസികളായ നമ്മുടെ ആൾക്കാർ മനസ്സു വെച്ചാൽ വിവിധ ഏജൻസികളിലൂടെയോ സ്വന്തമായോ നല്ലൊരു തുക സമാഹരിക്കുന്നതിനു സാധിക്കും. ഈ തുക വികസന പ്രവർത്തനങ്ങൾക്കു വിനിയോഗിക്കുന്ന ഒരു കാഴ്ചപ്പാടിനു നാം രൂപം നല്കണം.

നിർമ്മാണ പ്രവർത്തനങ്ങളിൽ ബഹുജന പങ്കാളിത്തം കൂടി വിനിയോഗിക്കുന്ന പതിവ് ഇനിയും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഓരോ നിർമ്മാണ പ്രവർത്തനങ്ങളിലും വേണ്ടി വരുന്ന മനുഷ്യാദ്ധ്വാനം ജനങ്ങളുടെ സഹകരണത്തിലൂടെ സമാഹരിക്കുന്ന പക്ഷം വികസനത്തിനും വിഭവസമാഹരണത്തിനും ഒരു പുതിയ അവബോധം പകരാൻ ഇതുപകരിക്കും.

## *ധനകാര്യ സ്ഥാപനങ്ങൾ*

ഈ ഗ്രാമപഞ്ചായത്തിൽ വാണിജ്യ ബാങ്കുകളുടെ 9 ശാഖകളും 2 സഹകരണ ബാങ്കുകളും പ്രവർത്തിക്കുന്നുണ്ട്. പഴവങ്ങാടിക്കര സർവ്വീസ് സഹകരണ ബാങ്ക്, ചേത്തയ്ക്കൽ സർവ്വീസ് സഹകരണബാങ്ക്, കാർഷിക വികസന ബാങ്ക് എന്നിവ പുരോഗതിയുടെ പാതയിലാണ്. എല്ലാ ബാങ്കുകളുടേയും ലക്ഷ്യം വിദേശ മലയാളികളുടെ നിക്ഷേപമാണ്. നിക്ഷേപരംഗത്ത് വമ്പിച്ച വർദ്ധനവ് ഉണ്ടെങ്കിലും വായ്പ നല്കുന്നതിൽ ബാങ്കുകൾ അയഞ്ഞ സമീപനം സ്വീകരിക്കുന്നില്ല. നമ്മുടെ സമ്പദ്ഘടനയുടെയും വികസനത്തിന്റെയും കേന്ദ്രബിന്ദു ഇന്ന് ധനകാര്യ സ്ഥാപനങ്ങളാണ്. പക്ഷേ നമ്മുടെ നാട്ടിൽ എന്തെങ്കിലും വ്യവസായങ്ങൾ തുടങ്ങുന്നതിനോ ഇതര ആവശ്യങ്ങൾക്കോ വായ്പ നല്കുന്നതിൽ ഉദാരമായ ഒരു സമീപനം ഈ സ്ഥാപനങ്ങൾ ഇനിയും സ്വീകരിച്ചിട്ടില്ല. തന്മൂലം വിദേശ മലയാളികളുടെ നിക്ഷേപം സംസ്ഥാനത്തിനു പുറത്തേക്കൊഴുക്കുന്ന ഒരു ഏജൻസിയായി മാത്രമേ വാണിജ്യബാങ്കുകളെ ഇപ്പോൾ കാണാൻ കഴിയൂ. ഈ രംഗത്ത് പുതിയ കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത് വിഭവശേഷി വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

## *പരിഹാര നിർദ്ദേശങ്ങൾ*

1. ഇന്നു തുടർന്നു വരുന്ന നികുതി ഘടനയിൽ സമൂലമായ മാറ്റം വരുത്തുക. മുഴുവൻ നികുതിയും അതാതു വർഷം തന്നെ ഈടാക്കുന്നതിനു കർശന നടപടികൾ സ്വീകരിക്കുക.
2. കെട്ടിട നിർമ്മാണച്ചട്ടങ്ങൾ (മുനിസിപ്പാലിറ്റികളിൽ ഉള്ളത്) ഈ പഞ്ചായത്തു പ്രദേശത്തും നടപ്പിലാക്കുക.
3. തൊഴിൽ നികുതി ഈടാക്കുന്ന സമ്പ്രദായം ശാസ്ത്രീയമായി പരിഷ്കരിക്കുക. തൊഴിലെടുക്കുന്ന മുഴുവൻ ജനവിഭാഗങ്ങളിൽ നിന്നും നിശ്ചിത തുക നികുതിയായി ഈടാക്കുന്നതിനുള്ള സംവിധാനം കർശനമായും നടപ്പിലാക്കുക.
4 കാർഷികാദായ നികുതി നിർബന്ധമായും പിരിച്ചെടുക്കുക. നല്ല രീതിയിൽ റബ്ബർകൃഷി നടക്കുന്ന ഒരു പ്രദേശമാണ്

ഈ പഞ്ചായത്ത്. ഒരു ഏക്കറിനുമേൽ തോട്ടമുള്ളവരിൽ നിന്നും തീരെ കുറഞ്ഞത് പ്രതിവർഷം 100 രൂപാ ഈടാക്കണം. അതുപോലെ റബ്ബർ കടകളിൽ വില്പനക്കെത്തുന്ന റബ്ബർ ഷീറ്റിന് 10 പൈസായോ 25 പൈസായോ ക്രമത്തിൽ സെസ്സ് ഈടാക്കുന്നതിനും ശ്രമിച്ചാൽ നല്ലൊരു വരുമാന മായേനേ.

5. പഞ്ചായത്തു വക ബസ്സ് സ്റ്റാൻഡിലും മാർക്കറ്റിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കണം. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് ഈ പദ്ധതി നടപ്പിലാക്കണം.

6. ഇട്ടിയപ്പാറ ബസ്സ് സ്റ്റാൻഡിലെ ടോൾ പിരിവ് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തണം.

7. ഫെഡറൽ ബാങ്കിനു സമീപത്ത് പഞ്ചായത്തിനു സ്വന്തമായുള്ള സ്ഥലത്ത് ഷോപ്പിംഗ് സെന്ററുകൾ പണിയണം.

8. ദേശിയ സമ്പാദ്യ പദ്ധതിയിൽ (ഇന്ദിരാ വികാസ് പത്ര തുടങ്ങിയവ) തീരെ കുറഞ്ഞത് ഒരു കോടി രൂപാ നിക്ഷേപിക്കുന്നതിനു പ്രവർത്തിക്കണം. വിദേശ മലയാളികളുടെ സഹായം ഇതിലേക്കു പ്രതീക്ഷിക്കാം. ഒരു കോടി രൂപാ ഇപ്രകാരം നിക്ഷേപിച്ചാൽ 20 ലക്ഷം രൂപാ ഈ പഞ്ചായത്തിനു വികസന പ്രവർത്തനങ്ങൾക്കായി ഗ്രാന്റായി ലഭിക്കുന്നതാണ്.

9. ഇട്ടിയപ്പാറയിലെ പബ്ലിക് മാർക്കറ്റ് ആധുനിക സൗകര്യങ്ങളോടു കൂടി വിപുലീകരിക്കുക. കൂടാതെ മന്ദമരുതി ഇടമൺ ഇട്ടിയപ്പാറ എന്നീ കേന്ദ്രങ്ങളിൽ ഓരോ അന്തിച്ചന്ത തുടങ്ങുക.

10. പഞ്ചായത്തു പ്രദേശത്തു പ്രവർത്തിക്കുന്ന പാറമടകളിൽ നിന്നും നിശ്ചിത നിരക്കിൽ ഫീസ് വാങ്ങുക.

11. വിദേശ മലയാളികളിൽ നിന്നും ഒരു ഫണ്ടു സ്വരൂപിക്കുന്നതിനു ശ്രമിക്കുക. ഒരു വർഷം 10 ലക്ഷം രൂപയെങ്കിലും സമാഹരിക്കുന്ന ഒരു പദ്ധതിക്കു രൂപം നല്കുക.

12. അന്യ സംസ്ഥാനങ്ങളിൽ നിന്നും മറ്റും എത്തുന്ന ശബരിമല തീർത്ഥാടകർക്ക് താമസിക്കുന്നതിനുള്ള ഒരു വിശ്രമത്താവളം ഒരുക്കുന്നതിനെപ്പറ്റി ചിന്തിക്കുക. ഇത് പഞ്ചായത്തിനൊരു വരുമാനവുമാകും.

13. ടൂറിസ്റ്റ് സൗകര്യങ്ങൾ വിപുലീകരിക്കുക. നമ്മുടെ പഞ്ചായത്തിലെ മലയോര പ്രദേശങ്ങളും മാടത്തരുവി, കരികുളം പാറ, പുലിയുറുമ്പും കോട്ട, മീൻമുട്ടു പാറ. പെരുന്തേനരുവി, ശബരിമല, തുടങ്ങിയ സ്ഥലങ്ങൾ കോർത്തിണക്കിക്കൊണ്ട് ഒരു ടൂറിസ്റ്റ് വികസന പദ്ധതിക്ക് രൂപം നല്കുക.

14. പമ്പാനദിയിൽ നിന്നും മണൽ വാരുന്നതിനുള്ള കോടതി നിരോധനം നീക്കുന്നതിനു നടപടി സ്വീകരിക്കുക. മണൽ ലേലം ചെയ്യാതെ പഞ്ചായത്ത് നേരിട്ടു വില്ക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.

15. പഞ്ചായത്തിൽ നിന്നും നടത്തുന്ന റോഡുകളുടെ അറ്റകുറ്റപ്പണികളും മറ്റും ജനപങ്കാളിത്തത്തോടെയും, ശ്രമദാനത്തിലൂടെയും നടത്തുന്നതിനു ശ്രമിക്കുക. റോഡുകളുടെ അറ്റകുറ്റപ്പണികളും നിർമ്മാണ വേലകളും ഫലപ്രദമാക്കുന്നതിനു വേണ്ടി പൊതുജനങ്ങളുടേയും സന്നദ്ധസംഘടനകളുടെയും സഹകരണം ഉറപ്പാക്കുന്നതിനു ശ്രമിക്കുക.




# 6

# ജനകീയ ആസൂത്രണം വിവിധ ഘട്ടങ്ങളിലൂടെ

***1996 സെപ്തംബർ 7***

ജനകീയ ആസൂത്രണ പരിപാടികളെക്കുറിച്ചുള്ള ശ്രീ. ഐ.എസ്. ഗുലാത്തിയുടെ കത്ത് പഞ്ചായത്തു കമ്മിറ്റി ചർച്ചയ്ക്കെടുത്തു പരിപാടികൾ നടപ്പിലാക്കുന്നതിനു തീരുമാനിച്ചു.

***1996 സെപ്തംബർ 24***

വിശേഷാൽ ഗ്രാമസഭകൾ വിളിച്ചു കൂട്ടുന്നതിനു പഞ്ചായത്തു കമ്മിറ്റി തീരുമാനിക്കുന്നു.

***30.9.96, 1.10.96, 2.10.96***

ഒന്നാംഘട്ടം ജില്ലാ തല പരിശീലനം P.J.T. ഹാൾ, അങ്ങാടി

***96 ഒക്ടോബർ 5***

ഒന്നാംഘട്ടം പഞ്ചായത്തു തല പരിശീലന ക്യാമ്പ്

***10.10.96, 11.10.96,12.10.96, 13.10.96***

വിശേഷാൽ ഗ്രാമസഭകൾ 11 വാർഡുകളിലും നടത്തി

***96 ഒക്ടോബർ 17***

വിദഗ്ദ്ധ സമിതി രൂപീകരിച്ചു.

***96 നവംബർ 1, 2***

പുനരർപ്പണ ദിനം ചേത്തയ്ക്കൽ വലിയകുളം ശ്രമദാനത്തിലൂടെ ശുചീകരിച്ചു.

കരികുളം - മുണ്ടിയാന്തറ റോഡ് ശ്രമദാനത്തിലൂടെ നിർമ്മിച്ചു.

***96 നവംബർ 2***

ജനാധികാര കലാജാഥയ്ക്ക് വരവേല്പ് ഇട്ടിയപ്പാറ ടൗണിൽ

***96 നവംബർ 5***

രണ്ടാംഘട്ടം പരിശീലന പരിപാടികൾ ദ്വിതീയ വിവര ശേഖരണങ്ങൾ ആരംഭിച്ചു.

***96 നവംബർ 9, 10***

രണ്ടാം ഘട്ടം ജില്ലാതല പരിശീലനം PJT ഹാൾ, അങ്ങാടി

***96 നവംബർ 12***

ഉദ്യോഗസ്ഥരുടെ യോഗം

***96 നവംബർ 27***

പഠനപര്യടനം രണ്ടു ബാച്ചുകൾ

***96 ഡിസംബർ 3***

വിദഗ്ദ്ധ സമിതിയോഗം

***96 ഡിസംബർ 11 - 20***

വികസനറിപ്പോർട്ടുകൾ തയ്യാറാക്കൽ

***96 ഡിസംബർ 28***

വികസന സെമിനാർ നടത്തുന്നതിനു തീരുമാനിച്ചു

***97 ജനുവരി 1***

സ്വാഗതസംഘം രൂപീകരണം

***97 ജനുവരി 6***

പഞ്ചായത്ത് വികസന സെമിനാർ

❑



# 7

# പഠനപര്യടനം

## പഠനപര്യടനം ഗ്രൂപ്പ്- I




1. ചെറുകുളഞ്ഞി
2. സെന്റ്തോമസ് കോളേജ് ജംഗ്ഷൻ
3. പൂവത്തു കുന്ന്
4. ആനത്തടം
5. വലിയപറമ്പിൽ പടി
6. ചാവുമണ്ണിൽ പടി
7. ചക്കിട്ടാം പൊയ്ക
8. പൂഴിക്കുന്ന ചെല്ലക്കാട് കുരിശുപടി
9. അരിങ്കുട്ടു മല
10. വട്ടാർ കയം
11. പള്ളിപ്പടി
12. പനവേലിക്കുഴി
13. പ്ലാച്ചേരി

## പഠനപര്യടനം ഗ്രൂപ്പ് – II




1. ജണ്ടായിക്കൽ
2. ചാവരുപാറ
3. കട്ടകാരത്തടം
4. മോതിരവയൽ
5. അമ്മച്ചിക്കാട്
6. കരികുളം
7. നീരാട്ടു കാവ്
8. പുഞ്ചിരിമുക്ക്
9. വട്ടകപ്പാറ
10. മാടത്തരുവി
11. ചേത്തയ്ക്കൽ
12. ഇടമൺ
13. കോതാനി
14. പ്ലാച്ചേരി




# 8

# ഉപസംഹാരം

ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ, ഒരു നവോത്ഥാനമാണ് വികസ മേഖലയിൽ ഇന്നാവശ്യം. കേവലം റോഡും, പാലവും, കിണറും ആയാൽ നാട്ടിൽ വികസനമായി എന്നു വിശ്വസിക്കുന്ന മാമൂൽ പ്രവണതയ്ക്ക് ഒരു മാറ്റം വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സാംസ്കാരികമായും നാടു വികസിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഒരു സമഗ്ര വികസനത്തിന് നമുക്കൊരുങ്ങാം.

വികസനം അതിനുള്ള അനുമതി ലഭിച്ചാലും ഡിപ്പാർട്ടുമെന്റിലെ ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കുകയാണ് പതിവ്. ആ രീതി മാറിയേ മതിയാകൂ. വികസന മേഖലയെ ഒന്നാകെ ഗ്രസിച്ചിരിക്കുന്ന അഴിമതി എന്ന ക്രൂര മൃഗത്തെ എന്നന്നേക്കുമായി നശിപ്പിക്കണം. അതിന് ജനപങ്കാളിത്തമാണ് ഏറ്റവും അനുയോജ്യമായ ഒറ്റമൂലി. ജനങ്ങൾ ജാഗ്രതയോടെ സംഘടിച്ചാൽ വികസന രംഗത്ത് മോചനം ലഭിക്കും.

വികസനം എന്ന ഒറ്റവാക്ക് ഉച്ചരിച്ചതുകൊണ്ടായില്ല. ഫലവത്താകണമെങ്കിൽ സാമ്പത്തിക ഭദ്രതയുണ്ടാവണം. സാമ്പത്തിക ശേഖരണത്തിനു വേണ്ടി, സർക്കാരിനെ സമീപിക്കുന്നതു പോലെ സർക്കാരേതര ഏജൻസികളെയും സമീപിക്കാം.

ഏതു പദ്ധതികൾ നടപ്പിലാക്കിയാലും വസ്തു നിഷ്ഠ സമീപനം പ്രായോഗികമാക്കണം. അതായത് വിഭവ ഭൂപടങ്ങൾ, സർവ്വെ റിപ്പോർട്ടുകൾ എന്നിവ എല്ലാ വികസന പ്രക്രിയകൾക്കും വസ്തു നിഷ്ഠമായ അടിത്തറ നൽകുന്നതാകയാൽ, അത്തരം തെളിവിന്റെ അടിസ്ഥാനത്തിലാവണം പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹാരം കണ്ടെത്തേണ്ടത്. അങ്ങനെയെങ്കിൽ തർക്കങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയും. മാത്രമല്ല, വികസന മാദ്ധ്യമങ്ങളെ ഫലപ്രദമായി ഉപയോഗിക്കുമ്പോഴാണ് ആസൂത്രണം അർത്ഥവത്താകുന്നത്.

മുൻഗണനാക്രമത്തിൽ പദ്ധതികൾ നട

പ്പിലാക്കാൻ പഞ്ചായത്തുകൾ ബാദ്ധ്യസ്ഥ മാണ്. ജനകീയതയുടെയും കാര്യക്ഷമതയു ടെയും വെളിച്ചത്തിലാവണം മുൻഗണനാക്രമം നടപ്പിലാക്കേണ്ടത്.

നമ്മുടെ ലഭ്യത കണക്കിലെടുത്ത് (പ്രകൃതി വിഭവങ്ങൾ, ജനവിഭവങ്ങൾ തുട ങ്ങിയവ) നമ്മുടെ ചരിത്രപരമായ സാഹചര്യ ബന്ധങ്ങളെ വിശകലനം ചെയ്ത് പ്രായോ ഗിക ബുദ്ധിയോടെ വേണം പദ്ധതികൾ രൂപ പ്പെടുത്താൻ. ഗ്രൂപ്പു ചർച്ചകൾ നടത്തി ഉരു ത്തിരിയുന്ന നിർദ്ദേശങ്ങളെ സ്കീമുകളായും, പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ദ്ധ സമിതിക്കു കഴിയണം. സർക്കാരേ തര ഏജൻസികളിൽ നിന്ന് പരമാവധി ഫണ്ടു സമാഹരിക്കാൻ ശ്രമിക്കണം. വിദേശ ഏജൻസികളുടെയും, സർക്കാരേതര ഏജൻസികളുടെയും നിബന്ധനങ്ങൾ പഠിച്ച് നിശ്ചിത മാന ദണ്ഡങ്ങളോടു കൂടിയ പ്രൊജ ക്ടുകൾ സമർപ്പിക്കാൻ വിദഗ്ദ്ധ സമിതി ജാഗ്ര തയോടെ പ്രവർത്തിക്കണം.

ജനകീയാസൂത്രണം കേവലം ഒരു പ്രക്രി യയല്ല, പ്രത്യുത ജനങ്ങൾക്ക് ഏറ്റവും ഉപകാ രപ്രദമായ ഒരു സാമൂഹ്യ സത്യമാണ്. അത് വരും തലമുറ അംഗീകരിക്കണം. ആസൂ ത്രണം അടിത്തട്ടിൽ നിന്നു മുകളിലോട്ട് എന്നതു തന്നെ ഒരു വലിയ നേട്ടമാണ്. അങ്ങ നെയെങ്കിൽ ജനകീയാസൂത്രണം ഒരു സാമൂഹ്യ സത്യമായിത്തീരും.

കക്ഷിരാഷ്ട്രീയം മറന്ന്, വർഗ്ഗവിവേ ചനം വെടിഞ്ഞ് ഒറ്റക്കെട്ടായി നാം മുന്നേറി യാൽ വികസനം നമ്മെത്തേടിയെത്തും എന്ന തിന് രണ്ടു പക്ഷമില്ല. മഹത്തായ ഈ സംരംഭം സാക്ഷാത്ക്കരിക്കാൻ അനതിവി ദൂര ഭാവിയിൽ തന്നെ നമുക്ക് കഴിയും എന്ന പ്രതീക്ഷയോടെ ഈ സമഗ്ര വികസനരേഖ നാളയുടെ ചരിത്ര യാഥാർത്ഥ്യത്തിനായി കാതോർക്കുന്നു.

സ്നേഹാദരങ്ങളോടെ,

Sheryan

**ശോശാമ്മ ചെറിയാൻ**
(പ്രസിഡണ്ട്)

# PATHANAMTHITTA DISTRICT




ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്